2025 MARCH 16

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4[illegible]7; 917 662 1122




# ഇഫ്താർ വിരുന്നിലെ സൗഹൃദം

## ഗ്രീൻ കാർഡ് റദ്ദാക്കാമോ?






MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 36-38 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com



# ന്യൂജേഴ്സിയിലെ ഇഫ്താർ വിരുന്നിൽ വിളമ്പിയത് സ്നേഹവും മതസൗഹാർദ്ദവും

**മീട്ടു റഹ്മത്ത് കലാം**

ന്യൂജേഴ്സി: വിഷുസദ്യയുടെ വൈവിധ്യവും, ക്രിസ്മസ് കേക്കിൻറെ മധുരവും, മലബാർ ബിരിയാണിയുടെ മനംമയക്കുന്ന രുചിയും ഒരുപോലെ ആസ്വദിച്ച് വളർന്നത് മലയാളികളിൽ മതേതരത്വം ഊട്ടിയുറപ്പിക്കുന്നതിൽ വഹിച്ചിട്ടുള്ള പങ്ക് ചെറുതല്ല! ബന്ധങ്ങൾ ദൃഢപ്പെടുത്താൻ ഭക്ഷണസൽക്കാരവും ഒത്തുചേരലുംകൊണ്ട് സാധിക്കുമെന്നും നമുക്കറിയാം. ഇഫ്താർ പാർട്ടികൾ പ്രസക്തമാകുന്നതും ഇക്കാരണങ്ങൾകൊണ്ടാണ്. നാടും വീടുംവിട്ട് പ്രവാസികളായി കഴിയുമ്പോൾ, ഉറ്റവരുടെ സ്ഥാനത്താണ് ചുറ്റുമുള്ള ഓരോരുത്തരും; അവിടെ ജാതിക്കോ മതത്തിനോ രാഷ്ട്രീയത്തിനോ ഒന്നും സ്ഥാനമില്ല!

കഴിഞ്ഞ വർഷങ്ങളിൽ റംസാൻ വ്രതാനുഷ്ഠാനത്തോട് അനുബന്ധമായ നോമ്പുതുറയിൽ മറ്റു മതസ്ഥരെക്കൂടി ഉൾച്ചേർത്ത് അമേരിക്കയിലെ മുസ്ലീങ്ങൾ ‘ഇന്റർഫെയ്ത്ത് ഇഫ്താർ‘ സംഘടിപ്പിച്ചിരുന്നു. കഴിഞ്ഞവർഷത്തെ ഇഫ്താർ പാർട്ടിയിൽ പങ്കെടുത്തപ്പോഴാണ് അവർ നൽകിയ സ്നേഹത്തിന് പ്രത്യുപകാരം എന്നോണം മറ്റൊരു സ്നേഹവിരുന്ന് നല്കുന്നതിനെക്കുറിച്ച് അനിൽ പുത്തൻചിറ ആലോചിച്ചത്. എന്നാൽ, 2025-ലെ നോമ്പുകാലത്ത് മുസ്ലിം സുഹൃത്തുക്കൾക്ക് ഇഫ്താർ പാർട്ടി നൽകുമെന്ന് പരസ്യമായി പ്രഖ്യാപിക്കുമ്പോൾ, നൂറിലധികം പേരുടെ ഒത്തുചേരലിൻറെ ആഹ്വാനമാണ് നടത്തിയതെന്ന് ഓർത്തിരുന്നില്ലെന്ന് അദ്ദേഹം പറയുന്നു.

റീന & അനിൽ ദമ്പതികളുടെ







ന്യൂജേഴ്സിയിലുള്ള വസതിയിലാണ് മാർച്ച് 9 ന് ഇഫ്താർ പാർട്ടി സംഘടിപ്പിച്ചത്. ഇഫ്താർ നൽകുന്നതിനെക്കുറിച്ചുള്ള ആലോചന പങ്കുവച്ചപ്പോൾ തന്നെ ഹിന്ദുക്കളും ക്രിസ്ത്യാനികളുമായ നിരവധി സുഹൃത്തുക്കൾ തങ്ങളും ഇതിൻറെ ഭാഗമാകാൻ ആഗ്രഹിക്കുന്നു എന്ന് നിറഞ്ഞമനസ്സോടെ പറഞ്ഞതിൻറെ ഫലമായാണ് അത്താഴവിരുന്ന് ഇമ്മിണി വലുതായിപ്പോയത്. വിശ്വാസങ്ങളെ ഹനിക്കുന്ന യാതൊന്നും ഉണ്ടാകരുതെന്ന് മാത്രമായിരുന്നു ഈ ഒത്തുചേരലിന് സാരഥ്യം വഹിക്കുമ്പോൾ പുത്തൻചിറ മുന്നോട്ടു വച്ച നിർദ്ദേശം; പാകം ചെയ്യാനാവശ്യമായ മാംസം ഹലാൽ സ്റ്റോറുകളിൽ നിന്നേ വാങ്ങാവൂ എന്ന് ആദ്യമേ അറിയിച്ചു! അവരവരുടെ അടുക്കളകളിൽ, സ്നേഹം പ്രധാന ചേരുവയായി ചേർത്ത വിഭവങ്ങളുമായെത്തി ഓരോരുത്തരും തീൻമേശ നിറച്ചു; മട്ടണും ചിക്കനും മീനും ചെമ്മീനുമൊക്കെയായി പ്രതീക്ഷയെ കടത്തിവെട്ടുന്ന സൽക്കാരമാണ് ന്യൂജേഴ്സിയിൽ നടന്നത്.

പണം കടം കൊടുത്താൽ അത് ശത്രുതയ്ക്ക് വഴിയൊരുക്കുമെന്ന് പറയുന്നതുപോലെ പണം ദാനം ചെയ്യുന്നത് സാഹോദര്യത്തിന് വഴിവയ്ക്കുമെന്ന് അനിൽ പുത്തൻചിറ ഓർമ്മിപ്പിച്ചു. ഇസ്‌ലാമിലെ 'സക്കാത്ത്' എന്ന ദാനകർമ്മം അതുകൊണ്ടാണ് മഹത്തരമാകുന്നതെന്നും അദ്ദേഹം പറഞ്ഞു. 'സക്കാത്ത് പണമുള്ളവൻ പാവപ്പെട്ടവനുനൽകുന്ന ഔദാര്യമല്ല; മറിച്ച് സമ്പന്നൻറെ സ്വത്തിൽ ദരിദ്രനുള്ള അവകാശമാണ്' എന്നത് തന്നെ ഏറെ സ്പർശിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു!







ഉള്ളവനും ഇല്ലാത്തവൻറെ ദാഹവും വിശപ്പുമറിയണം എന്ന ഉദ്ദേശത്തോടെയാണ് ഇസ്ലാം വ്രതാനുഷ്ഠാനം നിർബന്ധമാക്കിയിരിക്കുന്നത്. പകൽ ഉപവാസവും രാത്രി ഉപാസനയുമായി മുപ്പത് ദിനരാത്രങ്ങൾ പ്രാർത്ഥനയ്ക്കായി ഏറെ മണിക്കൂറുകൾ ചിലവഴിക്കുന്നതിനിടയിൽ വീട്ടിലുള്ളവർക്ക് നോമ്പു തുറക്കാൻ വിഭവങ്ങൾ തയ്യാറാക്കുന്നത് സസന്തോഷം ഏറ്റെടുക്കുന്ന മുസ്‌ലിം സഹോദരിമാർക്ക് ഒരു ദിവസത്തേക്ക് പാചകത്തിൽ നിന്ന് അല്പം വിശ്രമം നൽകാമെന്ന ഉദ്ദേശം കൂടിയുണ്ട്. ഇഷാഖ് ഷബീറിൻറെ ഖുർആൻ പാരായണത്തിന് ശേഷമാണ് ഇഫ്താർ വിരുന്നിന് ആരംഭം കുറിച്ചത്. ഈന്തപ്പഴവും




നാരങ്ങാവെള്ളവും വിതരണം ചെയ്തുകൊണ്ട് പതിവുരീതിയിൽ ഏവരും നോമ്പുതുറന്നു.

ക്രിസ്ത്യാനികളും ഹിന്ദുക്കളും മുസ്ലിം സഹോദരി സഹോദരന്മാർക്ക് കൊടുക്കുന്ന ഒരു ഇഫ്താർ ഡിന്നർ എന്നു പറയുമ്പോൾ ഒത്തുചേരുന്നവരിൽ ഫോമാ, ഫൊക്കാന, ഞങഇ, ഞങഎ, കാഞ്ച്, മഞ്ച്, ഇന്ത്യ പ്രസ് ക്ലബ്, നന്മ, MMNJ, MMPA, എന്നിങ്ങനെ പല സംഘടനകളിലെയും അംഗങ്ങൾ ഉണ്ട്. സ്നേഹം, സാഹോദര്യം എന്നീ വികാരങ്ങളാണ് ഇവരെ ഒരുകുടക്കീഴിൽ നിർ



ത്തിയത്.

സമയബന്ധിതമായി പരിപാടികൾ മുന്നോട്ടു പോകുന്നുവെന്ന് ഉറപ്പാക്കി, പരിപാടികൾക്ക് ചുക്കാൻ പിടിച്ച ശ്രീ സ്വപ്ന രാജേഷ് ഓരോരുത്തരെയായി വേദിയിലേക്ക് ക്ഷണിച്ചു. ഇഫ്താറിൽ പങ്കെടുത്ത മുസ്ലിം സ്ത്രീകൾ ചേർന്ന് അനിലിനും റീനയ്ക്കും തങ്ങൾ കരുതിവച്ച സ്നേഹോപഹാരം കൈമാറി.

അമേരിക്കയിലെ മറ്റു ഇടങ്ങളിലുള്ളവർക്കും പുത്തൻചിറ കുടുംബം തുടങ്ങിവച്ച ഈ ഇഫ്താർ പാർട്ടി മാതൃകയാകുമെന്ന് 'നന്മ' യുടെ സഹസ്ഥാപകനും റിസേർച്ച് സയന്റിസ്റ്റുമായ സമദ് പൊന്നേരി അഭിപ്രായപ്പെട്ടു. മത രാഷ്ട്രീയ വ്യത്യാസങ്ങൾക്ക് അതീതമായി മലയാളികൾ എങ്ങനെ വിജയിക്കുന്നു എന്ന



തിൻറെ ഉത്തമ ഉദാഹരണമായി, അമേരിക്കയിലെ മലയാളികൾക്കെല്ലാം മാതൃകയായി, ന്യൂജേഴ്സിയിലെ ഒരു കുടുംബം മുൻകൈയെടുത്ത് തുടങ്ങിവച്ച മതസൗഹാർദ്ദ ഇഫ്താർ വിരുന്ന്, പരസ്പര സ്നേഹവും കരുതലും നന്മയും കാത്തുസൂക്ഷിക്കേണ്ട സന്ദേശമാണ് ലോകത്തിന് പകർന്നു നൽകുന്നത് എന്ന് സമദ് പൊന്നേരി അഭിപ്രായപ്പെട്ടു.

രാഷ്ട്രീയനേട്ടങ്ങൾക്കുവേണ്ടി മതത്തിൻറെ പേരിൽ സമൂഹമാധ്യമങ്ങളിൽ ചെളിവാരി എറിയുന്നവരുടെ കണ്ണുതുറപ്പിക്കാൻ ഇത്തരം ഒത്തുചേരലുകൾ കൊണ്ട് സാധിക്കുമെന്ന് കെഎംസിസി (USA) {പസിഡന്റ് യു.എ. നസീർ പറഞ്ഞു. കഴിഞ്ഞ അൻപത് വർഷങ്ങളിലേറെയായി കേരളത്തിലെ മുഖ്യമന്ത്രിമാരുമായും പ്രതിപക്ഷനേതാക്കളുമായും മതനേതാക്കളുമായും പങ്കെടുത്തിട്ടുള്ള ഇഫ്താറുകളിൽ നിന്ന് വ്യത്യസ്തവും ഹൃദയത്തോട് ചേർന്നുനിൽക്കുന്നതും അവിസ്മരണീയവുമാണ് ന്യൂജേഴ്സിയിലേതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു! നോമ്പ് അനുഷ്ഠിക്കുന്നതുപോലെ തന്നെ അത് തുറപ്പിക്കുന്നതും പുണ്യമാണെന്നും, ആ പുണ്യം ഇഫ്താർ ഒരുക്കിയ സഹോദരങ്ങൾക്ക് ഉണ്ടാകട്ടെയെന്നും അദ്ദേഹം ആശംസിച്ചു.

അമേരിക്കൻ മലയാളികൾക്കിടയിലെ സൗഹൃദം ശക്തിപ്പെടുത്താൻ ഇത്തരം ഒത്തുചേരലുകളിലൂടെ സാധിക്കട്ടെ എന്ന് ഇരഞ്ഞിക്കൽ ഹനീഫ് ആശംസാ പ്രസംഗത്തിൽ ഊന്നി പറഞ്ഞു! ഭക്ഷണം പങ്കിടുന്നതിനോളം വലിയ സ്നേഹപ്രകടനമില്ലെന്നും ഇഫ്താർ നൽകുന്ന സന്ദേശം ആ സ്നേഹത്തിന്റേതാണെന്നും ഡബ്ലിയുഎംഎഫ് ഗ്ലോബൽ കോ-ഓർഡിനേറ്റർ ഡോ. ആനി ലിബു പ്രസ്താവിച്ചു. പരസ്പരസ്നേഹത്തിലും കാരുണ്യത്തിലും ഉദാരതയിലും ഊന്നിക്കൊണ്ടാണ് അവർ സംസാരിച്ചത്.














2035 ആകുമ്പോൾ കേരളത്തിൽ അർബുദ രോഗികളെക്കാളും പ്രമേഹരോഗികളെക്കാളും കൂടുതൽ വിഷാദരോഗികൾ ഉണ്ടാകുമെന്ന് ഒരു മനോരോഗ വിദഗ്ധൻ പറഞ്ഞത് ചിന്തനീയമാണെന്ന് ഫോമായുടെ മുൻ പ്രസിഡന്റ് അനിയൻ ജോർജ്ജ് ചൂണ്ടിക്കാട്ടി. ലഹരിയുടെ പണത്തിനുപിറകേ പായുന്ന തലമുറയ്ക്ക് നിർദ്ദേശിക്കാവുന്ന ഒറ്റമൂലിയാണ് മതസൗഹാർദ്ദമെന്ന് അദ്ദേഹം അടിവരയിട്ടു. എല്ലാമതങ്ങളും പഠിപ്പിക്കുന്നത് സമാധാനത്തെക്കുറിച്ചാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

അമേരിക്കയിൽ വന്ന ആദ്യകാലങ്ങളിൽ മുസ്‌ലിം സുഹൃത്തുക്കൾ അവരുടെ വീടുകളിൽ നൽകിയ ഇഫ്‌താറിനെക്കുറിച്ച്, അമേരിക്കൻ മലയാളികൾക്കിടയിൽ ആമുഖം ആവശ്യമില്ലാത്ത ഫൊക്കാന മുൻ പ്രസിഡന്റ് പോൾ കറുകപ്പള്ളിൽ സംസാരിച്ചു! ന്യൂയോർക്ക് സ്റ്റേറ്റിൻറെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, നോർത്ത് അമേരിക്കൻ മലയാളി ഓഫ് ദി ഇയർ അവാർഡ് ഉൾപ്പടെ നിരവധി പുരസ്‌കാരങ്ങൾ തേടിയെത്തിയിട്ടുള്ള വ്യവസായ പ്രമുഖൻ ദിലീപ് വർഗീസിൻറെയും അദ്ദേഹത്തിൻറെ പത്നി കുഞ്ഞുമോളുടെയും അഭിപ്രായത്തിൽ, 'എണ്ണം പറയാൻ പറ്റാത്തയത്ര ക്രിസ്മസ്, ഓണം, തിരുവാതിര തുടങ്ങിയ ആഘോഷങ്ങളിൽ പങ്കെടുത്തിട്ടുണ്ട്; എന്നാൽ 45 വർഷത്തെ അമേരിക്കൻ ജീവിതത്തിൽ ആദ്യമായാണ്, കേരളത്തിൽ ജനിച്ചു വളർന്ന്, അമേരിക്കയിൽ സ്ഥിര താമസമാക്കിയ ഒരു ക്രിസ്ത്യൻ ഫാമിലി ഇഫ്‌താർ നടത്തുന്നത് കേൾക്കുന്നതും കാണുന്നതും'.

ഈശ്വരൻ ഹിന്ദുവല്ല, ക്രിസ്ത്യാനിയല്ല എന്നുതുടങ്ങുന്ന ഗാനമാണ് തനിക്ക് ഓർമ്മവരുന്നതെന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി പറഞ്ഞു! ഭക്തിസാന്ദ്രമായ റമദാനിൽ ഏവർക്കും അദ്ദേഹം നന്മ ആശംസിച്ചു.

ആത്മീയ നവീകരണത്തിന്റെയും അച്ചടക്കത്തിന്റെയും അനുകമ്പയുടെയും സമയമാണ് റമദാനെന്ന് ഇ-മലയാളി മാനേജിങ് ഡയറക്ടർ സുനിൽ ട്രൈസ്റ്റാർ അഭിപ്രായപ്പെട്ടു. ഒരുമിച്ച് നോമ്പുതുറക്കുമ്പോൾ തെറ്റിദ്ധാരണയുടെ തടസ്സങ്ങൾ കടക്കാമെന്നും അദ്ദേഹം പറഞ്ഞു. ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ് താൻ മുസ്‌ലിം ഭൂരിപക്ഷമുള്ള ഗ്രാമത്തിലാണ് ജനിച്ചുവളർന്നതെന്നും പത്തിരിയും പൊറോട്ടയും മൂവാണ്ടൻ മാങ്ങയും പപ്പായയും കൊണ്ട് അവർ നൽകിയിരുന്ന സ്നേഹവിരുന്നിൻറെ ഓർമ്മകളും പങ്കുവച്ചു.

അമേരിക്കയിൽ വർഗീയ ചേരിതിരിവിന് ഇടമില്ലെന്ന് ഇങ്ങനെയുള്ള ഇഫ്‌താർ വിരുന്നുകൾ തെളിയിക്കുന്നതായി പങ്കെടുത്തവർ പറഞ്ഞു. മഗ്‌രിബ് (സന്ധ്യാസമയത്തെ പ്രാർത്ഥന) ബാങ്കുവിളിക്കായി ഏവരും ഒരുമനസ്സോടെ കാതോർക്കുകയും കണ്ണടച്ച് തങ്ങളുടെ നാഥനിലേക്ക് മനസ്സർപ്പിക്കുകയും ചെയ്ത നിമിഷം, ഭക്തി എന്ന വികാരത്തിന് മതഭേദമില്ലെന്ന സന്ദേശമാണ് നൽകിയത്!

മാനവികതയുടെ കാര്യത്തിൽ, ക്രിസ്ത്യാനികളോ, ഹിന്ദുക്കളോ, മുസ്ലീങ്ങളോ, മറ്റേതെങ്കിലും മതസ്ഥരോ എന്ന വ്യത്യാസമില്ലാതെ, ഏവരും സഹോദരീസഹോദരന്മാരാണ് എന്നും മാനുഷിക മൂല്യങ്ങൾക്കാണ് പ്രാധാന്യമെന്നും ഈ വിരുന്ന് അടിവരയിടുന്നു.



# പ്രക്ഷോഭത്തിൽ പങ്കെടുത്ത ഇന്ത്യൻ വിദ്യാർഥിനിയുടെ വിസ റദ്ദാക്കി; സ്വയം രാജ്യം വിട്ടു



വാഷിംഗ്ടൺ: ഇസ്രയേലിനെതിരെ നടത്തിയ പ്രക്ഷോഭത്തിൽ പങ്കെടുത്ത കൊളംബിയ സർവകലാശാലയിലെ ഇന്ത്യൻ വിദ്യാർത്ഥിനിയുടെ വിസ യു എസ് ഇമിഗ്രേഷൻ അധികൃതർ റദ്ദാക്കി.

അർബൻ പ്ലാനിംഗ് ഡോക്ടറൽ വിദ്യാർത്ഥിനിയായ രഞ്ജനി ശ്രീനിവാസന്റെ വിസയാണ് മാർച്ച് 5 നു റദ്ദാക്കിയത്. ഇതേതുടർന്ന് അവർ 11 നു സ്വമേധയാ രാജ്യം വിട്ടു. കാനഡയിലേക്കാണ് പോയതെന്നാണ് റിപ്പോർട്ട്

അവർ സിബിപി ഹോം ആപ്പ് ഉപയോഗിച്ച് സ്വയം നാടുവിട്ടതായി യുഎസ് ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാൻഡ് സെക്യൂരിറ്റി (ഡിഎച്ച്എസ്) അറിയിച്ചു. 'ഇന്ത്യൻ പൗരത്വമുള്ള ശ്രീനിവാസൻ കൊളംബിയ സർവകലാശാലയിൽ അർബൻ പ്ലാനിംഗിൽ ഡോക്ടറൽ വിദ്യാർത്ഥിയായി എഫ് -1 സ്റ്റുഡന്റ് വിസയിൽ എത്തിയതാണ്. ഭീകര സംഘടനയായ ഹമാസിനെ പിന്തുണയ്ക്കുന്ന പ്രവർത്തനങ്ങളിൽ അവർ ഉൾപ്പെട്ടിരുന്നു,' ഡിഎച്ച്എസ് പറഞ്ഞു.

ഡിഎച്ച്എസ് സെക്രട്ടറി ക്രിസ്റ്റി നോയേം എക്സിൽ കുറിച്ചു, 'അമേരിക്കയിൽ താമസിക്കാനും പഠിക്കാനും വിസ ലഭിക്കുന്നത് ഒരു അംഗീകാരമാണ്. അക്രമത്തിനും ഭീകരതയ്ക്കും വേണ്ടി വാദിക്കുമ്പോൾ ആ പദവി റദ്ദാക്കും , നിങ്ങൾ ഈ രാജ്യത്ത് ഉണ്ടാകരുത്.

കൊളംബിയ സർവകലാശാലയിലെ തീവ്രവാദ അനുഭാവികളിൽ ഒരാൾ സ്വയം നാടുകടത്താൻ CBP ഹോം ആപ്പ് ഉപയോഗിച്ചതിൽ എനിക്ക് സന്തോഷമുണ്ട്.'

വിദ്യാർത്ഥിനി LaGuardia എയർപോർട്ടിൽ പ്രവേശിക്കുന്ന വീഡിയോയും അവർ പങ്കു വച്ചു

പ്രതിഷേധത്തിനിടെ ശ്രീനിവാസൻ അറസ്റ്റിലായിരുന്നോ അതോ ഹമാസിനോട് അനുഭാവം പ്രകടിപ്പിക്കുക മാത്രമായിരുന്നോ എന്ന് വ്യക്തമല്ല. പ്രതിഷേധക്കാരിൽ പലരും ഗാസയിൽ ഇസ്രായേൽ നടത്തിയ ആക്രമണത്തിനെതിരെ മാത്രമാണ് പ്രതികരിച്ചത്.

സ്വമേധയാ പോകുന്നത് മൂലം നാടുകടത്തപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കുന്നു.

ശ്രീനിവാസൻ കൊളംബിയയിലെ ഗ്രാജുവേറ്റ് സ്കൂൾ ഓഫ് ആർക്കിടെക്ചർ, പ്ലാനിംഗ് ആൻഡ് പ്രിസർവേഷനിൽ ഗവേഷണം നടത്തുകയായിരുന്നു.

അഹമ്മദാബാദിലെ സിഇപിടി യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം നേടിയ അവർ ഹാർവാർഡിൽ നിന്ന് ബിരുദാനന്തര ബിരുദം നേടി. അവിടെ ഫുൾബ്രൈറ്റ് നെഹ്റു, ഇൻലാക്സ് സ്കോളർഷിപ്പുകളുണ്ടായിരുന്നു.

കോളജ് വെബ്സൈറ്റിൽ, 'ഷി' എന്നതിന് പകരം ലിംഗ-നിഷ്പക്ഷമായ 'അവർ' എന്ന സർവ്വനാമമാണ് ഉപയോഗിച്ചിരിക്കുന്നത്.

ഹാർവാർഡിലെ പഠനത്തിന് ലക്ഷ്മി മിത്തൽ സൗത്ത് ഏഷ്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സഹായം ലഭിച്ചു. 'സ്വർണം-സയനൈഡ്: കുടുംബം, ജാതി, കോളാർ ഗോൾഡ് ഫീൽഡിലെ പോസ്റ്റ്-എക്സ്ട്രാക്റ്റീവ് ലാൻഡ്സ്കേപ്പ്,' എന്നതായിരുന്നു ഗവേഷണ വിഷയം (Gold & Cyanide: Family, Caste, and the Post-extractive Landscape at Kolar Gold Fields")

''കാലാവസ്ഥാ വ്യതിയാനം മൂലം അപകടസാധ്യതയുള്ള അതിർത്തി സമൂഹങ്ങൾ'' എന്ന വിഷയത്തിൽ വാഷിംഗ്ടണിലെ ഒരു പരിസ്ഥിതി സ്ഥാപനത്തിലും പ്രവർത്തിച്ചു. മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ വെസ്റ്റ് ഫിലാഡൽഫിയ ലാൻഡ്സ്കേപ്പ് പ്രോജക്റ്റിന്റെ (WPLP) ഗവേഷകയായും അവർ പ്രവർത്തിച്ചിരുന്നു.


MALABAR
GOLD & DIAMONDS
Celebrate with Savings!
Pay 10%
Advance & Get
Gold Rate Protection
Advance valid until
30th April, 2025
Get a FREE
Diamond Gift Voucher
worth USD 50
On first booking until
13th April, 2025
*T&C Apply

# ഗ്രീൻ കാർഡും വിസയും അവകാശമല്ല, റദ്ദാക്കാൻ സർക്കാരിന് അധികാരം: വാൻസ്, റൂബിയോ



ഗ്രീൻ കാർഡും സ്റുഡന്റ് വിസയും ഉൾപ്പടെ വിസയും ഒരു വിദേശ പൗരനും അമേരിക്കയിൽ പൂർണമായ അഭിപ്രായ സ്വാതന്ത്ര്യം ഉറപ്പുനൽകുന്നില്ല; ഇത് ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ നാടുകടത്തലിന് വിധേയമാണ്, വൈസ് പ്രസിഡന്റ് ജെ ഡി വാൻസും സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയും വ്യക്തമാക്കി.

ഒരു ഗ്രീൻ കാർഡ് ഉടമയ്ക്ക് അമേരിക്കയിൽ അനിയന്ത്രിതമായ അവകാശമില്ല. ദേശീയ സുരക്ഷയാണ് പ്രശ്നം, അല്ലാതെ അഭിപ്രായ സ്വാതന്ത്ര്യമല്ല. അത് പോലെ അമേരിക്കൻ പൗരന്മാർ എന്ന നിലയിൽ, നമ്മുടെ ദേശീയ സമൂഹത്തിൽ ആരൊക്കെ പുതുതായി വരണമെന്ന് നമ്മൾ ആണ് തീരുമാനിക്കുന്നത്,' വൻസ് ഫോക്സ് ന്യൂസിന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു.

നിയമപരമായ സ്ഥിര താമസം അനുവദിച്ചെങ്കിലും ഇതുവരെ യുഎസ് പൗരന്മാരായി മാറിയിട്ടില്ലാത്ത കുടിയേറ്റക്കാരാണ് ഗ്രീൻ കാർഡ് ഉടമകൾ. 2024 ജനുവരി 1 ന് 12.8 ദശലക്ഷം എൽപിആർ-കൾ യുണൈറ്റഡ് സ്റ്റേറ്റ്സിൽ താമസിച്ചിരുന്നതായി ഹോംലാൻഡ് സെക്യൂരിറ്റി സ്റ്റാറ്റിസ്റ്റിക്സ് കണക്കാക്കുന്നു. ഇത് 2023 ലെക്കാൾ 70,000 കൂടുതൽ. ഇതിൽ 8,890,000 പേർ പൗരന്മാരാകാൻ യോഗ്യരാണ്.

മെക്സിക്കോയിൽ ജനിച്ചവർക്കാണ് ഏറ്റവും കൂടുതൽ ഗ്രീൻ കാർഡുകൾ, 2.9 ദശലക്ഷം. ചൈന (820,000), ഇന്ത്യ (630,000), ഡൊമിനിക്കൻ റിപ്പബ്ലിക് (580,000), ക്യൂബ (500,000), ഫിലിപ്പീൻസ് (490,000) എന്നിവങ്ങനെ. ഇന്ത്യക്കാരിൽ, 280,000 പേർക്ക് പൗരത്വത്തിന് അർഹതയുണ്ട്.

ഗ്രീൻ കാർഡും സംസാര സ്വാതന്ത്ര്യവും രണ്ട് വ്യത്യസ്ത കാര്യങ്ങളാണെന്ന് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ പറഞ്ഞതിന് ദിവസങ്ങൾക്ക് ശേഷമാണ് വാൻസിന്റെ പരാമർശം. കൊളംബിയ സർവകലാശാലയിലെ ഗാസ പ്രതിഷേധങ്ങളുടെ നേതാവായ ഗ്രീൻ കാർഡ് ഉടമ മഹ്മൂദ് ഖലീലിന്റെ അറസ്റ്റിനെക്കുറിച്ചുള്ള ചോദ്യത്തിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം. അയാൾ ഇപ്പോൾ നാടുകടത്തലിനെ അഭിമുഖീകരിക്കുന്നു.

'ഇത് അഭിപ്രായ സ്വാതന്ത്ര്യത്തെക്കുറിച്ചല്ല. ആദ്യം തന്നെ അമേരിക്കയിൽ ജീവിക്കാൻ അവകാശമില്ലാത്ത ആളുകളെക്കുറിച്ചാണ് ഇത്. വിദ്യാർത്ഥി വിസ ആരുടേയും അവകാശമല്ല. അതുപോലെ ഗ്രീൻ കാർഡിനും ആർക്കും പ്രത്യേക അവകാശമില്ല,' അദ്ദേഹം പറഞ്ഞു.

'അതിനാൽ സ്റുഡന്റ് വിസയ്ക്കോ മറ്റ് ഏതെങ്കിലും വിസയ്ക്കോ അപേക്ഷിക്കുമ്പോൾ, ഏത് കാരണത്താലും അത് നിഷേധിക്കാൻ ഞങ്ങൾക്ക് അവകാശമുണ്ട്. ചിലർ ഹമാസിന്റെ പിന്തുണക്കാരായി വന്ന് നമ്മുടെ സർവകലാശാലകളിൽ വന്ന് അവയെ അലങ്കോലമാക്കുകയും നശീകരണ പ്രവർത്തനങ്ങൾ പോലുള്ള വ്യക്തമായ കുറ്റകൃത്യങ്ങളിൽ പങ്കാളിയാകുകയും സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിൽ പങ്കാളിയാകുകയും ചെയ്യുന്നു.

'ഈ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ക്ലാസ്സിൽ പോകാൻ കഴിയില്ല. വലിയ ഫീസുള്ള സ്കൂളുകൾ നൽകിയിട്ടും ക്ലാസ്സിൽ പോകാൻ പോലും കഴിയില്ല. ഈ ഭ്രാന്തന്മാർ മുഖംമൂടി ധരിച്ച് അലറി നടക്കുമ്പോൾ പലർക്കും ക്ലാസ്സിൽ പോകാൻ ഭയമാണ്,' റൂബിയോ പറഞ്ഞു.

'അമേരിക്കയിൽ വന്ന് അതാണ് ചെയ്യാൻ ഉദ്ദേശമെന്ന് പറഞ്ഞിരുന്നെങ്കിൽ വിസ തരില്ലായിരുന്നു. നിങ്ങൾ വന്ന ശേഷം ഇത്തരം പ്രവർത്തനങ്ങൾ ചെയ്താൽ, വിസ റദ്ദാക്കി നിങ്ങളെ പുറത്താക്കും.'

'വിസ അപേക്ഷിക്കുമ്പോൾ തന്നെ ഇത്തരം കാര്യങ്ങൾ പറഞ്ഞാൽ വിസ നിഷേധിക്കാൻ കഴിയും. കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന, കൗമാരക്കാരായ പെൺകുട്ടികളെ ബലാത്സംഗം ചെയ്യുന്ന, ബന്ദികളാക്കുന്ന, തടവിൽ മരിക്കാൻ അനുവദിക്കുന്ന, ജീവനുള്ള ബന്ദികളാക്കുന്നതിനേക്കാൾ കൂടുതൽ മൃതദേഹങ്ങൾ തിരികെ നൽകുന്ന ഒരു കൊലപാതക ക്രൂരമായ ഗ്രൂപ്പായ ഹമാസിന്റെ പിന്തുണക്കാരെ അംഗീകരിക്കാനാവില്ല. അഭിപ്രായ സ്വാതന്ത്ര്യം അല്ല ഇവിടെ പ്രശ്നം.

'ഇത് സംസാര സ്വാതന്ത്ര്യത്തെക്കുറിച്ചല്ല. തുടക്കത്തിൽ തന്നെ യുണൈറ്റഡ് സ്റ്റേറ്റ്സിൽ ജീവിക്കാൻ അവകാശമില്ലാത്ത ആളുകളെക്കുറിച്ചാണ് ഇത്. വിദ്യാർത്ഥി വിസയ്ക്ക് ആർക്കും അവകാശമില്ല. ആർക്കും ഗ്രീൻ കാർഡിന് അവകാശമില്ല,; അദ്ദേഹം മാധ്യമപ്രവർത്തകരോട് പറഞ്ഞു.

ഒരു വിദ്യാർത്ഥിയായി വന്ന് എല്ലാത്തരം ജൂത വിരുദ്ധ, ആന്റി സെമിറ്റിക് പ്രവർത്തനങ്ങൾക്കും പദ്ധതിയിടുന്നുവെങ്കിൽ ഞങ്ങൾ വിസ റദ്ദാക്കും. നിങ്ങളെ പുറത്താക്കും. അത് അത്രയും ലളിതമാണ്,' റൂബിയോ പറഞ്ഞു.


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# ഇന്ത്യാ പ്രസ് ക്ലബ് നോർത്ത് അമേരിക്കയുടെ അന്താരാഷ്ട്ര മാധ്യമ കോൺഫറൻസ്

## ഒക്ടോബർ 9,10,11 തീയതികളിൽ ന്യൂ ജേഴ്സി എഡിസൺ ഷെറാട്ടൺ ഹോട്ടലിൽ

Anilkumar Aranmula,
National Vice President, IPCNA

ന്യൂ യോർക്ക്: വടക്കെ അമേരിക്കയിലെ മലയാളി മാധ്യമ പ്രവർത്തകരുടെ കൂട്ടായ്മയായ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്താരാഷ്ട്ര മാധ്യമ കോൺഫറൻസ് 2025 ഒക്ടോബർ 9,10,11 തീയതികളിൽ ന്യൂ ജേഴ്സിയിലെ എഡിസൺ ഷെറാട്ടൺ ഹോട്ടലിൽ വെച്ച് നടത്തപ്പെടും.

കോൺഫറൻസ് വേദിയായ ഷെറാട്ടൺ ഹോട്ടൽ ജനറൽ മാനേജരായ ജാസ്സി സിങ്ങും ഇന്ത്യ പ്രസ് ക്ലബ് നാഷണൽ സെക്രട്ടറി ഷിജോ പൗലോസ്, പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ എന്നിവരുമായി ഇത് സംബന്ധിച്ച ധാരണാപത്രം ഒപ്പിട്ടു. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിയ മാധ്യമപ്രവർത്തകരും, സാമൂഹ്യ സാംസ്കാരിക നേതാക്കളും, കമ്മ്യൂണിറ്റി നേതാക്കന്മാരും, , വ്യാപാരി വ്യവസായികളും വേദി സന്ദർശിക്കുകയും ആവശ്യമായ ഒരുക്കങ്ങളെപ്പറ്റി ചർച്ച നടത്തുകയും ചെയ്തു. ഐ. പി. സി. എൻ. എ ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ് ഷോളി കുമ്പിളുവേലി, സെക്രട്ടറി ജോജോ കൊട്ടാരക്കര, ട്രെഷറർ ബിനു തോമസും മറ്റു ഭാരവാഹികളും ആണ് കോൺഫെറൻസിന്റെ ആതിഥേയത്വം വഹിക്കുന്നത്.

30 ശതമാനത്തിലേറെ ഇന്ത്യാക്കാരുള്ള അമേരിക്കയിലെ ഏക നഗരമാണ് എഡിസൺ. എഡിസൺ മേയർ സാം ജോഷി യുവാവായ ഇന്ത്യാക്കാരനാണ്. എന്തുകൊണ്ടും ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ കോൺഫറൻസ് നടത്താൻ അനുയോജ്യമാണ് ഈ വേദി എന്ന് മാധ്യമപ്രവർത്തകരും സാമൂഹ്യ സാംസ്കാരിക നേതാക്കളും അഭിപ്രായപ്പെട്ടു, മാത്രവുമല്ല ന്യൂവാർക്ക് അന്താരഷ്ട്ര വിമാനത്താവളത്തിൽ നിന്ന്



**ഓരോ കോൺഫെറൻസുകളും ഒന്നിനൊന്നു മികച്ചു നിന്ന പാരമ്പര്യമാണ് പ്രസ് ക്ലബിനുള്ളതെന്ന് പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ ചൂണ്ടിക്കാട്ടി. ഇപ്രാവശ്യവും അത് അങ്ങനെ തന്നെ ആയിരിക്കുമെന്നാണ് തങ്ങൾ കരുതുന്നത്. അതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ജനുവരിയിൽ കൊച്ചി ഗോകുലം കൺവൻഷൻ സെന്ററിൽ നടത്തിയ പ്രസ് ക്ലബിന്റെ മാധ്യമശ്രീ, മാധ്യമരത്ന, പയനിയർ, മീഡിയ എക്സലൻസ് അവാർഡ് ദാന ചടങ്ങു വൻ വിജയമായി തീർന്നു. അതുമായി ബന്ധപ്പെട്ട് ചില വിമർശനങ്ങൾ വന്നുവെങ്കിലും അത് സമ്മേളനത്തെ ബാധിച്ചില്ലെന്ന് മാത്രമല്ല കൂടുതൽ ജനശ്രദ്ധ ലഭിക്കാൻ കാരണമാവുകയും ചെയ്തു എന്ന് നാഷണൽ സെക്രട്ടറി ഷിജോ പൗലോസ് പറഞ്ഞു.**

20 മിനിറ്റ് മാത്രം അകലയെയാണ് ഈ ഹോട്ടൽ സമുച്ചയം നില കൊള്ളുന്നത്. അമേരിക്കൻ മണ്ണിലെ മലയാള മാധ്യമ പ്രവർത്തക കൂട്ടായ്മയുടെ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലാവും 11-ാം മത് കോൺഫെറൻസ് എന്ന് വിലയിരുത്തുന്നു. 2006 വർഷത്തിൽ ആദ്യമായി എളിയ രീതിയിൽ തുടങ്ങിയ അന്താരാഷ്ട്ര മാധ്യമ കോൺഫറൻസ് ഇന്ന് വളർന്നു പന്തലിച്ചു എന്നത് അഭിമാനകരമാണ്. അന്ന് മുഖ്യ പ്രഭാഷകനായി വന്നത് മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ ആയിരുന്ന തോമസ് ജേക്കബ് ആയിരുന്നു . മലയാള മാധ്യമ രംഗത്തെ പ്രവർത്തനങ്ങളുടെ അവലോകനത്തോടൊപ്പം, അമേരിക്കയിലെ മാധ്യമ പ്രവർത്തകർക്ക് പ്രചോദനം ആകുന്ന ഒരു കോൺഫെറൻസ് ആയിരിക്കും ഇത്. കേരളത്തിലെ ഒട്ടുമിക്ക മുഖ്യധാരയിൽ നിന്നുള്ള മാധ്യമ പ്രവർത്തകരെയും രാഷ്ട്രീയ രംഗത്തെ അതികായരെയും പങ്കെടുപ്പിച്ചും കൊണ്ടാണ് ഇത്തവണയും കോൺഫറൻസ് നടക്കാൻ പോകുന്നത്. ന്യു ജേഴ്സിയിൽ മുൻപ് മൂന്നു തവണ കൺവെൻഷൻ വ്യത്യസ്ത വേദികളിൽ നടന്നിട്ടുണ്ട്. അവയിലെല്ലാം വലിയ ജനപങ്കാളിത്തവും ലഭിച്ചിരുന്നു. ട്രൈസ്റ്റേറ്റ് മേഖലയിൽ നിന്നും വാഷിംഗ്ടണിൽ നിന്നുമൊക്കെ ഡ്രൈവ് ചെയ്തു എത്താൻ പറ്റുന്നതാണ് വേദി.

ഇന്ത്യ പ്രസ് ക്ലബ്ബിന്റെ വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള , മുൻ പ്രസിഡന്റ് ജോർജ് ജോസഫ്, മുൻ ട്രെഷറർ ജോർജ് തുമ്പയിൽ, ഐ. പി. സി. എൻ. എ ഫിലാഡൽഫിയ പ്രസിഡന്റ് അരുൺ കോവാട്ട്, ന്യൂ യോർക്ക് അംഗം ജോൺസൻ ജോർജ് എന്നീ മാധ്യമ പ്രവർത്തകർ, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ഫോമാ നാഷണൽ സെക്രട്ടറി ബൈജു വർഗീസ്, ഫൊക്കാന മുൻ പ്രസിഡന്റ് പോൾ കറുകപ്പിള്ളിൽ, ഫോമാ മുൻ പ്രസിഡന്റ് അനിയൻ ജോർജ്, ഫോമാ മുൻ സെക്രട്ടറി ജിബി മോളോപറമ്പിൽ, സാമൂഹ്യ സാംസ്കാരിക കലാ രംഗത്തെ പ്രമുഖരായ സണ്ണി വാണിയപ്പാക്കൽ, സജി മാത്യു, മിത്രാസ് പ്രസിഡന്റ് രാജൻ ചീരൻ, ജിഷോ തോമസ്, പ്രമുഖ വ്യവസായിയും സംരഭകനുമായ നോഹ ജോർജ് ഗ്ലോബൽ കൊളീഷൻ എന്നിവരും വേദി കാണാനെത്തി. ഈ വർഷത്തെ പ്ലാറ്റിനം ഇവന്റ് & മെയിൻ സ്പോൺസർ സാജ് ഏർത് റിസോർട്ടിന്റെ ഉടമകളായ സാജൻ വര്ഗീസും മിനി സാജനുമാണ്

ഓരോ കോൺഫെറൻസുകളും ഒന്നിനൊന്നു മികച്ചു നിന്ന പാരമ്പര്യമാണ് പ്രസ് ക്ലബിനുള്ളതെന്ന് പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ ചൂണ്ടിക്കാട്ടി. ഇപ്രാവശ്യവും അത് അങ്ങനെ തന്നെ ആയിരിക്കുമെന്നാണ് തങ്ങൾ കരുതുന്നത്. അതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ജനുവരിയിൽ കൊച്ചി ഗോകുലം കൺവൻഷൻ സെന്ററിൽ നടത്തിയ പ്രസ് ക്ലബിന്റെ മാധ്യമശ്രീ, മാധ്യമര്തന, പയനിയർ, മീഡിയ എക്സലൻസ് അവാർഡ് ദാന ചടങ്ങു വൻ വിജയമായി തീർന്നു. അതുമായി ബന്ധപ്പെട്ട് ചില വിമർശനങ്ങൾ വന്നുവെങ്കിലും അത് സമ്മേളനത്തെ ബാധിച്ചില്ലെന്ന് മാത്രമല്ല കൂടുതൽ ജനശ്രദ്ധ ലഭിക്കാൻ കാരണമാവുകയും ചെയ്തു എന്ന് നാഷണൽ സെക്രട്ടറി ഷിജോ പൗലോസ് പറഞ്ഞു. കേരളത്തിൽ നടക്കുന്ന ടെലിവിഷൻ ചാനലുകളുടെ പുരസ്കാരവേദിക്കൊപ്പം കിട പിടിച്ച ഈ അവാർഡ് ദാനച്ചടങ്ങിൽ പങ്കെടുത്തവർക്ക് ഏറ്റവും നല്ല അഭിപ്രായമാണുണ്ടായത്. കേരളത്തിൽ ഇത്തരത്തിലൊരു പുരസ്കാര വേദി ഒരുക്കുന്നത് വളരെ അധികം ശ്രമകരമാണെങ്കിലും ഇത് ഭംഗിയായി നടത്തിയതിന് എല്ലാവരും ഒന്നടങ്കം നന്ദി പറയുകയുണ്ടായി.

എല്ലാം കൊണ്ടും വ്യത്യസ്തമായതും, അമേരിക്കയിലെ മാധ്യമപ്രവർത്തകർക്ക് പ്രയോജനം നല്കുന്നതിലൂന്നിയുള്ളതുമായ പ്രോഗ്രാമുകൾ ആണ് ഈ വർഷത്തെ കോൺഫെറൻസിൽ വിഭാവനം ചെയ്യുന്നതെന്ന് അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, നിയുക്ത പ്രസിഡന്റ് (202627) രാജു പള്ളത്തു എന്നിവർ പറഞ്ഞു. അവയ്ക്ക് അന്തിമ രൂപം നൽകി വരുന്നു. ഹോട്ടൽ ബുക്കിംഗിനും രജിസ്ട്രേഷനുമുള്ള വെബ്സൈറ്റ് ഉടൻ പ്രവർത്തന സജ്ജമാകുമെന്ന് അവർ അറിയിച്ചു. ഈ വർഷത്തെ കോൺഫെറൻസിനും കേരളത്തിൽ നിന്നുള്ള ഏറ്റവും പ്രമുഖരായ മുതിർന്ന മാധ്യമപ്രവർകാരും, രാഷ്ട്രീയ നേതാക്കളും പങ്കെടുക്കും എന്നും ട്രഷറർ വിശാഖ് ചെറിയാൻ, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രഷറർ റോയ് മുളകുന്നം എന്നിവരും അഭിപ്രായപ്പെട്ടു. കൂടുതൽ വിവരങ്ങൾക്ക് ഇന്ത്യ പ്രസ് ക്ലബ് ഭാരവാഹികളുമായി ബന്ധപ്പെടാവുന്നതാണ്.


THE BIGGEST JEWELLERY SALE
THE INCREDIBLE FLAT
50%
OFF | ON MAKING CHARGES
FOR GOLD, DIAMONDS, POLKI & PRECIOUS JEWELLERY
Offer valid from 21ST Feb. to Mar. 23rd, 2025
GET 100% VALUE ON DIAMOND EXCHANGE
EASY PAYMENT PLANS
*T&C Apply. Not applicable for Gold coins & bars.
joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936

# JOYFUL HOME CARE

Caring for your loved ones with a joyful spirit

***With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us***

**24/7 Service Available**

**631-737-1000**

**MAIN OFFICE:**
1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com www.joyfulhomecare.com

**QUEENS OFFICE:**
201-16 Hillside Ave, Hollis, NY 11423

*Joy Mekkatte, CEO*

**SERVING SUFFOLK NASSAU AND QUEENS COUNTY**

JOYFUL CAREER CENTER

# JOYFUL CAREER CENTER

Joyful Career Center is a DOE-licensed school

***Do you want to change your Caregiver from PA to PCA?***

**Apply Online or Call Today!**

www.joyfulcareercenter.com
info@joyfulcareercenter.com

***PCA, HHA & CNA CERTIFICATION PROGRAM***

**631-935-0440**
1344 Middle Country Rd
Centereach, NY 11720

# ബാൻഡ് എയ്ഡ് – മെഡിക്കെയ്ഡ്

## ഡോ. ജേക്കബ് ഈപ്പൻ



1965–ൽ ലിൻഡൺ ജോൺസൺ ഭരണകൂടം സ്ഥാപിച്ച ഒരു ഗവൺമെന്റ് പ്രോഗ്രാമാണ് മെഡിക്കെയ്ഡ്. ഇതിനായുള്ള ഫണ്ടിന്റെ ഒരു പ്രധാന ഭാഗം ഫെഡറൽ ഗവൺമെന്റാണ് നൽകുന്നത്. എന്നിരുന്നാലും, സംസ്ഥാന സർക്കാരുകൾ ഭാഗികമായി ധനസഹായം നൽകുന്നുണ്ട്. ഈ പ്രോഗ്രാം കൈകാര്യം ചെയ്യുന്നതും സ്റ്റേറ്റ് തന്നെയാണ്. 1982 മുതൽ എല്ലാ സംസ്ഥാനങ്ങളും ഈ പരിപാടിയിൽ പങ്കെടുക്കുന്നുണ്ടെങ്കിലും, സംസ്ഥാനങ്ങൾ അതിന്റെ ഭാഗമാകണമെന്ന് നിർബന്ധമേർപ്പെടുത്തിയിട്ടില്ല.

മിക്ക സംസ്ഥാനങ്ങളിലും, ഫെഡറൽ ഗവണ്മെന്റ് ദാരിദ്ര്യരേഖയായി കണക്കാക്കുന്ന വരുമാനത്തിന്റെ 138% വരെയുള്ള കുടുംബത്തിലെ ഏതൊരു അംഗവും മെഡിക്കെയ്ഡിന് യോഗ്യത ഉള്ളവരാണ്. യുണൈറ്റഡ് സ്റ്റേറ്റ്സിലെ താഴ്ന്ന വരുമാനമുള്ള ആളുകൾക്ക് മെഡിക്കൽ, ആരോഗ്യ സംബന്ധിയായ സേവനങ്ങൾക്കുള്ള ഏറ്റവും വലിയ ധനസഹായ സ്രോതസ്സാണ് മെഡിക്കെയ്ഡ്. ഇതിലൂടെ താഴ്ന്ന വരുമാനക്കാരും വികലാംഗരും ഉൾപ്പെടുന്ന 85 മില്യൺ ആളുകൾക്കാണ് സൗജന്യ ആരോഗ്യ ഇൻഷുറൻസ് ലഭിക്കുന്നത്. 10 കുട്ടികളിൽ 4 പേർക്ക് മെഡിക്കെയ്ഡ് ഉണ്ട്, പ്രായപൂർത്തിയായ ദരിദ്രരിൽ പകുതിയോളം പേർക്ക് മെഡിക്കെയ്ഡ് ഉണ്ട്, നഴ്സിംഗ് ഹോം നിവാസികളിൽ 60% പേർക്കും മെഡിക്കെയ്ഡ് ഉണ്ട്.

മെഡിക്കെയ്ഡ് കവറേജ് സംസ്ഥാനം അനുസരിച്ച് വ്യത്യാസപ്പെടുന്നു. ന്യൂമെക്സിക്കോയിൽ ഇത് 34% ആണെങ്കിൽ യൂട്ടായിൽ ഏകദേശം 11% വരെയേ ഉള്ളൂ.

ഫെഡറൽ ബജറ്റിൽ നിന്ന് ഒരു ദശാബ്ദത്തിനുള്ളിൽ 2 ട്രില്യൺ ഡോളർ വെട്ടിച്ചുരുക്കുകയാണ് ട്രംപ് ഭരണകൂടത്തിന്റെ ലക്ഷ്യം. മെഡിക്കെയ്ഡ് പ്രോഗ്രാമുകൾ രാജ്യത്തെ ഏറ്റവും ദുർബലരായ വ്യക്തികളുടെ ജീവൻ പരിരക്ഷിക്കുന്ന കവറേജാണ് വാഗ്ദാനം ചെയ്യുന്നത്. നിലവിൽ, മെഡിക്കെയ്ഡാണ് പലപ്പോഴും സംസ്ഥാനങ്ങളുടെ ഏറ്റവും ഭാരിച്ച ചെലവായി വരുന്നത്. ഫെഡറൽ ഗവൺമെന്റ് ഫണ്ടിങ് വെട്ടിച്ചുരുക്കിയാൽ അതുമൂലം സംസ്ഥാന ബജറ്റുകളിൽ വലിയ വിടവ് ഉണ്ടാകും. ഫണ്ടിംഗ് വെട്ടിക്കുറച്ചാൽ, അത് പൊതുജനാരോഗ്യത്തെ സാരമായി ബാധിക്കും.

ലോകാരോഗ്യസംഘടനയുടെയും USAIDന്റെയും സ്ഥിതി അവതാളത്തിലായതോടെ ലോകമെമ്പാടുമുള്ള ആരോഗ്യ രംഗം ഇതിനകം തന്നെ വളരെ അപകടകരമായ സാഹചര്യത്തിലാണ്. പുതിയ പകർച്ചവ്യാധികൾ എപ്പോൾ വേണമെങ്കിലും പൊട്ടിപ്പുറപ്പെടാം. സമയബന്ധിതമായ ഇടപെടലില്ലാതെ വന്നാൽ അത് എളുപ്പത്തിൽ ഒരു മഹാമാരിയായി രൂപാന്തരപ്പെടാം. ലോകത്തിന്റെ ഒരു കോണിൽ നിന്ന് മറ്റൊരു കോണിൽ എത്തുക എന്നുള്ളത് ഇന്ന് വളരെ വേഗത്തിൽ സാധ്യമാകുമെന്നതുകൊണ്ടു തന്നെ, എവിടെ രോഗം പൊട്ടിപ്പുറപ്പെട്ടാലും അത് എല്ലായിടത്തേക്കും വ്യാപിക്കാൻ അധികം സമയം വേണ്ടിവരില്ല. 2014–16 ൽ, യുഎസ്എയിലെ 11 പേർക്കാണ് മാരകമായ എബോള വൈറസ് ബാധിച്ചത്, അതിൽ 9 പേർ പശ്ചിമാഫ്രിക്കയിൽ നിന്നാണ് വന്നത്.

**വാക്സിൻ കൊണ്ട് തടു**

## ക്കാവുന്ന രോഗങ്ങൾ

ബാല്യത്തിൽ 15 വ്യത്യസ്ത പ്രതിരോധ കുത്തിവയ്പ്പുകളാണ് നൽകേണ്ടത്. ഇതിൽ ചില വാക്സിനുകൾ ഒന്നിലധികം രോഗങ്ങളിൽ നിന്ന് സംരക്ഷണം നൽകും. ചിലതിന് ഒന്നിലധികം ഡോസുകൾ ആവശ്യമാണ്. കുട്ടികൾക്കുള്ള വാക്സിനുകൾക്കുള്ള ചിലവ് താങ്ങാൻ കഴിയാത്ത മാതാപിതാക്കൾക്കും രക്ഷിതാക്കൾക്കും വിഎഫ്സി പ്രോഗ്രാം വഴി വാക്സിനുകൾ ലഭ്യമാണ്. 1989-91 ൽ, യുണൈറ്റഡ് സ്റ്റേറ്റ്സിലെ 'മീസിൽസ്' (അഞ്ചാംപനി) എന്ന പകർച്ചവ്യാധി ആയിരക്കണക്കിന് കുട്ടികളെ ബാധിക്കുകയും നൂറുകണക്കിന് മരണങ്ങൾക്ക് കാരണമാവുകയും ചെയ്തിരുന്നു.

സെന്റർ ഫോർ ഡിസീസ് കൺട്രോൾ (CDC) അന്വേഷിച്ചപ്പോൾ, രോഗബാധിതരായ കുട്ടികളിൽ പകുതിയിലധികം പേർക്കും വാക്സിൻ ലഭിച്ചിട്ടില്ലെന്ന് കണ്ടെത്തിയിരുന്നു. വാക്സിനുകളുടെ വിലയാണ് കുട്ടികൾ വാക്സിനേഷൻ എടുക്കാത്തതിന്റെ ഒരു പ്രധാന കാരണമെന്നും അവർ കണ്ടെത്തി. ഇതിനുള്ള പരിഹാരം എന്ന നിലയിലാണ് വിഎഫ്സി പ്രോഗ്രാമിനുള്ള ഒരു ബിൽ കോൺഗ്രസ് 1993 ൽ പാസാക്കിയത്. ഓഫീസ് ഓഫ് മാനേജ്മെന്റ് ആൻഡ് ബജറ്റിൽ (ഒ എം ബി ) നിന്നാണ് സെന്റേഴ്സ് ഫോർ മെഡികെയർ ആൻഡ് മെഡിക്കെയ്ഡ് (സി എം എസ് ) വഴി സിഡിസി- യിലേക്കും തുടർന്ന് സംസ്ഥാനങ്ങളിലേക്കും ധനസഹായം നൽകുന്നത്. വിഎഫ്സി പ്രോഗ്രാം വഴി 19 വ്യത്യസ്ത രോഗങ്ങൾക്കെതിരെ വാക്സിനുകൾ നൽകുന്നുണ്ട്, ഏകദേശം 422 മില്യൺ കുട്ടികളെ രോഗത്തിൽ നിന്നും ഏകദേശം 30 മില്യൺ പേരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിൽ നിന്നും ഈ പ്രതിരോധ കുത്തിവയ്പിലൂടെ തടയാൻ സാധിച്ചു.

ഒരു സമൂഹത്തിലെ ആരോഗ്യ സംരക്ഷണം നിലനിർത്തുന്നതിന്, കുറഞ്ഞത് 95% കുട്ടികൾക്കും പൂർണ്ണമായി വാക്സിനേഷൻ നൽകണം, അങ്ങനെയേ ഹെർഡ് ഇമ്മ്യൂണിറ്റി ലഭിക്കൂ. കോവിഡ് മഹാമാരിക്ക് ശേഷം, പ്രതിരോധ കുത്തിവയ്പ്പുകളോട് പൊതുവായ ഒരു നിസ്സംഗതയുണ്ട്. ഇത് പ്രതിരോധ കുത്തിവയ്പ്പ് സ്വീകരിക്കുന്നവരുടെ തോത് കുറയ്ക്കുകയും അഞ്ചാംപനി പോലുള്ള രോഗങ്ങൾ വർദ്ധിക്കുന്നതിനും ഇടയാക്കിയിട്ടുണ്ട്.' (ടെക്സസിൽ, ഏകദേശം അഞ്ചാംപനിയുടെ 150 സ്ഥിരീകരിച്ച കേസുകളും ഒരു മരണവും ഉണ്ടായിട്ടുണ്ട്). ആഗോളതലത്തിൽ, ലോകാരോഗ്യസംഘടന, യൂണിസെഫ് പോലുള്ള സംഘടനകളുടെ സഹായത്തോടെ, ലോകം ദശലക്ഷക്കണക്കിന് കുട്ടികളെയാണ് മരണത്തിന് വിട്ടുകൊടുക്കാതെ തടുത്തത്. പ്രാദേശികമായി രോഗപ്രതിരോധ കുത്തിവയ്പ്പുകളോട് ജനങ്ങൾക്ക് പൊതുവെയുള്ള നിസ്സംഗവും നിഷേധാത്മകവുമായ സമീപനത്തിനെതിരെ പൊതുജനാരോഗ്യരംഗം ശ്രദ്ധ കേന്ദ്രീകരിച്ചില്ലെങ്കിൽ അത് വലിയ ദുരന്തത്തിന് വഴിവയ്ക്കും. വസൂരി നിർമ്മാർജ്ജനവും പോളിയോ, അഞ്ചാംപനി എന്നിവയുടെ തോത് ഗണ്യമായി കുറച്ചതുമെല്ലാം ചെറിയൊരു അശ്രദ്ധയിലൂടെ വീണ്ടും മടങ്ങിയെത്തിയേക്കാം.

## മാതൃ ആരോഗ്യം

രാജ്യത്തെ പ്രസവങ്ങളിൽ ഏകദേശം 45% മെഡിക്കെയ്ഡിന്റെ പരിധിയിൽ വരുന്നതിനാൽ, ഫണ്ടുകളുടെ കുറവ് മാതൃമരണ നിരക്കിനെയും അനുബന്ധ രോഗങ്ങളെയും പ്രതികൂലമായി ബാധിക്കും. സിഡിസിയുടെ കണക്കുകൾ പ്രകാരം 2023-ൽ യുണൈറ്റഡ് സ്റ്റേറ്റ്സിലെ മാതൃമരണ നിരക്ക് 100,000 പ്രസവങ്ങളിൽ 86 മരണങ്ങൾ എന്ന തോതിലാണ്. മറ്റ് വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, പ്രത്യേകിച്ച് നോർവേ, ന്യൂസിലാൻഡ് പോലുള്ള രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ മാതൃമരണ നിരക്ക് വളരെ ഉയർന്നതാണ്. ചില വംശീയ വിഭാഗങ്ങളിൽ മരണനിരക്കിൽ അസമത്വം കൂടുതലായി പ്രകടമാണ്. കറുത്തവർഗ്ഗക്കാരായ ഗർഭിണികളിൽ വെളുത്തവർഗ്ഗക്കാരെ അപേക്ഷിച്ച് 3 മടങ്ങ് മരണ സാധ്യത ഉണ്ട് .

## നഴ്സിംഗ് ഹോം മെഡിക്കെയ്ഡ്

അമേരിക്കയിലെ നഴ്സിംഗ് ഹോം നിവാസികളിൽ മൂന്നിൽ രണ്ട് പേരുടെയും പരിചരണം നഴ്സിംഗ് ഹോംസ്-മെഡിക്കെയ്ഡ് വഴിയാണ് നടന്നുവരുന്നത്. അതിനാൽ, മെഡിക്കെയ്ഡിനുള്ള ഫണ്ടിൽ എന്തെങ്കിലും കുറവ് വരുത്തിയാൽ അത് പ്രായമായവരെ മറ്റേതൊരു വിഭാഗത്തേക്കാളും കൂടുതൽ ബാധിക്കും. ഇപ്പോൾ പോലും, സേവനങ്ങൾക്കായി വരുന്ന ചെലവുകളുടെ 82% ആണ് മെഡിക്കെയ്ഡ് നിരക്കുകളിൽ ഉൾപ്പെടുന്നത്.

ആരോഗ്യ സംരക്ഷണത്തിലെ അസമത്വം പല രാജ്യങ്ങളിലും വളരെ താഴ്ന്ന ആരോഗ്യ സൂചകങ്ങളിൽ പ്രധാന ഘടകങ്ങളിലൊന്നാണ്. പൊതുജനാരോഗ്യം മികച്ചതെന്ന് പറയണമെങ്കിൽ സമൂഹത്തിലെ ഓരോരുത്തരും ആരോഗ്യമുള്ളവരായിരിക്കണം. താഴ്ന്ന വരുമാനമുള്ള ദശലക്ഷക്കണക്കിന് ആളുകൾക്ക് ധനസഹായത്തിന്റെ ഏക ഉറവിടം മെഡിക്കെയ്ഡ് ആണ്. ഫണ്ടുകളിൽ എന്തെങ്കിലും കുറവ് വരുത്തുന്നത് ജനസംഖ്യയുടെ വലിയൊരു ഭാഗത്തെ ബാധിക്കുകയും ആരോഗ്യ സംരക്ഷണത്തിലെ അസമത്വം വർദ്ധിപ്പിക്കുകയും ചെയ്യും.

അധികാരികൾ വ്യക്തമായ ഒരു സമവായത്തിലെത്തിയില്ലെങ്കിൽ, നമ്മുടെ ആരോഗ്യ സംവിധാനങ്ങളും ജനങ്ങളുടെ ആരോഗ്യവും സങ്കൽപ്പിക്കാവുന്നതിലും മോശമായ അവസ്ഥയിലേക്ക് വഴുതിവീഴും. മറ്റേത് മേഖലയിലും തെറ്റുകൾ തിരുത്താൻ കഴിയുമെങ്കിലും ആരോഗ്യരംഗത്ത് കൃത്യമായ സമയത്ത് ഇടപെട്ടില്ലെങ്കിൽ ഏറെ വൈകിപ്പോവുകയും കാര്യങ്ങൾ കൈപ്പിടിയിൽ നിൽക്കാതെ വരികയും ചെയ്യും. ഉത്തരവാദിത്തപ്പെട്ടവർ കണ്ണുതുറക്കുമ്പോഴേക്കും, അടിസ്ഥാന പ്രതിരോധ പരിചരണം നിഷേധിക്കപ്പെട്ടുകൊണ്ടും ഡോക്ടറുടെ സേവനം ലഭ്യമാകാതെയും നിരവധി കുട്ടികൾ രോഗബാധിതരാകും.

പ്രസവത്തിനു മുമ്പുള്ള പരിചരണം കുറയ്ക്കുന്നത് പല അമ്മമാരെയും ബാധിക്കും. ആയിരക്കണക്കിന് വികലാംഗരും വൃദ്ധരുമായ നഴ്സിംഗ് ഹോം അന്തേവാസികളും മോശം അവസ്ഥയിലേക്ക് പോയേക്കും. തനിക്ക് പറ്റിയത് തെറ്റാണെന്ന് ബോധ്യപ്പെടുമ്പോൾ, ജ്ഞാനി സ്വയം തിരുത്തും. എന്നാൽ, അജ്ഞാനി വാദിച്ചുകൊണ്ടേയിരിക്കും. ബാൻഡെയ്ഡ് മെഡിക്കെയ്ഡിനെച്ചൊല്ലി വാദങ്ങൾ ഉണ്ടാകില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. തെറ്റ് ബോധ്യപ്പെട്ട് തിരുത്തണമെങ്കിൽ ഇനിയും എത്ര ജീവനുകൾ പൊലിയണം? ഈ ചോദ്യത്തിന് അധികം വൈകാതെ ഒരുത്തരം ലഭിക്കുമെന്ന് തന്നെ ഞാൻ പ്രത്യാശിക്കുന്നു.


(കാലിഫോർണിയയിലെ ഫ്രീമോണ്ടിൽ വാഷിംഗ്ടൺ ഹോസ്പിറ്റലിന്റെ ബോർഡ് ഓഫ് ഡയറക്ടറാണ് ലേഖകൻ. യു.സി.ബെർക്ക്ലിയിലെയും സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിലെയും പൂർവ്വ വിദ്യാർത്ഥിയായ അദ്ദേഹം, കരിയറിലുടനീളം പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന്റെ വക്താവായാണ് നിലകൊള്ളുന്നത്. ഫോക്കാന ഇന്റർനാഷണലിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, പ്രവാസി വേൾഡ് മലയാളി കൗൺസിൽ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചുവരുന്നു.)

# ചിക്കാഗോ മലയാളി അസോസിയേഷൻ കലാമേള 2025

## രെജിസ്ട്രേഷൻ ആരംഭിച്ചു









ബിജു മുണ്ടക്കൽ

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ 2025-ലെ കലാമേള 2025 ഏപ്രിൽ മാസം 5-ആം തീയതി ശനിയാഴ്ച ബെൽവുഡിലുള്ള സെന്റ് തോമസ് സിറോ മലബാർ ചർച്ചിന്റെ ആഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ് .നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ ഈ കലാമാമാങ്കത്തിൽ വിവിധ ഇനങ്ങളിലായി നൂറുകണക്കിന് കലാപ്രതിഭകൾ മാറ്റുരയ്ക്കും .

ഏപ്രിൽ 5-ന് രാവിലെ 8.00 മണിക്ക് ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജെസ്സി റിൻസി കലാമേള ഉദ്ഘാടനം ചെയ്യും. ഈ കലാമേളയിലേക്ക് എല്ലാ മലയാളി സുഹൃത്തുക്കളെയും സ്വാഗതം ചെയ്യുന്നതായി പ്രസിഡന്റ് ജെസ്സി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ ,ട്രെഷറർ മനോജ് അച്ചേട്ട് , ജോയിന്റ് ട്രെഷറർ സിബിൽ ഫിലിപ്പ് ,ജോയിന്റ് സെക്രട്ടറി വിവിഷ് ജേക്കബ് എന്നിവർ അറിയിച്ചു .

കലാമേളയിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ രെജിസ്ട്രേഷൻ ആരംഭിച്ചതായി കലാമേള ചെയർ പേഴ്സൺ സാറ അനിൽ, പബ്ലിസിറ്റി കൺവീനർ ബിജു മുണ്ടക്കൽ ,കോ ഓർഡിനേറ്റർ വർഗീസ് തോമസ് കോ കോർഡിനേറ്റർ ഷൈനി ഹരിദാസ് എന്നിവർ അറിയിച്ചു. മാർച്ച് 23 നാണ് രെജിസ്ട്രേഷൻ അവസാനിക്കുക.എന്നാൽ ലേറ്റ് ഫീ അടച്ച് മാർച്ച് 28 വരെ രജിസ്റ്റർ ചെയ്യാം .മത്സരാർഥികൾക്കുള്ള രെജിസ്ട്രേഷൻ ഫോറം ,പുതുക്കിയ നിയമാവലി ,ഫീസ് അടക്കേണ്ടതിനെ സംബന്ധിച്ച വിവരങ്ങൾ എന്നിവ അസോസിയേഷന്റെ വെബ് സൈറ്റിൽ ലഭ്യമാണ് .രെജിസ്ട്രേഷൻ ഫീസ് zelle മുഖേന cmachicago2020@yahoo.com എന്ന e mail വിലാസത്തിലേക്ക് അയയ്ക്കാവുന്നതാണ്.ലഹഹല വഴി ഫീസ് അടക്കുന്നവർ ഫീസ് അടക്കുമ്പോൾ റെഫെറൻസ് നമ്പറും മത്സരാർഥിയുടെ പേരും മെമ്മോയിൽ ഉൾപ്പെടുത്തണം. ഗ്രൂപ്പ് ഇനങ്ങളിൽ പങ്കെടുക്കുന്നവർ പങ്കെടുക്കുന്നവരുടെ മുഴുവൻ ഫീസും അടച്ചതിനു ശേഷം റെഫെറൻസ് നമ്പറും ഗ്രൂപ്പ് ലീഡറുടെ പേരും മാത്രം മെമ്മോയിൽ രേഖപ്പെടുത്തിയാൽ മതി.

വെബ് സൈറ്റ് അഡ്രസ് : cmakalamelakalotsav@gmail.com

വിശദ വിവരങ്ങൾക്ക് :

സാറ അനിൽ :630 914 0713
ബിജു മുണ്ടക്കൽ :773 673 8820

വർഗീസ് തോമസ് :847 909 9744
ഷൈനി ഹരിദാസ് :630 290 7143


KALYAN
JEWELLERS
NEW JERSEY
KALYAN
JEWELLERS
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# ഭക്തിസാന്ദ്രമായി അരിസോണ; പൊങ്കാല നിവേദിച്ചു ഭക്തർ




മനു നായർ

ഫീനിക്സ്: ആറ്റുകാൽ അമ്മയ്ക്ക് പൊങ്കാല നിവേദിച്ച ആത്മനിർവൃതിയിൽ മനസ് നിറഞ്ഞ് ആരിസോണയിലെ ഭക്തർ. കേരള ഹിന്ദുസ് ഓഫ് അരിസോണയുടെ (കെ.എച്.എ.) നേതൃത്വത്തിൽ ആറ്റുകാൽ പൊങ്കാല ആഘോഷം വിപുലമായ ചടങ്ങുകളോടെ ശനിയാഴ്ച മാർച്ച് 8-നു നടന്നു. മഹാഗണപതി ക്ഷേത്രങ്കണത്തിൽ നടന്ന പൊങ്കാല ചടങ്ങുകളിൽ നൂറുകണക്കിന് ഭക്തജനങ്ങൾ സാധനകൾ അനുഷ്ഠിച്ച് പരബ്രഹ്മസ്വരൂപിണിക്കു മുന്നിൽ നിവേദ്യം അർപ്പിച്ച് ആത്മസമർപ്പണം നടത്തി.

അരിസോണയിൽനിന്നും അടുത്തുള്ള സംസ്ഥാനത്തു നിന്നുമായി നിരവധി ഭക്തർ ഇക്കുറിയും പൊങ്കാല ചടങ്ങുകളിൽ പങ്കെടുത്തു. രാവിലെ 07 മണിക്ക് മഹാഗണപതി ഹോമത്തിനു ശേഷം നടന്ന ശുദ്ധപുണ്യാഹത്തോടെ ഈ വർഷത്തെ പൊങ്കാല ചടങ്ങുകൾക്ക് തുടക്കമായി. പൊങ്കാല ഉത്സവത്തോടനുബന്ധമായി വൃക്ഷപൂജ, നാഗപൂജ, ദേവിപൂജ, എന്നീ ചടങ്ങുകൾ നടന്നു.

രാവിലെ 09:00 തോടുകൂടി ക്ഷേത്രശ്രീകോവിലിൽ നിന്നു പകർന്ന ദീപത്തിൽ നിന്നും താലപ്പൊലിയുടെയും, ചെണ്ടമേളത്തിന്റെയും അകമ്പടിയോടെ മേൽശാന്തി ശ്രീ ജായന്തേശ്വരൻ ഭട്ടർ ക്ഷേത്ര നടയിൽ തയ്യാറാക്കിയ പണ്ടാരഅടുപ്പിൽ അഗ്നി പകര്ന്നതോടെ പൊങ്കാലയ്ക്കുള്ള വിളംബരമായി. ലളിതാസഹസ്രനാമത്തിന്റെയും, വായ്കുരവയുടെയും , മന്ത്രോച്ചാരങ്ങളാലും മുഖരിതമായ അന്തരീക്ഷത്തിൽ പണ്ടാര അടുപ്പിൽ അഗ്നിപടർത്തുന്ന കാഴ്ച ഭക്തമനസ്സു



കളെ ആവേശത്തിലാഴ്ത്തി. പണ്ടാര അടുപ്പിൽ നിന്നും കമ്മറ്റി ഭാരവാഹികൾ വലിയ പന്തത്തിൽ ക്ഷേത്ര പരിസരത്തെ അടുപ്പുകളിലേക്കു അഗ്നി പടർത്തിയ തോടുകൂടി ഭക്ത മനസ്സിനൊപ്പം ക്ഷേത്ര പരിസരവും അഗ്നിയെ ഏറ്റുവാങ്ങി. പൊങ്കാലയിൽ വെള്ളപായസം, ശർക്കര പായസം, തെരളി എന്നിവയാണ് ഭക്തർ നിവേദ്യമായി തയ്യാറാക്കിയത്.

ഉച്ചക്ക് 12:00നു പൊങ്കാല തളിക്കൽ ചടങ്ങുകൾ നടന്നു. ഭക്തർക്കായി വിപുലമായ പൊങ്കാല സദ്യ സംഘാടകർ ഒരുക്കിയിരുന്നു. ഈ വർഷത്തെ പൊങ്കാല ചടങ്ങുകൾക്ക് നീതു കിരൺ, കിരൺ മോഹൻ, നിധിന ധനീഷ് എന്നിവർ നേതൃത്വം നൽകി.

















# മാപ്പിന്റെ ആഭിമുഖ്യത്തിൽ നടന്ന ചെസ് & കാരംസ് ടൂർണമെന്റ് വൻ വിജയമായി




ഫിലഡൽഫിയാ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേയ്റ്റർ ഫിലഡൽഫിയായുടെ (മാപ്പ്) ആഭിമുഖ്യത്തിൽ മാർച്ച് എട്ടിന് ശനിയാഴ്ച രാവിലെ 10 മണി മുതൽ വൈകിട്ട് 6 മണിവരെ മാപ്പ് ഐ സി സി ബിൽഡിംഗിൽ വച്ച് നടത്തപ്പെട്ട ചെസ് & കാരംസ് ടൂർണമെന്റ് വൻ വിജയമായി.

സ്പോർട്ട്സ് ചെയർമാൻ സന്തോഷ് ഫിലിപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഈ വാശിയേറിയ ചെസ് & കാരംസ് ടൂർണമെന്റിൽ, 'ചെസ്സ് ജൂനിയർ' വിഭാഗത്തിൽ ഒന്നാം സമ്മാനം: ഋത്വിക് (പെൻസിൽവേനിയ), രണ്ടാം സമ്മാനം: ഗബ്രിയേൽ (ന്യൂജേഴ്സി) എന്നിവരും, 'ചെസ്സ് സീനിയർ' വിഭാഗത്തിൽ ഒന്നാം സമ്മാനം: ജൂലിയസ് മാളിയേക്കൽ (ഫിലഡൽഫിയാ), രണ്ടാം സമ്മാനം: ജോയൽ വർഗീസ് (ന്യൂജേഴ്സി) എന്നിവരും നേടി.



കാരംസ് ടൂർണമെന്റിൽ ഒന്നാം സ്ഥാനം: ഫിലഡൽഫിയായിൽ നിന്നുള്ളവരായ ആശിഷ് & സിബി ടീമും, രണ്ടാം സ്ഥാനം: ഡാൻ & ലിബു ടീമും, മൂന്നാം സ്ഥാനം: പെൻസിൽവേനിയായിൽനിന്നുള്ള സുനിൽ & രഞ്ജിത് ടീമും കരസ്ഥമാക്കി .

ബുദ്ധിയും, ചടുലതയും, ഭാഗ്യവും ഒത്തുചേർന്ന വാശിയേറിയ ഈ മത്സരത്തിൽ ഏകദേശം ഒൻപത് ടീമുകൾ പങ്കടുത്തു. മത്സരത്തിന് ശേഷം മാപ്പ് ബിൽഡിംഗിൽ ചേർന്ന അനുമോദന



യോഗത്തിൽ വിജയികൾക്കുള്ള ക്യാഷ് പ്രൈസും ട്രോഫികളും സമ്മാനിച്ചു.

ഈ രണ്ടു മത്സരങ്ങളും വൻ വിജയമായത് സ്പോർട്ട്സ് ചെയർമാൻ സന്തോഷ് ഫിലിപ്പിന്റെ നേതൃത്വപാടവത്തിന്റെ അംഗീകാരമായി മാപ്പ് പ്രസിഡന്റ് ബെൻസൺ വർഗീസ് പണിക്കർ വിലയിരുത്തി.

പ്രസിഡന്റ് ബെൻസൺ വർഗീസ് പണിക്കർ, ജനറൽ സെക്രട്ടറി ലിജോ ജോർജ്ജ്, ട്രഷറാർ ജോസഫ് കുരുവിള (സാജൻ), എന്നിവരെക്കൂടാതെ, മുഴുവൻ കമ്മറ്റി അംഗങ്ങളുടെയും സാന്നിധ്യം പരിപാടിയുടെ വിജയത്തിൽ പ്രധാന പങ്കുവഹിച്ചു. ഈ പ്രോഗ്രാം വൻ വിജയമാക്കിത്തീർക്കുവാൻ തന്നോടൊപ്പം പ്രവർത്തിച്ച എല്ലാ കമ്മറ്റി മെമ്പേഴ്സിനും, അഭ്യുദയകാംക്ഷികൾക്കും, സ്പോൺസർമാർക്കും സ്പോർട്ട്സ് ചെയർമാൻ സന്തോഷ് ഫിലിപ്പ് നന്ദി രേഖപ്പെടുത്തി.

വാർത്ത: റോജീഷ് സാം സാമൂവൽ, (മാപ്പ് പി.ആർ. ഒ)




Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

CELEBRATING 30 Yrs Service & Commitment

# Blue Ocean Wealth Solutions

A member of the MassMutual Financial Group



## Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Short-term and Long-term Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സൊസൈറ്റി ഓഫ് ഷിക്കാഗോയുടെ ദീപശിഖയേന്തി ഡോ. ബിനു ഫിലിപ്പ്



**എ.എസ് ശ്രീകുമാർ**

വിശ്വാസത്തിലടിയുറച്ച് ഷിക്കാഗോയുടെ മണ്ണിൽ ജീവിക്കുന്ന മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സഭാമക്കളെ ഏകോപിപ്പിക്കുന്നതിനും കേരളത്തിൽ നിന്ന് അമേരിക്കയിൽ കുടിയേറിയവരും ഇവിടെ ജനിച്ചു വളരുന്നവരുമായ മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ വിശ്വാസികൾക്ക് അവരുടെ പൈതൃകവും സംസ്കാരവും സഭാപരമായ മൂല്യങ്ങളും ചോർന്ന് പോകാതെ വരും തലമുറയിലേയ്ക്ക് കൈമാറുന്നതിനും 'മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സൊസൈറ്റി ഓഫ് ഷിക്കാഗോ' (എം.ഒ.സി.എസ്) പ്രതിജ്ഞാബദ്ധമാണെന്ന് ഷിക്കാഗോയിലെ ഒക്‌ലോൺ സെന്റ് മേരീസ് ചർച്ച് അംഗവും മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ ഡയസിസ് ഓഫ് സൗത്ത് വെസ്റ്റ് അമേരിക്ക ഡയസീഷ്യൻ അസംബ്ലി മെമ്പറുമായ ഡോ. ബിനു ഫിലിപ്പ് പറഞ്ഞു.

മലങ്കര സഭയുടെ ഉണർവിന്റെ ചരിത്രമുഹൂർത്തമായ മാവേലിക്കര പടിയോല എന്ന ചരിത്ര ഉടമ്പടി തയ്യാറാക്കിയ പുതിയകാവ് സെന്റ് മേരിസ് ഓർത്തഡോക്സ് കത്തീഡ്രൽ അംഗമായ ഡോ. ബിനു ഫിലിപ്പ്, കൈമൂട്ടിൽ പരേതനായ എൽ.ഐ.സി ഓഫീസർ ഫിലിപ്പ് ഫിലിപ്പിന്റെയും ഹൈസ്കൂൾ അധ്യാപികയായി വിരമിച്ച മറിയാമ്മ ജോർജിന്റെയും പുത്രനാണ്. മാവേലിക്കര ബിഷപ്പ് മൂർ കേളേജിൽ പ്രീ ഡിഗ്രിക്ക് പഠിക്കുമ്പോൾ സെന്റ് പോൾസ് യൂത്ത് ലീഗിന്റെ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്.

മലങ്കര ഓർത്തഡോക്സ് സഭയുടെ മെത്രാപ്പോലീത്തായും മിഷൻ ബോർഡ് പ്രസിഡന്റുമായിരുന്ന സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പ്രിയ ശിഷ്യനായ ഡോ. ബിനു ഫിലിപ്പ്, അദ്ദേഹം തനിക്ക് പോസ്റ്റ് കാർഡിലെഴുതിയ കത്തുകൾ ഒരു അമൂല്യ നിധിപോലെ ഇന്നും സൂക്ഷിക്കുന്നു. മാവേലിക്കര ബിഷപ്പ് മൂർ കേളേജിലെ പ്രീ ഡിഗ്രി പഠനത്തിന് ശേഷം ബാംഗ്ലൂരിലെ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ് കരസ്ഥമാക്കിയ ഇദ്ദേഹം 1992 മുതൽ '93 വരെ ന്യൂഡൽഹിയിലെ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ ജൂനിയർ റസിഡന്റ് ആയിരുന്നു.

അഹമ്മദാബാദിലെ എൻ.എച്ച്.എൽ മെഡിക്കൽ കോളേജിൽ എം.ഡി ആന്റ്



ഡി.എൻ.ബി എടുത്തു. അവിടെ വിദ്യാർത്ഥിനിയായിരുന്ന സിബിലിനെ വിവാഹം കഴിച്ച ശേഷം കോയമ്പത്തൂരിലെ പി.' എസ്.ജി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ റേഡിയോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായി സേവനമുഷ്ഠിച്ചു. 1997-ൽ അമേരിക്കയിലെത്തിയ ഡോ. ബിനു ഫിലിപ്പ് ഇല്ലിനോയിയിലെ വിവധ യൂണിവേഴ്സിറ്റികളിൽ നിന്ന് മാസ്റ്റേഴ്സ് ബിരുദങ്ങൾ സമ്പാദിച്ചു. ഇല്ലിനോയി ജെനീവ സിറ്റിയിലെ നോർത്ത് വെസ്റ്റേൺ മെഡിസിൻ ഡെൽനർ ഹോസ്പിറ്റലിലെ സ്റ്റാഫ് റേഡിയോളജിസ്റ്റായ ഡോ. ബിനു ഫിലിപ്പ് ഔദ്യോഗിക രംഗത്തെ വേറിട്ട പ്രവർത്തനങ്ങൾക്ക് അമൂല്യമായ നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കിയ വ്യക്തിത്വമാണ്.

റേഡിയോളജിക്കൽ സൊസൈറ്റി ഓഫ് നോർത്ത് അമേരിക്ക, അമേരിക്കൻ കോളേജ് ഓഫ് റേഡിയോളജി തുടങ്ങിയ സംഘടനകളിലെ അംഗമായ ഡോ. ബിനു ഫിലിപ്പ് ഇല്ലിനോയി സ്റ്റേറ്റിലെ ലൈസൻസ്ഡ് ഫിസിഷ്യനും സർജനുമായി ഔദ്യോഗിക രംഗത്തും ശോഭിക്കുന്നു. റേഡിയോളജി വിഭാഗത്തിലെ ഔദ്യേഗിക ചുമതലകൾ സ്തുത്യർഹമായി നിറവേറ്റുന്നതിനൊപ്പം തന്റെ മാതൃദേവാലയമായ ഒക്‌ലോൺ സെന്റ് മേരീസ് പള്ളിയിലൂടെ അദ്ദഹം സഭാ പ്രവർത്തനങ്ങളും അഭംഗുരം തുടരുന്നു.

ഷിക്കാഗോയിലെ മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സഭാംഗങ്ങളെ ഒരുകുടക്കീഴിൽ കൊണ്ടുവന്ന് നോർത്ത് അമേരിക്കയാകെ പ്രവർത്തനം വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സൊസൈറ്റി ഓഫ് ഷിക്കാഗോ' രൂപീകരിച്ചിരിക്കുന്നത്. മൂന്നാം തലമുറയിലെ കുട്ടികളെ വിശ്വാസ ധാരയിലൂടെ കൈപിടിച്ച് നടത്തുന്നതിനും ഏകാന്തതയനുഭവിക്കുന്ന വൃദ്ധ ദമ്പതികൾക്ക് തണലാവാനും ഈ സൊസൈറ്റി ലക്ഷ്യമിടുന്നുവെന്ന് ഡോ. ബിനു ഫിലിപ്പ് വ്യക്തമാക്കി. പുതു തലമുറയുടെ ഹൃദ്യമായ ആശയവിനിമയം, പരസ്പര സഹകരണം, ആരോഗ്യകരമായ ആത്മീയ ഇടപെടൽ തുടങ്ങിയ ലക്ഷ്യങ്ങൾ ഊട്ടിയുറപ്പിക്കുന്നതിന് ശക്തമായ സാമുദായിക അടിത്തറയുള്ള ഒരു സംഘടനയായി എം.ഒ.സി.എസ് നിലകൊള്ളും. ഒപ്പം ഷിക്കാഗോയിലും പരിസര പ്രദേശങ്ങളിലുമുള്ള സഭാ അംഗങ്ങളുടെ ഏതൊരാവശ്യത്തിനും എം.ഒ.സി.എസിന്റെ സഹായമുണ്ടാവുമെന്ന് ഡോ. ബിനു ഫിലിപ്പ് പറഞ്ഞു.

ആത്മീയതയിലൂന്നിയ എം.ഒ.സി.എസ് എന്ന സാമൂഹിക കൂട്ടായ്മയുടെ ഔപചാരികമായ ഉദ്ഘാടനവും ഫാമിലി നൈറ്റും വരുന്ന മെയ് 10-ാം തീയതി ശനിയാഴ്ച വൈകുന്നേരം ഓക് ബ്രൂക്കിലെ ഷിക്കാഗോ മാരിയറ്റ് ഓക് ബ്രൂക്ക് ഹോട്ടലിൽ നടക്കാനിരിക്കെ സംഘടനയുടെ പ്രഥമ പ്രസിഡന്റായ ഡോ. ബിനു ഫിലിപ്പ് എം.ഒ.സി.എസിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ച് അഭിമുഖ സംഭാഷണത്തിലൂടെ വിശദീകരിക്കുന്നു.

***? മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സൊസൈറ്റി ഓഫ് ഷിക്കാഗോ രൂപീകരിക്കാനുണ്ടായ സാഹചര്യം...***



* ഇപ്പോഴത്തെ മൂന്നാം തലമുറയ്ക്ക് സ്വന്തം സമുദായത്തിന്റേതായ ഒരു ഫീലിംഗ് ഇല്ല. ആത്മീയ കാര്യങ്ങളിൽ നിന്ന് കുട്ടികൾ അകന്ന് പൊയ്ക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. വിവിധ സ്റ്റേറ്റുകളിലെല്ലാം നിരവധി പള്ളികൾ ഉണ്ട്. എന്നാൽ ഇടവക അംഗങ്ങൾ തമ്മിൽ ഈടുറ്റ ബന്ധം ഉണ്ടാവുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് കുട്ടികൾക്ക് പരസ്പരം പരിചയപ്പെടുവാനും ആത്മബന്ധം സ്ഥാപിക്കാനും പറ്റുന്നില്ല. യുവജനങ്ങളും ഇതേ അവസ്ഥയിൽ തന്നെയാണ്. മക്കളൊക്കെ ജോലിയും മറ്റുമായി ദൂരസ്ഥലങ്ങളിലായതിനാൽ അവരുടെ വൃദ്ധ മാതാപിതാക്കൾ വീടുകളിൽ ഒറ്റപ്പെട്ടു കഴിയുന്നു. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം എന്ന നിലയിലാണ് ഈ സൊസൈറ്റിക്ക് രൂപം കൊടുത്തത്.

***? പുതിയ തലമുറ എന്തുകൊണ്ട് വിശ്വാസത്തിൽ നിന്ന് അകന്നു പോകുന്നു...***

* അവരുടെ പ്രവർത്തന മണ്ഡലം വളരെ പരിമിതമാണ്. ഓരോ പള്ളികളിലും വളരെ കുറച്ച് കുട്ടികൾ മാത്രമേ ഉള്ളൂ. ഈ സഭയിൽ തന്നെയുള്ള കുട്ടികൾക്ക് പരസ്പരം സമ്പർക്കം പുലർത്താനുള്ള വേദി തന്നെ നിലവിലില്ല. അതുകൊണ്ട് അവർ വിശ്വാസത്തിൽ നിന്ന് മനപ്പൂർവമല്ലാതെ മാറിപ്പോവുകയാണ്.

***? റിട്ടയർ ചെയ്ത മാതാപിതാക്കളുടെ അവസ്ഥയും മാറേണ്ടതല്ലേ...***

* അതെ, ഇഷ്ടപ്പെട്ട കൂട്ടുകാരും വിനോദ ഉപാധികളും ഒന്നുമില്ലാതെ വീടുകളിൽ അടച്ചു പൂട്ടി കഴിയുന്നവരാണ് വയോധികർ ഉൾപ്പെടെയുള്ള മാതാപിതാക്കൾ. ഞായറാഴ്ചകളിൽ മാത്രം പള്ളികളിൽ പോയി കുർബാന കണ്ട് മടങ്ങി വരുന്നതൊഴിച്ച് അവർ പുറത്തിറങ്ങുന്നില്ല. മറ്റൊരു കാര്യത്തിലും അവർ വ്യാപൃതരുമല്ല.

***? ഈ പ്രശ്നം എപ്രകാരമാണ് പരിഹരിക്കാൻ സാധിക്കുക...***

* ഇതിനായി നമ്മൾ ഒരു കമ്മ്യൂണിറ്റി സെന്റർ വിഭാവനം ചെയ്യുന്നുണ്ട്. പ്രായമേറിയവർക്കെല്ലാം അവിടെയെത്തി സംസാരിക്കുവാനും പലവിധ വിനോദങ്ങളിലും ആക്ടിവിറ്റികളിലും മറ്റും ഏർപ്പെടുവാനും ഉള്ള സംവിധാനങ്ങൾ ഉണ്ടാക്കും. ഷിക്കാഗോ ലാൻഡിന്റെ നല്ലൊരു ഏരിയയിലായിരിക്കും ഈ കമ്മ്യൂണിറ്റി സെന്റർ സ്ഥാപിക്കുക. പ്രായഭേദമെന്യേ എല്ലാവർക്കും ഒന്നിച്ചു ചേരുവാനുള്ള ഈ കമ്മ്യൂണിറ്റി സെന്റർ എം.ഒ.സി.എസിന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ്. മലങ്കര ഓർത്തഡോക്സ് കുടുംബാംഗങ്ങൾക്ക് സായാഹ്നങ്ങളിൽ ഒരുമിച്ച് കൂടി വിശേഷങ്ങൾ പങ്കുവയ്ക്കാനും കുട്ടികൾക്കും മുതിർന്നവർക്കും കലാ കായിക രംഗങ്ങളിലെ മികവ് പ്രകടിപ്പിക്കുന്നതിനൊപ്പം സഭാ വിശ്വാസവും കൂടി ഊട്ടിയുറപ്പിക്കാനുള്ള വേദികൂടിയായിരിക്കും ഈ കമ്മ്യൂണിറ്റി സെന്റർ.

***? എം.ഒ.സി.എസ് ഒരു സാമുദായിക സംഘടന ആയിട്ടാണോ പ്രവർത്തിക്കുക...***

* ഒരു സാമുദായിക സംഘടനയ്ക്കുപരിയായി വിശ്വാസവും ആത്മീയതയും ചോർന്നു പോകാത്ത സാമൂഹിക സംഘടന എന്ന നിലയിലായിരിക്കും എം.ഒ.സി.എസ് പ്രവർത്തിക്കുക. ഏതെങ്കിലുമൊരു പാരീഷുമായി ബന്ധപ്പെട്ടല്ല ഈ സൊസൈറ്റിയുടെ പ്രവർത്തനം. ഷിക്കാഗോ ലാൻഡിലെ നാല് പള്ളികളിലുള്ളവരാണ് സൊസൈറ്റിയിലെ അംഗങ്ങൾ.



***? ഏതൊക്കെയാണ് ആ പള്ളികൾ...***

* ഓക്‌ലോണിലെ സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്, എൽമോയിസ്റ്റിലെ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച്, ബെൽവുഡിലുള്ള സെന്റ് ഗ്രിഗോറിയോസ് കത്തീഡ്രൽ ചർച്ച്, സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച് എന്നീ പള്ളികളിലുള്ള അറുന്നൂറോളം കുടുംബങ്ങളാണ് എം.ഒ.സി.എസിലെ അംഗങ്ങൾ. 1972-ൽ സ്ഥാപിച്ച സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ചിലെ അംഗങ്ങൾ പല കാലങ്ങളിൽ വിഘടിച്ചു മാറിയാണ് മറ്റ് പള്ളികൾ സ്ഥാപിച്ചത്. ഇനി എല്ലാവരും ഒന്നാകാനുള്ള സാധ്യത ഇല്ലാത്തതുകൊണ്ടാണ് ഒരു സൊസൈറ്റിയുടെ കീഴിൽ ഏവരെയും അണിനിരത്തുന്നത്.

***? ഷിക്കാഗോയിലെ സഭയുടെ വളർച്ചയെ പറ്റി...***

* എഴുപതുകളിൽ നാലോ അഞ്ചോ കുടുംബങ്ങൾ മാത്രമായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. ഇപ്പോഴത് 600 കുടുംബങ്ങളായി വർദ്ധിച്ചു. പ്രതികൂലമായ കാലാവസ്ഥയെ തുടർന്ന് അനേകം പേർ ഡാളസിലേക്കും മറ്റും താമസം മാറ്റിയിട്ടുണ്ട്. അവരൊന്നും പോയില്ലായിരുന്നുവെങ്കിൽ ഇപ്പോഴിവിടെ 1500-ഓളം കുടുംബങ്ങൾ ഉണ്ടാകുമായിരുന്നു.

***? മറ്റ് സ്റ്റേറ്റുകളിൽ എം.ഒ.സി.എസിന്റെ യൂണിറ്റുകൾ സ്ഥാപിക്കാൻ സാധ്യതയുണ്ടോ...***

* താത്പര്യമുള്ളവർക്ക് ആവാം. അങ്ങനെ എം.ഒ.സി.എസ് നോർത്ത് അമേരിക്കയാകെ വ്യാപിക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ആ സ്വപ്നം സഫലമായാൽ 'മലങ്കര ഓർത്തഡോക്സ് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക' എന്ന വിപുലമായ ഒരു അംബ്രല്ല ഓർഗനൈസേഷൻ രൂപീകരിക്കാനാവും. ഈ പേര് നമ്മൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

***? എം.ഒ.സി.എസ് രൂപീകരിക്കാനുള്ള ലീഗൽ പ്രോസസ് എന്തായിരുന്നു...***

* 2024 ഫെബ്രുവരി 10-ാം തീയതി മേൽ സൂചിപ്പിച്ച നാല് പള്ളികളിലെ കുടുംബാംഗങ്ങൾ ഒത്തു ചേർന്നാണ് ഈ കൂട്ടായ്മ രൂപീകരിക്കാൻ തീരുമാനിച്ചത്. ഫെബ്രുവരി 26-ന് ഇല്ലിനോയി സ്റ്റേറ്റുമായി എം.ഒ.സി.എസ് രജിസ്റ്റർ ചെയ്തു. അങ്ങനെ എം.ഒ.സി.എസ് എന്ന പേര് നിയമാനുസൃതം സ്ഥാപിച്ചു കിട്ടി. ജൂലൈ മാസത്തിൽ ഫെഡറൽ ഗവൺമെന്റുമായി രജിസ്റ്റർ ചെയ്തു. അങ്ങനെ ഫെഡറൽ ഗവൺമെന്റിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഒരു സോഷ്യൽ-ചാരിറ്റബിൾ-നോൺ പ്രോഫിറ്റ്

ഓർഗനൈസേഷനായി എം.ഒ.സി.എസ് നിലവിൽ വന്നു.

***? എന്താണ് എം.ഒ.സി.എസിന്റെ ചാരിറ്റി പദ്ധതികൾ...***

* ഹെൽത്ത് കെയർ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ആളുകൾക്ക് സൊസൈറ്റി സഹായം എത്തിച്ചു കൊടുക്കും. ഇതു സംബന്ധിച്ച് ഗൗരവമായ ആലോചനകൾ നടക്കുന്നുണ്ട്. റിട്ടയർ ചെയ്ത് ഒറ്റപ്പെട്ടു കഴിയുന്ന മുതിർന്നവരെ പരിചരിക്കാൻ ആരും തന്നെ അടുത്തില്ലാത്ത അവസ്ഥയുണ്ട്. അവരെ സഹായിക്കാനും ശുശ്രൂഷിക്കാനും, ഈ മേഖലയിൽ ജനസമ്മതി നേടിയ സംഘടനകളുമായി കൈ കോർത്തു കൊണ്ട് എം.ഒ.സി.എസ് സേവനം വ്യാപിപ്പിക്കും. വൃദ്ധരായ നമ്മുടെ മാതാപിതാക്കളെ കാണാൻ മക്കൾക്കും കൊച്ചുമക്കൾക്കും ബന്ധുമിത്രാദികൾക്കുമെല്ലാം അവസരമുണ്ടാകും.

***? വനിതകളെ സംബന്ധിച്ച്...***

* അമേരിക്കൻ മലയാളി സമൂഹത്തിലെ ഇതര സാമൂഹിക-സാംസ്കാരിക-സാമുദായിക സംഘടനകളിൽ ഉള്ളതുപോലെ തന്നെ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്ന ഒരു വനിതാ ഫോറം നമ്മൾ രൂപീകരിക്കും. അതുപോലെ യൂത്ത് ഫോറവും കിഡ്സ് ഫോറവും ഉണ്ടാവും. വനിതകളുടെയും യുവാക്കളുടെയും കുട്ടികളുടെയുമൊക്കെ ആക്റ്റിവിറ്റികൾ ഇപ്പോൾ നടക്കുന്നത് അതാതു പള്ളികൾ കേന്ദ്രീകരിച്ചാണ്. എന്നാൽ എം.ഒ.സി.എസിന്റെ വിവിധ ഫോറങ്ങൾ നിലവിൽ വരുന്നതോടു കൂടി അതിനെല്ലാം ഒരു ഏകീകൃത സ്വഭാവം കൈവരും.




***? എം.ഒ.സി.എസിന്റെ ഭരണക്രമം എങ്ങനെയാണ്...***

* രണ്ട് തരത്തിലുള്ള സംവിധാനമാണ് ഉള്ളത്. ആറ് പേരുള്ള ട്രസ്റ്റി ബോർഡും, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, ജോയിന്റ് സെക്രട്ടറി എന്നിവരടങ്ങിയ എക്സിക്യൂട്ടീവ് ബോർഡുമാണ് ഭരണം നിർവഹിക്കുന്നത്.

***? ആർക്കൊക്കെയാണ് ഈ സൊസൈറ്റിയിൽ അംഗത്വം ലഭിക്കുക...***

* ഇല്ലിനോയി, ഇൻഡ്യാന, വിസ്കോൺസിൻ, മിസോറി എന്നീ സ്റ്റേറ്റുകളിൽ നിന്നുള്ളവർ അംഗത്വത്തിന് അർഹരാണ്. മിഷിഗണിൽ ഉള്ളവർക്ക് ഇപ്പോൾ താത്കാലിക മെമ്പർഷിപ്പ് കൊടുക്കുന്നുണ്ട്. അംഗത്വത്തിന് അപേക്ഷിക്കുന്നവർ അമേരിക്കൻ സിറ്റിസണോ സ്ഥിര താമസക്കാരോ ആവണം. എച്ച് വൺ ബി വിസ ഉള്ളവർക്കും അംഗമാകാം. 18 വയസ് കഴിഞ്ഞവർക്ക് വിവിധ ബോർഡുകളിൽ ഭാരവാഹിത്വം വഹിക്കാൻ യോഗ്യതയുണ്ട്.

***

ഡോ. ബിനു ഫിലിപ്പിന്റെ ഭാര്യ ഡോ. സിബിൽ ഫിലിപ്പ് ഇന്ത്യയിൽ നിന്നും എം.ബി.ബി.എസ് കരസ്ഥമാക്കി അമേരിക്കയിലെത്തിയ ശേഷം സെന്റ് ഫ്രാൻസിസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഹെൽത്ത് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റേഴ്സും നേടി. കുറച്ചുകാലത്തെ പ്രാക്ടീസിനെ തുടർന്ന് ഷിക്കാഗോ മലയാളി അസോസിയേഷനിലൂടെ ജീവകാരുണ്യ പ്രവർത്തന മേഖലയിൽ സജീവമായി. നിലവിൽ അസോസിയേഷന്റെ ജോയിന്റ് ട്രഷററായ ഡോ. സിബിൽ ഫിലിപ്പ് ഫ്ളവേഴ്സ് ടി.വി യു.എസ്.എയുടെ അവതാരകയും സജീവ പ്രവർത്തകയുമാണ്. നൃത്തത്തിൽ പ്രാവീണ്യമുള്ള ഡോ. സിബിൽ ഫിലിപ്പ് സാംസ്കാരിക രംഗത്തും അറിയപ്പെടുന്ന വ്യക്തിത്വമാണ്.

ഡോ. ബിനു ഫിലിപ്പ്-ഡോ. സിബിൽ ഫിലിപ്പ് ദമ്പതികൾക്ക് മൂന്ന് മക്കളുണ്ട്. മികച്ച ഗായികയായ മൂത്ത മകൾ ക്രിസ്റ്റീൻ ഫിലിപ്പ് ഡാളസ് സെന്റ് അഗസ്റ്റിൻ യൂണിവേഴ്സിറ്റിയിൽ ഡോക്ടർ ഓഫ് ഫിസിയോതെറാപ്പി പ്രോഗ്രാം ചെയ്യുന്നു. രണ്ടാമത്തെ മകൻ സിറിൽ ഫിലിപ്പ് ഷിക്കാഗോ ഡി പോൾ യൂണിവേഴ്സിറ്റി ബാച്ചിലർ ഓഫ് ഫിനാൻസ് വിദ്യാർത്ഥിനിയാണ്. ഇളയ മകൻ സ്റ്റെഫാൻ ഫിലിപ്പ് 12-ാം ക്ലാസിൽ പഠിക്കുന്നു.

കർമമേഖലയിലെ തിരക്കുപിടിച്ച ജീവിത സാഹചര്യങ്ങൾക്കിടയിലും തന്റെ മാതൃസഭയെയും സഭാകുടുംബാംഗങ്ങളെയും ഹൃദയത്തോടു ചേർത്തു നിർത്തിക്കൊണ്ടുള്ള ഡോ. ബിനു ഫിലിപ്പിന്റെ സ്നേഹവും കരുതലും അനുകരണീയവും അഭിനന്ദനാർഹവുമാണ്. അദ്ദേഹം ഏറ്റെടുത്തിരിക്കുന്ന മാതൃകാപരമായ എല്ലാ പ്രവർത്തനങ്ങളും വിജയപ്രദമാവട്ടെയെന്ന് ഹൃദയപൂർവം ആശംസിക്കുന്നു.



# വ്യത്യസ്ത ഹോസ്പിറ്റലുകളിൽ ജോലി ചെയ്യുന്ന നഴ്സുമാരായ ആൻസിയും മകൾ സ്റ്റേസിയും

# രണ്ടുപേർക്കും ഒരേ ദിവസം ഡെയ്സി അവാർഡ്




**പോൾ ഡി പനയ്ക്കൽ**

ഒരു സാധാരണ നഴ്സിന്റെ ഗുണങ്ങൾ എന്തൊക്കെയാണെന്ന് ചോദിച്ചാൽ പലരും മറുപടി നൽകുന്നത് പല വിധത്തിലാണ്. പ്രതീക്ഷയും പല വിധത്തിലത്രേ! ആരോഗ്യ-അസുഖ കാര്യങ്ങൾ മനസ്സിലാക്കി സഹായിക്കാനായി സഹാനുഭൂതിയോടെയുള്ള സമീപനം; ശ്രദ്ധിച്ചു കേൾക്കാനുള്ള മനസ്ഥിതി; നിർണ്ണായക തീരുമാനമെടുക്കാനുള്ള കഴിവും അറിവും; അങ്ങനെ പോകുന്നു ഒരു നഴ്സിന്റെ ഗുണ നിലവാരത്തിന്റെ നിര. ഒരു ആരോഗ്യ പരിപാലന സ്ഥലത്തെത്തുന്നയാൾക്ക്, പക്ഷെ, പ്രതീക്ഷിക്കുന്ന ഗുണ നിലവാരങ്ങൾക്കു മുകളിലും അതിനപ്പുറവും കടന്ന് പരിപാലനം ലഭിച്ചാലോ? ആ നഴ്സിന്റെ മുദ്ര തന്നെ അയാളുടെ മനസ്സിൽ പതിയും. അത്തരത്തിലുള്ളവരുടെ പ്രതികരണമാണ് പലപ്പോഴും നഴ്സുമാർക്ക് ഓർക്കാപ്പുറത്തുള്ള അംഗീകാരമായി എത്തുന്നത്. മലയാളികളായ ആൻസി തോമസും മകൾ സ്റ്റേസി തോമസും - ഇരുവരും വ്യത്യസ്ഥ സ്ഥാപനങ്ങളിൽ സേവനം ചെയ്യുന്ന നഴ്സുമാർ. രണ്ടുപേർക്കും അവരവരുടെ സ്ഥാപനത്തിൽ നിന്ന് ഓർക്കാപ്പുറത്ത് ഒരേ ദിവസം ഒരേ പേരിലുള്ള അവാർഡ്! തികച്ചും അനന്യസാധാരണമായ സംഭവം.

കാരുണ്യത്തിൽ അധിഷ്ഠിതമായ, സാമാന്യാധികമായ ക്ലിനിക്കൽ ശുശ്രൂഷ ദൈനംദിനം നൽകുന്ന നഴ്സുമാർക്ക് നൽകുന്ന ഡെയ്സി അവാർഡാണ് ലോങ്ങ് ഐലൻഡിലെ പ്ലെയിൻവ്യൂ ഹോസ്പിറ്റലിൽ ഓപ്പറേറ്റിംഗ് റൂമിൽ ജോലി ചെയ്യുന്ന അമ്മയെയും സയോസ്സെറ്റ് ഹോസ്പിറ്റലിൽ ടെലിമെട്രിയിൽ ജോലി ചെയ്യുന്ന മകളെയും തേടി എത്തിയത്. രോഗികളിൽ നിന്നും അവരുടെ കുടുംബങ്ങളിൽ നിന്നുമുള്ള നോമിനേഷനുകൾ സ്വീകരിച്ച് അവയിൽ നിന്നാണ് ഡെയ്സി ഫൗണ്ടേഷൻ നൽകുന്ന ഈ അവാർഡിന് നഴ്സിനെ തെരഞ്ഞെടുക്കുന്നത്. നഴ്സിന്റെ തനതായ സേവനത്തെ അഗാധമായ കൃതജ്ഞതയോടെ അർത്ഥവത്തായി ആദരിക്കുകയാണ് ഡെയ്സി

ഫൗണ്ടേഷന്റെ ലക്ഷ്യം. 1999-ഇൽ ഒരു ഓട്ടോ-ഇമ്മ്യൂൺ രോഗബാധിതനായി മുപ്പത്തിമൂന്നാം വയസ്സിൽ മരിക്കുന്നതിനു മുൻപ് ഹോസ്പിറ്റലിൽ ചെലവഴിച്ച എട്ടാഴ്ചകളിൽ പാട്രിക് ബാർൺസ് എന്ന യുവാവിന് നഴ്സുമാർ നൽകിയ അവിശ്വസനീയമായ അനുകമ്പയും സുസ്രൂഷയും നിറഞ്ഞ അനുഭവമാണ് നഴ്സുമാരെ ആദരിക്കുന്നതിന് അയാളുടെ കുടുംബത്തിനെ DAISY (Diseases Attacking the Immune System) എന്ന പേരിൽ ഇത്തരം ഒരു അവാർഡ് നൽകുന്നതിനുള്ള പ്രചോദനം നൽകിയത്. തങ്ങളുടെ കുടുംബത്തിലെ ഏറ്റവും അന്ധകാരാവൃതമായ ആ കാലഘട്ടത്തിൽ നഴ്സുമാരിൽ നിന്ന് ലഭിച്ച സഹാനുഭൂതിയും മൃദുലത നിറഞ്ഞ പിന്തുണയും സ്നേഹം നിറഞ്ഞ ആലിംഗനവും തങ്ങൾക്ക് വളരെയധികം ലാഘവം നല്കുകയുണ്ടായെന്ന് അവർ അവാർഡ് നല്കവേ സ്മരിക്കുന്നു. സിയാറ്റിലിലെ ഒരു കാൻസർ കെയർ ഹോസ്പിറ്റലിൽ തുടങ്ങിയ അവാർഡ് ദാനം ഇപ്പോൾ അമേരിക്കയിലെ നൂറു കണക്കിനു ഹോസ്പിറ്റലുകളിലും ജപ്പാൻ, കൊറിയ, സൗദി അറേബ്യ, യൂഎഇ, ഫിലിപ്പീൻസ്, ഖത്തർ, ലെബനൻ, ഫ്രാൻസ്, ബെൽജിയം എന്നീ രാജ്യങ്ങളിലെ നഴ്സുമാർക്കും നൽകുന്നുണ്ട്. കൈ കൊണ്ട് സാംബിയയിൽ നിർമ്മിച്ച ഒരു പ്രതിമ, പിൻ, ബഹുമതി പത്രം, അവർക്ക് ബഹുമതി നേടിക്കൊടുത്ത നോമിനേഷൻ, ഒരു സമ്മാന സഞ്ചി എന്നിവയും പ്രൊഫഷണൽ ഡെവലൊപ്മെന്റിനും വിദ്യാഭ്യാസത്തിനും ആരോഗ്യപ്രദാനമായ ബെനെഫിറ്റുകളുമാണ് സമ്മാനം. ആൻസിയുടെയും സ്റ്റേസിയുടെയും സഹപ്രവർത്തകരും സ്ഥാപനത്തിന്റെ നേതൃത്വവും നോമിനേറ്റ് ചെയ്തവരും ചേർന്ന് അവരറിയാതെ ആഘോഷിക്കുന്ന സ്ഥലം അലങ്കരിച്ച് ആഘോഷസമയത്തിനനുസരിച്ചുള്ള ഭക്ഷണ സാധനങ്ങളൊരുക്കിയ ശേഷം ആദരിക്കുന്ന നഴ്സിനെ യാതൊരു മുൻ സൂചനയില്ലാതെ കൊണ്ടുവന്ന് ആശ്ചര്യപ്പെടുത്തുക എന്നതാണ് ഡെയ്സി അവാർഡ് നൽകുന്നതിന്റെ ആചാരം.




തനിക്ക് ഡെയ്സി അവാർഡ് ലഭിച്ച കാര്യം മകൾ സ്റ്റെയ്സിയെ അറിയിക്കാൻ ഫോൺ ചെയ്ത ആൻസി കേട്ടത് സ്റ്റേസിക്കും അവാർഡ് കിട്ടിയതാണ്. 'പറഞ്ഞറിയിക്കാനാവാത്ത സന്തോഷവും ചാരിതാർഥ്യവും നഴ്സിംഗ് സേവനത്തിന്റെ അമൂല്യമായ പ്രതിഫലവും കിട്ടിയ പ്രതീതി! മുപ്പതു കൊല്ലത്തെ സെർവീസിന്റെ ഫലം ഒന്നിച്ചു കിട്ടിയ പോലെ. 'ആൻസി മനോഗതം വെളിപ്പെടുത്തി. 'ദുർബലരായ പേഷ്യന്റ്സിന്റെ വിഷമാവസ്ഥയിൽ അവർക്ക് സഹായം നൽകുക – അത് ചിലപ്പോൾ നല്ല ചികിത്സയാവാം; അല്ലെങ്കിൽ ഇമോഷണൽ സപ്പോർട്ട് ആവാം അല്ലെങ്കിൽ ചിലപ്പോൾ വളരെ സിമ്പിൾ ആയ സഹാനുഭൂതിയോടെയുള്ള പെരുമാറ്റമാവാം. ഇതെല്ലാം പേഷ്യന്റ്സിന്റെ വിഷമ ദിവസങ്ങളിൽ വളരെ പോസിറ്റീവ് ആയ വ്യത്യാസം ഉണ്ടാക്കും ഇതെല്ലാം ഞങ്ങളുടെ നഴ്സിംഗ് ജീവിതത്തിൽ സാധാരണമായുണ്ടാകുന്ന കാര്യങ്ങളാണ്. ' ആൻസിയും സ്റ്റേസിയും ഒരേ സ്വരത്തിൽ പറഞ്ഞു.

സ്റ്റേസി നഴ്സായി ജോലി തുടങ്ങിയിട്ട് അധികം നാളായിട്ടില്ല. തുടർന്നു പഠിച്ച് നേഴ്സ് ഇൻഫോർമാറ്റിസിസ്റ്റ് ആകണമെന്ന് വിചാരിക്കുന്നു. നോർത്ത് വെൽ ഹെൽത്തിന്റെ 'ട്രൂലി അവാർഡ്', 'ഫ്ലോറൻസ് നൈറ്റിങ്കേൽ' എന്നിവ ആൻസിയ്ക്ക് ഇതിനു മുൻപ് ലഭിച്ചിരുന്നു.

ATTORNEY AT LAW
VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208

# ഓ.സി.ഐ കാർഡ് റദ്ദാക്കിയതിനെതിരെ മാധ്യമ പ്രവർത്തകൻ ഇന്ത്യൻ സർക്കാരിന് എതിരെ കേസ് ഫയൽ ചെയ്തു



**പി പി ചെറിയാൻ**

ന്യൂയോർക്ക്: ഒരു പ്രമുഖ ഇന്ത്യൻ ബിസിനസുകാരനെ വിമർശിക്കുന്ന വാർത്ത റോയിട്ടേഴ്സ് പ്രസിദ്ധീകരിച്ച ശേഷം, തന്റെ ഓ.സി.ഐ. കാർഡ് (ഓവർസീസ് സിറ്റിസൺഷിപ്പ് ഓഫ് ഇന്ത്യ കാർഡ്) ഏകപക്ഷീയമായി റദ്ദാക്കിയതിനെ ചോദ്യം ചെയ്തു യുഎസ് പത്രപ്രവർത്തകൻ റാഫേൽ സാറ്റർ ഇന്ത്യൻ സർക്കാരിനെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്തു

റോയിട്ടേഴ്സ് വാർത്താ ഏജൻസിക്ക് വേണ്ടി സൈബർ സുരക്ഷ റിപ്പോർട്ട് ചെയ്യുന്ന റാഫേൽ സാറ്ററിന് 2023 ഡിസംബർ ആദ്യം ഇന്ത്യയുടെ ആഭ്യന്തര മന്ത്രാലയത്തിൽ നിന്ന് ഒരു കത്ത് ലഭിച്ചു, ഇന്ത്യയുടെ പ്രശസ്തിക്ക് 'ദുരുദ്ദേശ്യപരമായി' കളങ്കം വരുത്തിയെന്നും അതിനാൽ അദ്ദേഹത്തിന്റെ ഓ.സി.ഐ കാർഡ് റദ്ദാക്കിയെന്നും അതിൽ അറിയിച്ചു.

ഇന്ത്യൻ വംശജരായ വിദേശ പൗരന്മാർക്കോ ഇന്ത്യൻ പൗരന്മാരെ വിവാഹം കഴിച്ചവർക്കോ ആണ് OCI കാർഡ് ലഭിക്കുക. കാർഡുള്ളവർക്ക് വൈസ് ഇല്ലാതെ ഇന്ത്യയിലേക്ക് പോകാം. കൂടാതെ ഇന്ത്യയിൽ താമസം, തൊഴിൽ എന്നിവ അനുവദിക്കുന്നു. വിവാഹത്തിലൂടെയാണ് സാറ്ററിന് OCI ലഭിച്ചത് . അദ്ദേഹത്തിന്റെ ഒസിഐ പദവി റദ്ദാക്കിയതോടെ, അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ താമസിക്കുന്ന ഇന്ത്യയിലേക്ക് ഇനി യാത്ര ചെയ്യാൻ കഴിയില്ല.

'ശരിയായ അനുമതിയില്ലാതെ പത്രപ്രവർത്തനം നടത്തിയതിനും' അന്താരാഷ്ട്ര രംഗത്ത് ഇന്ത്യൻ സ്ഥാപനങ്ങൾക്കെതിരെ പ്രതികൂലവും പക്ഷപാതപരവുമായ അഭിപ്രായം സൃഷ്ടിച്ചതിനും അദ്ദേഹത്തിന്റെ ഒസിഐ പദവി റദ്ദാക്കിയതായി .സാറ്ററിന് അയച്ച കത്തിൽ പറയുന്നു

എന്നാൽ റോയിട്ടേഴ്സ് ലേഖകനായ സാറ്ററുടെ പത്രപ്രവർത്തനം ഇന്ത്യയുടെ ദേശീയ സുരക്ഷക്ക് എങ്ങനെ ഭീഷണിയായി എന്നതിനെക്കുറിച്ച് ഇന്ത്യൻ സർക്കാർ അദ്ദേഹത്തിന്റെ അഭിഭാഷകർക്ക് വ്യക്തമായ വിവരങ്ങളൊന്നും നൽകിയില്ല.

സാറ്ററുടെ കേസിന്റെ ആദ്യ കോടതി വാദം ഈ ആഴ്ച ഡൽഹിയിൽ നടന്നു. ഗാർഡിയന് അയച്ച പ്രസ്താവനയിൽ, തന്റെ ഒസിഐ റദ്ദാക്കാനുള്ള ഇന്ത്യൻ സർക്കാരിന്റെ തീരുമാനം തന്റെ കുടുംബത്തിലെ അംഗങ്ങളിൽ നിന്നും ഞാൻ വളരെയധികം സ്നേഹവും ബഹുമാനവും പുലർത്തുന്ന ഒരു രാജ്യത്തിൽ നിന്നും എന്നെ ഫലപ്രദമായി വിച്ഛേദിച്ചു എന്ന് സാറ്റർ പറഞ്ഞു.

തീരുമാനം ആഭ്യന്തര മന്ത്രാലയത്തിന്റെ തെറ്റായതോ തെറ്റിദ്ധാരണയുടെയോ ഫലമാണെന്നും തന്റെ അപ്പീലിന് മറുപടി ലഭിക്കാത്തതിനെ തുടർന്നാണ് കോടതിയിൽ പോകാൻ തീരുമാനിച്ചതെന്നും സാറ്റർ പറയുന്നു. ഇന്ത്യയിൽ വച്ച് താൻ ഒരു പത്രപ്രവർത്തനവും നടത്തിയില്ല.

ഇന്ത്യൻ സൈബർ സുരക്ഷാ കമ്പനിയായ അപ്പിനും (Appin) അതിന്റെ സഹസ്ഥാപകനായ രജത് ഖരേയ്ക്കുമെതിരെ റോയിട്ടേഴ്സിൽ എഴുതിയ ലേഖനത്തിന്റെ പേരിൽ ഇന്ത്യയിൽ അദ്ദേഹത്തിനെതിരെ മാനനഷ്ടക്കേസ് ഫയൽ ചെയ്ത അതേ സമയത്താണ് സാറ്ററുടെ OCI റദ്ദാക്കിയതെന്ന് അദ്ദേഹത്തിന്റെ അഭിഭാഷകർ ചൂണ്ടിക്കാട്ടി.

"How an Indian startup hacked the world" എന്ന തലക്കെട്ടിൽ റോയിട്ടേഴ്സിനു വേണ്ടി സാറ്ററുടെ അന്വേഷണം, ആപ്പിനിന്റെ പ്രവർത്തനങ്ങൾ തുറന്നുകാട്ടി. അത് 'എക്സിക്യൂട്ടീവുകൾ, രാഷ്ട്രീയക്കാർ, സൈനിക ഉദ്യോഗസ്ഥർ, ലോകമെമ്പാടുമുള്ള സമ്പന്നരായ ഉന്നതർ എന്നിവരുടെ രഹസ്യങ്ങൾ മോഷ്ടിക്കുന്ന ഒരു ഹാക്ക്-ഫോർ-ഹയർ പവർഹൗസായി' മാറിയെന്ന് ലേഖനം ആരോപിച്ചു.

രജത് ഖരേയുടെ യുഎസ് നിയമ സ്ഥാപനമായ ക്ലെയർ ലോക്ക്, തങ്ങളുടെ ക്ലയന്റും സൈബർ-കൂലിപ്പട്ടാള ബിസിനസും തമ്മിൽ ഒരു ബന്ധവും ഇല്ലെന്നു പറഞ്ഞു. ഖരേ 'ഇന്ത്യയിലോ മറ്റെവിടെയെങ്കിലുമോ നിയമവിരുദ്ധമായ 'ഹാക്ക് ഫോർ ഹയർ' വ്യവസായം നടത്തിയിട്ടില്ല, പിന്തുണച്ചിട്ടില്ല, തീർച്ചയായും സൃഷ്ടിച്ചിട്ടില്ല,' എന്ന് റോയിട്ടേഴ്സിനോട് പറഞ്ഞു.

അപ്പിനെയും ഖരെയും കുറിച്ചുള്ള അന്വേഷണത്തിനിടെ, തനിക്ക് നിരവധി ഭീഷണികൾ ലഭിച്ചതായി സാറ്റർ പറഞ്ഞു, 'അവരിൽ ഒരാൾ ഞാൻ എന്റെ റിപ്പോർട്ട് ഉപേക്ഷിച്ചില്ലെങ്കിൽ 'നയതന്ത്ര നടപടി' ഉണ്ടാകുമെന്ന് സൂചിപ്പിച്ചു.'


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# സെയിന്റ് തെക്ല ഓർത്തഡോക്സ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ ആരംഭിച്ചു



**ഉമ്മൻ കാപ്പിൽ**

നയാക് (ന്യൂയോർക്ക്): നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷൻ സെയിന്റ് തെക്ല ഓർത്തഡോക്സ് ഇടവകയിൽ മാർച്ച് 9 ഞായറാഴ്ച ആരംഭിച്ചു. ഫാമിലി/യൂത്ത് കോൺഫറൻസിനെ പ്രതിനിധീകരിച്ച് കോൺഫറൻസ് സെക്രട്ടറി ജെയ്സൺ തോമസ് ഇടവക സന്ദർശിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിൻറെ ഏറ്റവും വലിയ ആധ്യാത്മിക സമ്മേളനമായ കോൺഫറൻസിന് നേതൃത്വം നൽകുന്ന പ്രമുഖ പ്രഭാഷകർ, വ്യത്യസ്ത പരിപാടികൾ, രജിസ്ട്രേഷൻ വിശദാംശങ്ങൾ, കോൺഫറൻസിനെ പിന്തുണയ്ക്കുന്നതിന് ലഭ്യമായ സ്പോൺസർഷിപ്പ് അവസരങ്ങൾ എന്നിവയെക്കുറിച്ച് ജെയ്സൺ തോമസ് വിശദീകരിച്ചു. നോർത്ത് ഈസ്റ്റ് അമേരിക്കയിലെ വിവിധ ഇടവകകളിൽ നിന്നുള്ള അംഗങ്ങൾ ഈ നാല് ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കും.

വികാരി ഫാ. ഗിവർഗീസ് കോശി മുൻകാല കോൺഫറൻസുകളിൽ തനിക്ക് ലഭിച്ച ഹൃദ്യമായ അനുഭവങ്ങളെക്കുറിച്ച് സംസാരിക്കുകയും ഭദ്രാസനത്തിന്റെ ഈ സുപ്രധാന ആത്മീയ ശുശ്രൂഷയെ പിന്തുണയ്ക്കാൻ എല്ലാ ഇടവകാംഗങ്ങളെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

കോൺഫറൻസിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിന് ഇടവകയിൽ നിന്നുള്ള സംഭാവന ഭാരവാഹികൾ കൈമാറി. നിരവധി അംഗങ്ങൾ രജിസ്ട്രേഷനുകളും സുവനീറിൽ ചേർക്കാൻ ആശംസകളും നൽകി പിന്തുണ വാഗ്ദാനം ചെയ്തു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ – നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു''(ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.










രജിസ്ട്രേഷനും വിശദാംശങ്ങൾക്കും www.fycnead.org സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914-806-4595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917.612.8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ) (ഫോൺ: 917.533.3566) എന്നിവരുമായി ബന്ധപ്പെടുക.

# ഫൊക്കാന കേരളാ കൺവെൻഷൻ :

# തെട്ടടുത്തുള്ള ഒരു റിസോർട്ട് കൂടി ബുക്ക് ചെയ്യുന്നു

**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക് : ഫൊക്കാന കേരളാ കൺവെൻഷൻ 2025 ഓഗസ്റ്റ് ഒന്ന് , രണ്ട് , മുന്ന് തീയതികളിൽ കോട്ടയത്തെ കുമരകത്തുള്ള ഗോകുലം ഗ്രാന്റ് ഫൈവ് സ്റ്റാർ റിസോർട്ടിൽ നടത്തുമ്പോൾ അവിടെത്തെ റൂമുകൾ എല്ലാം സോൾഡ് ഔട്ട് ആയി. ഇപ്പോൾ തന്നെ 10 അധികം രെജിസ്ട്രേഷനുകൾ അധികമായി വന്നതിന്റെ ഭലമായി തെട്ടടുത്തുള്ള ഒരു റിസോർട്ട് കൂടി ബുക്ക് ചെയ്യുവാൻ വേണ്ട നടപിടി തുടങ്ങിയതായി ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

കൂടുതൽ രജിസ്ട്രേഷന് വേണ്ടി അമേരിക്കയുടെ പല ഭാഗത്തു നിന്നും ആവിശ്യക്കാർ ബന്ധപ്പെടുന്നുണ്ട്.

ഫൊക്കാനയുടെ ചരിത്രത്തിൽ ആദ്യമായാണ് ഫൊക്കാനയുടെ ഒരു കേരളാ കൺവെൻഷൻ ഫൈവ് സ്റ്റാർ റിസോർട്ടിൽ നടത്തുന്നതും ഒരു ആഴ്ചക്കുള്ളിൽ മുഴുവൻ റൂമുകളും സോൾഡ് ഔട്ട് ആകുന്നതും.കേരളാ കൺവെൻഷന് വേണ്ടി മുന്ന് ദിവസത്തേക്ക് ഗോകുലം ഗ്രാന്റ് റിസോർട്ട് മുഴുവനായി എടുക്കുകയായിരുന്നു കൂടുതൽ രെജിസ്ട്രേഷനുകൾ വന്നതോട് അടുത്തുള്ള റിസോർട്ട് കൂടി ബുക്ക് ചെയേണ്ടുന്നതായി വന്നത്.




ഫോക്കനയിലെ കൂട്ടായ പ്രവർത്തനം ഇന്ന് സംഘടനയെ ലോകത്തിലെ തന്നെ ഏറ്റവും വലിയതും , പ്രവർത്തനമികവ് ഉള്ള സംഘടനയായി മാറ്റി. യുവത്വവും മികവും കൈമുതലായിഉള്ള ഉജ്വല നേത്രുത്വം ഫൊക്കാനയുടെ അടിമുടിയുള്ള പ്രവർത്തനം തന്നെ മാറ്റി . ഊർജസ്വലരായ ഒരു പറ്റം പേരാണ് ഇന്ന് സംഘടനയെ നയിക്കാൻ അണിനിരക്കുന്നത് . അതുകൊണ്ട് തന്നെ സംഘടനകളുടെ ചരിത്രത്തിൽ തന്നെ അപൂർവമായി കാണുന്ന ഒരു പ്രവർത്തനമാണ് ഇന്ന് ഫൊക്കാനയിൽ ഉള്ളത്.

ഇനിയും ഫൊക്കാന കേരളാ കൺവെൻഷന് പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫൊക്കാന ഭാരവാഹികളുമായി ബന്ധപ്പെടണം. പക്ഷേ തൊട്ടടുത്തുള്ള റിസോർട്ടിൽ മാത്രമായിരിക്കും അക്കോമഡേഷൻ ഉണ്ടായിരിക്കുകയുള്ളൂ.

# ഡോ. ചിറ്റൂർ എ. ശിവറാം അമേരിക്കൻ കോളേജ് ഓഫ് കാർഡിയോളജിയിൽ (MACC) മാസ്റ്റർ



**ശങ്കരൻകുട്ടി, ഹൂസ്റ്റൺ.**

ഒക്ലഹോമ സിറ്റി ഒക്ലഹോമ യൂണിവേഴ്സിറ്റി കോളേജ് ഓഫ് മെഡിസിനിൽ ഡേവിഡ് റോസ് ബോയ്ഡ് പ്രൊഫസറും ഒരു ഹെൽത്തിൽ കാർഡിയോളജിസ്റ്റുമായ ചിറ്റൂർ എ. ശിവറാം, എം.ഡി., അമേരിക്കൻ കോളേജ് ഓഫ് കാർഡിയോളജിയിൽ (MACC) മാസ്റ്റർ ആയി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

മലയാളി കാർഡിയോളജിസ്റ്റിന് ഈ ബഹുമതി ലഭിക്കുന്നത് ഇതാദ്യമായാണ്. നിരവധി വർഷങ്ങളായി കാർഡിയോളജി മേഖലയിലും അമേരിക്കൻ കോളേജ് ഓഫ് കാർഡിയോളജിയിലും സമർപ്പിത സേവനമനുഷ്ഠിക്കുകയും വിദ്യാഭ്യാസം, രോഗി പരിചരണം, പാണ്ഡിത്യം എന്നിവയിൽ മികവ് പ്രകടിപ്പിക്കുകയും ചെയ്തിട്ടുള്ള വളരെ തിരഞ്ഞെടുക്കപ്പെട്ട ഡോക്ടർമാരുടെ ഒരു കൂട്ടത്തെ MACC പദവി അംഗീകരിക്കുന്നു. അമേരിക്കൻ കോളേജ് ഓഫ് കാർഡിയോളജിയിലെ നാല് അംഗങ്ങൾക്ക് മാത്രമേ എല്ലാ വർഷവും ഈ അംഗീകാരം ലഭിക്കൂ.

‘‘ഡോ. ശിവറാമിന്റെ മമികവുറ്റ കരിയറിന് ഇത് അവിശ്വസനീയമായ ഒരു ബഹുമതിയും വലിയ അംഗീകാരവുമാണ്; നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇത്തരമൊരു നാമനിർദേശം അതിലും സവിശേഷമാണ്. കോളേജ് ഓഫ് മെഡിസിനിൽ ഞങ്ങൾക്ക് അദ്ദേഹത്തെക്കുറിച്ച് വളരെ അഭിമാനമുണ്ട്,‘ ഒരു കോളേജ് ഓഫ് മെഡിസിനിലെ എക്സിക്യൂട്ടീവ് ഡീൻ ഇയാൻ ഡൺ, എം.ഡി. പറഞ്ഞു.

ശിവറാം ഒരു കോളേജ് ഓഫ് മെഡിസിനിൽ സേവനമാരംഭിച്ചിട്ട് 32-ാം വർഷമായി. കാർഡിയോവാസ്കുലാർ ഡിസീസസ് വിഭാഗത്തിൽ വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമായുള്ള വൈസ് ചീഫായും ബിരുദ മെഡിക്കൽ വിദ്യാഭ്യാസത്തിനായുള്ള മെഡിസിൻ വൈസ് ചെയർമാനായും സേവനമനുഷ്ഠിക്കുന്നു. മുമ്പ്, അദ്ദേഹം കാർഡിയോവാസ്കുലാർ ഡിസീസസ് ഫെലോഷിപ്പ് പ്രോഗ്രാം നയിക്കുകയും കോളേജ് ഓഫ് മെഡിസിനിന്റെ തുടർച്ചയായ പ്രൊഫഷണൽ വികസനത്തിനായി അസോസിയേറ്റ് ഡീനായും സേവനമനുഷ്ഠിക്കുകയും ചെയ്തു.

ഫിസിഷ്യൻമാർക്കും ആരോഗ്യ പരിപാലന വർക്ക്ഫോഴ്സിലെ മറ്റ് ദാതാക്കൾക്കും തുടർ മെഡിക്കൽ വിദ്യാഭ്യാസം നൽകുന്ന പ്രോഗ്രാമിന് മേൽനോട്ടം വഹിച്ചു. ക്യാമ്പസിലെ തന്റെ കാലത്ത്, ശിവറാം മെഡിക്കൽ വിദ്യാർത്ഥികൾക്കും താമസക്കാർക്കും കാർഡിയോളജി ഫെലോകൾക്കും വിദ്യാഭ്യാസം നൽകുന്നതിൽ സജീവമായി ഇടപെട്ടിട്ടുണ്ട്.

സ്റ്റാന്റൺ എൽ. യംഗ് മാസ്റ്റർ ടീച്ചർ അവാർഡ്, ഒരു റീജന്റ്സ് അവാർഡ് ഫോർ സുപ്പീരിയർ ടീച്ചിംഗ്, എഡ്ഗർ യംഗ് ലൈഫ് ടൈം ടീച്ചിംഗ് അവാർഡ്, മെഡിക്കൽ വിദ്യാർത്ഥികൾ നൽകുന്ന എസ്കുലാപിയൻ അവാർഡ് എന്നിവയുൾപ്പെടെ നിരവധി യൂണിവേഴ്സിറ്റി അവാർഡുകൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ട്രെയിനികൾ യുണൈറ്റഡ് സ്റ്റേറ്റ്സിലുടനീളം കാർഡിയോളജിയിൽ പ്രമുഖ സ്ഥാനങ്ങൾ വഹിക്കുന്നു.

ശിവറാം ഏകദേശം 70 പിയർ-റിവ്യൂഡ് പ്രസിദ്ധീകരണങ്ങളും നിരവധി സംഗ്രഹങ്ങളും എഴുതിയ ഒരു ഗവേഷകനായി സജീവമാണ്. അമേരിക്കൻ സൊസൈറ്റി ഓഫ് എക്കോകാർഡിയോഗ്രാഫിയുടെ ജേണലായ കാർഡിയോവാസ്കുലർ ഇമേജിംഗ് കേസ് റിപ്പോർട്ട്സിന്റെ (CASE) അസോസിയേറ്റ് ഡയറക്ടറായും അദ്ദേഹം സേവനമനുഷ്ഠിക്കുന്നു.

അമേരിക്കൻ ഹാർട്ട് അസോസിയേഷൻ (കൗൺസിൽ ഓൺ ക്ലിനിക്കൽ കാർഡിയോളജി), സൊസൈറ്റി ഓഫ് അക്കാദമിക് കണ്ടിന്യൂയിംഗ് മെഡിക്കൽ എഡ്യൂക്കേഷൻ, ആൽഫ ഒമേഗ ഹോണർ സൊസൈറ്റി എന്നിവയുൾപ്പെടെ നിരവധി പ്രൊഫഷണൽ, ശാസ്ത്ര സമൂഹങ്ങളിൽ അദ്ദേഹം അംഗമാണ്. അമേരിക്കൻ സൊസൈറ്റി ഓഫ് എക്കോകാർഡിയോഗ്രാഫിയുടെ ഫെലോയും അമേരിക്കൻ കോളേജ് ഓഫ് ഫിസിഷ്യേൻസിന്റെ മാസ്റ്ററുമാണ് അദ്ദേഹം.

അമേരിക്കൻ കോളേജ് ഓഫ് കാർഡിയോളജിയിൽ നിന്നുള്ള ഗിഫ്റ്റഡ് എഡ്യൂക്കേറ്റർ അവാർഡും അമേരിക്കൻ ഹാർട്ട് അസോസിയേഷന്റെ ലെയ്നെക് മാസ്റ്റർ ക്ലിനീഷ്യൻ അവാർഡും മറ്റ് ബഹുമതികളിൽ ഉൾപ്പെടുന്നു.

‘‘അമേരിക്കൻ കോളേജ് ഓഫ് കാർഡിയോളജിയിൽ നിന്ന് മാസ്റ്റർ പദവി ലഭിച്ചത് ഒരു ബഹുമതിയായി കണക്കാക്കുന്നു. കാർഡിയോളജി മേഖലയെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ രാജ്യത്തുടനീളമുള്ള അതിന്റെ അംഗങ്ങളുമായി പ്രവർത്തിക്കാനുള്ള ആഗ്രഹവുമുണ്ട്,’’ ശിവറാം പറഞ്ഞു. ‘‘വിദ്യാഭ്യാസം, രോഗി പരിചരണം, ഗവേഷണം എന്നിങ്ങനെയുള്ള ഞങ്ങളുടെ ഓരോ ദൗത്യ മേഖലകളിലും OU ഹെൽത്ത് സയൻസ് സെന്ററിൽ കാർഡിയോളജിയിൽ ഇത്രയധികം വളർച്ചയ്ക്ക് സാക്ഷ്യം വഹിക്കാൻ കഴിഞ്ഞതിൽ എനിക്ക് അഭിമാനമുണ്ട് Dr. ശിവറാം പറഞ്ഞു.

# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!

# ഓർമ്മകൾ വെറും ഓർമ്മകൾ ആയി തന്നെ നിൽക്കട്ടെ



ശ്രീകുമാർ ഉണ്ണിത്താൻ

ഓടി ഒളിക്കാൻ തിടുക്കം കൂട്ടിയ പകലിന്റെ നെറുകയിൽ ചാർത്താൻ അസ്തമയ സൂര്യൻ സിന്ധൂരപൊട്ടുമായി കാത്തുനിന്നു. ചുവപ്പണിഞ്ഞ തൃസന്ധ്യകളെകാൾ എനിക്കിഷ്ടം നിറങ്ങൾ ഇല്ലാത്ത രാവുകൾ ആണ്. കറുപ്പെന്ന സത്യം നീണ്ടു കിടക്കുന്ന രാത്രികൾ, എല്ലായിടത്തും നിശബ്ദമായ ഇരുട്ട് മാത്രം. ഒരു നിശാശലഭമായ് പാറി പറന്നു ദൂരത്തേക്കു എൻറെ സ്വപ്നങ്ങളിലൂടെ അങ്ങകലെ നക്ഷത്ര തീരത്തിലേക്ക് ഒരു യാത്ര പതിവാണ് ഈ രാത്രികളിൽ. എനിക്ക് പ്രിയപ്പെട്ട എത്രയോ പേർ ഈ നക്ഷത്ര കൂട്ടത്തിലേക്കു എത്തിചേർന്നിരിക്കുന്നു.

ഒരു പക്ഷെ നമ്മളെയെല്ലാം ജീവിക്കാൻ പ്രേരിപ്പിക്കുന്നത് സ്വപ്നങ്ങൾ ആവാം. സ്വപ്നങ്ങൾക്ക് എന്നും ഏഴു വർണ്ണമാണ്. പലപ്പോഴും ആ സ്വപ്നങ്ങൾ നെയ്തു കൂട്ടി തന്നെയാണ് നമ്മൾ ഈ ലോകത്തു ജീവിക്കുന്നത് . ആഗ്രഹങ്ങളും, ചിന്തകളും, വേദനകളുമൊക്കെ സ്വപ്നങ്ങളോട് ചേർത്ത് വയ്ക്കുമ്പോൾ ഇരുളിലും നിറഞ്ഞു കത്തുന്ന ദീപ്തസ്മരണകൾ. നിമിഷവേഗത്തിൽ പിന്നിട്ട വർഷങ്ങൾ,പറഞ്ഞു തീരാത്ത ഒട്ടനവധി കഥകൾ,

കൊഴിഞ്ഞു വീഴുന്ന പൂവിതളിന്റെ ആത്മനൊമ്പരം അറിയാതെ വീണ്ടും വിടരാൻ കൊതിക്കുന്ന പൂക്കൾ. പുലരികളെ പ്രണയിക്കുമ്പോഴും,അവരറിയാതെ അവരെ പിന്തുടരുന്ന അസ്തമയങ്ങൾ...അവരെ കാത്തിരിക്കുന്ന രാത്രികൾ. അങ്ങനെ നാം അറിയാതെ നമ്മെ പിന്തുടരുന്ന പലതും.

വെറുതെ ഓരോന്നോർത്തു മയങ്ങി പോയി. ഇത്തവണയും പാതി വഴിയിൽ എന്നെ എന്തോ ഒന്ന് സ്വപ്നത്തിൽ നിന്നും ഉണർത്തി . അല്ലെങ്കിലും ഈ സ്വപ്നങ്ങൾ പൂർണം അല്ലല്ലോ. പൂർണതയിൽ എത്തിയാൽ പിന്നെ അവ സ്വപ്നങ്ങൾ അല്ല. എനിക്ക് പൂർണ്ണമാകാത്ത സ്വപ്നങ്ങളെ ആണിഷ്ടം. പക്ഷേ കാഴ്ചകൾ വ്യക്തമായി ഓർത്തെടുക്കാൻ കഴിയും.

ആ സ്വപ്നത്തിൽ പതിവിനു വിപിരീതമായി ദൈവം എൻറെ അടുത്ത് വന്നു. ഓരോ കാര്യങ്ങളും കഥകളും പറഞ്ഞു ഇരിക്കെ എന്നോടായി ചോദിച്ചു, നിനക്ക് ഇഷ്ടമുള്ള ഒരു വരം ചോദിക്കാൻ അവസരം കിട്ടിയാൽ നീ എന്ത് വരം ചോദിക്കും. ഞാൻ ദൈവത്തോട് ചോദിച്ചു ഇത് കാര്യമായിട്ടാണോ അതോ എന്നെ കളിയാക്കാനാണോ? ''കാര്യമായിട്ട് തന്നെ ... ചോദിച്ചോളൂ..'' കളി പറഞ്ഞതല്ലെന്നു മനസിലായപ്പോൾ .. തമാശ വിട്ട് ഞാൻ ചോദിക്കാൻ തീരുമാനിച്ചു. ഒരു പാട് കാലമായി മനസ്സിലുണ്ടായിരുന്ന ആഗ്രഹം ചോദിച്ചു.

ചെറുപ്പത്തിൽ , വലിയ ആളുകൾ ചിരിച്ചും കളിച്ചും പോകുമ്പോൾ ഞാൻ ഒത്തിരി ആഗ്രഹിച്ചിരുന്നു എത്രയും പെട്ടെന്ന് വലുതാകണമെന്നും. സ്കൂളിൽ പോവണ്ടാത്ത, പാഠപുസ്തകങ്ങൾ ഹൃദിസ്ഥിതം ആക്കേണ്ടാത്ത, അച്ഛന്റെയും അമ്മയുടെയും ശാസന കേൾക്കേണ്ടാത്ത, ആരെയും പേടിക്കേണ്ടാത്ത ഒരു കാലം.

'എനിക്ക് ഒരിക്കൽ കൂടി എന്റെ കുട്ടിക്കാലത്തേക്ക് ഒന്ന് തിരിച്ചു പോകണം... . നിറയെ പൂക്കളും, ചെടികളും, കൂട്ടുകാരും ഉള്ള ആ പഴയ മുറ്റത്ത് ഒന്ന് ഓടി കളിക്കണം, മാവിൽ കയറി മാങ്ങാ പറിക്കണം, പേരക്ക പറിച്ചു തിന്നണം, അമ്പലക്കുളത്തിൽ കൂട്ടുകാരോടൊത്തു നീന്തി കുളിക്കണം, അയൽപക്കത്തെ കുട്ടികളുടെ കൂടെ പന്ത് കളിക്കണം, കൂട്ടുകാരോടൊത്തു വയൽ വരമ്പിലൂടെ നടന്നു സ്കൂളിൽ പോകണം, വഴിവക്കിലുള്ള കാടുകളോടും മരങ്ങളോടും കിന്നാരം പറഞ്ഞു സ്ഥിരമായി വൈകി വരുന്ന ആ പഴയ കുട്ടിയാവണം, വഴിയിലുള്ള തോട്ടിലിറങ്ങി കാലു കൊണ്ട് തട്ടി പരൽ മീനിനെ പിടിച്ചു കുപ്പിയിലാക്കണം, നെല്ലി മരത്തിലും മാവിലും കല്ലെറിയണം,പഴയ ആ വികൃതി ചെറുക്കാനായി ഒന്ന് കറങ്ങി നടക്കണം അങ്ങനെ ഓരോരോ ആഗ്രഹങ്ങൾ പറഞ്ഞുകൊണ്ടേയിരുന്നു..

ഞാൻ ദൈവത്തിനെ ഒന്നുകൂടി നോക്കി, ദൈവം ശ്രദ്ധയോടെ എന്നെ കേൾക്കുകയായിരുന്നു... എന്നോടായി ചോദിച്ചു ഈ കുട്ടികാലം നീ ഒരിക്കൽ അനുഭവിച്ചതല്ലേ? പിന്നെന്തെ ഇപ്പോൾ ഇങ്ങനെ ഒരു ആഗ്രഹം ?

അതെ ഇന്നുള്ള ഈ പ്രാരബ്ദങ്ങളും ബുദ്ധിമുട്ടുകളും കാണുമ്പോൾ ഒരിക്കലും വലുതാകാതിരുന്നെങ്കിൽ എന്ന് തോന്നുന്നു... ഒന്നിനെ കുറിച്ചും ചിന്തിക്കാതെ, ഓണവും വിഷുവും ക്രിസ്മസും എല്ലാം ഒരു പോലെ ആഘോഷിക്കാൻ അന്നത്തെ പോലെ ഇന്ന് കഴിയുന്നില്ല . ആഘോഷം മാത്രമല്ല ..ഓരോ ദിവസവും പുലരുന്നത് പുതിയ പുതിയ പ്രശ്നങ്ങളും ആയാണ്.. അന്നത്തെ പോലെ മനഃസമാധാനത്തോടെ ജീവിക്കാൻ ഒരു കൊതി ,ഒരിക്കൽ കൂടി ഒന്നും അറിയാതെ കളിച്ചും ചിരിച്ചും അച്ഛന്റെയും അമ്മയുടെയും കൈയിൽ തൂങ്ങി നടക്കാൻ ഒരു മോഹം.

നിമിഷവേഗത്തിൽ പിന്നിട്ട വർഷങ്ങൾ... കൂട്ടുകാരോട് പറഞ്ഞു തീരാത്ത ഒട്ടനവധി കഥകൾ... മായാത്ത കൂട്ടി വച്ച മഞ്ചാടികുരുവും കുന്നിമണികളും കൊണ്ട് എഴുതാൻ ശ്രമിച്ച പേരുകൾ.. കൊളുത്തി വച്ച നിലവിളക്കിന്റെ നിഴലിൽ മങ്ങിയ വെളിച്ചത്തിൽ വായിച്ചെടുത്ത പാഠപുസ്തകങ്ങൾ, ഇന്നലെകളുടെ ഒരു ജന്മത്തിലെ മനോഹരമായ

ഏടുകളിൽ മനസ്സ് ചെന്ന് നിൽക്കുന്നു.

വലുതാകണം എന്നത് പ്രകൃതി നിയമമല്ലേ.. വേണ്ടാന്ന് വെക്കാൻ ദൈവത്തിന് പോലും പറ്റില്ലല്ലോ...'' ഓർമ്മകളുടെയും ചിന്തകളുടെയും ഘോഷയാത്രയാണ് ജീവിതം. നീ ഈ പറഞ്ഞതെല്ലാം നിന്റെ മാത്രമല്ല എല്ലാവരുടെയും ആഗ്രഹമാണ്.. ഒരിക്കലും നടക്കില്ലെന്ന് അറിഞ്ഞിട്ടും എല്ലാവരും ആഗ്രഹിക്കുന്ന കാര്യമാണ് തിരിച്ചു പോക്ക് . ജീവിതത്തിൽ ഒരിക്കൽ മാത്രം കിട്ടുന്ന, എന്നാൽ ഒരാൾക്കും ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു സുവർണ കാലമാണ് അത്. എന്തെങ്കിലും വഴിയുണ്ടായിരുന്നെങ്കിൽ എല്ലാവരും ആ കാലത്തേക്ക് മടങ്ങി പോകുമായിരുന്നു. മറുപടി കേട്ടപ്പോൾ ഈ ആഗ്രഹവും നടക്കില്ലെന്ന് എനിക്കുറപ്പായി...

എന്നോടായി പറഞ്ഞു 'നീ ഏത് ലോകത്താ ജീവിക്കുന്നത് ? വല്ല നടക്കുന്ന കാര്യവും പറ.' നിനക്ക് എന്താണ് ജീവിതം എന്നറിയാമോ ??.. .. മാതാപിതാക്കളുടെ ശിക്ഷണത്തിൽ വളരുന്ന ശൈശവം , മധുരിക്കുന്ന ബാല്യം, മറക്കാൻ കഴിയാത്ത സ്കൂൾ ജീവിതം , ചോര തിളപ്പിന്റെ യവ്വനം ... കടമ്പകൾ നിറഞ്ഞ കുടുംബജീവിതം ... നിർജീവമായ വാർദ്ധക്യം ....ഇത് എല്ലാവർക്കും പറഞ്ഞിട്ടുള്ളതാണ്.. ആരാലും മാറ്റാൻ കഴിയാത്തതും. ഒരിക്കൽ ആടിയ വേഷം പിന്നീടു സാധ്യമാകാത്ത നാടകമാണ് ജീവിതം.''' കുമിള പോലുള്ള ജീവിതത്തിൽ സങ്കടപ്പെടുവാൻ നേരമില്ല, ജീവിതത്തിന്റെ ഓരോ കാലഘട്ടവും ആസ്വദിക്കുക ജീവിതം ആനന്ദിക്കുക. അപ്പോൾ ചെയ്യേണ്ടുന്ന കാര്യങ്ങൾ ചെയ്യുക, പിന്നീട് അതിനെക്കുറിച്ച് ആവലാതിപ്പെടാതിരിക്കുക. നഷ്ടപ്പെട്ടതിനെ ഓർത്തു വിലപിച്ചിട്ട് എന്ത് കാര്യം.

നിനക്ക് ഇന്നത്തെ കുട്ടികളെ അറിയില്ല.അവർ ശാസ്ത്രത്തിന്റെ സംഭാവനകൾ ആണ്. ശാസ്ത്ര സാങ്കേതിക വിദ്യയിലൂടെ കളിച്ചും, പഠിച്ചും, സഹവസിച്ചും വളരുന്ന കുട്ടികൾ. നീ അടുത്തറിഞ്ഞ ഇന്നലെകൾ അവർക്കു അന്യമാണ്. അവർക്ക് അത് ഒരു ചരിത്രമാണ്. നിന്റെ ചിന്താഗതികൾക്ക് 50 വർഷത്തിലധികം പഴക്കമുണ്ട് , പഴഞ്ചനായ നിന്റെ ആശയങ്ങൾകൊണ്ടും, ആഗ്രഹങ്ങൾകൊണ്ടും. ഈ കാലത്തിനൊത്തു കുട്ടികൾ ആയി ജീവിക്കുവാൻ പ്രയാസമാണ് . ഇപ്പോഴത്തെ കുട്ടികൾ അമ്മയെയും അച്ഛനെയും വരെ കൊല്ലാനുള്ള മനസികാവസ്ഥയുള്ള കുട്ടികൾ ആണ്. നീ അന്ന് കണ്ട ലോകമല്ല ഇന്ന് , നീങ്ങുക. കഴിഞ്ഞ കാലത്തിന്റെ മധുരിക്കുന്ന ഓർമ്മകൾ ഒരു മയിൽപീലി തുണ്ടു പോലെ മനസ്സിൽ സൂക്ഷിക്കുക!.

അതെ, ജീവിതം നീർക്കുമിള പോലെ നൈമിഷികമാണ്.. തിരിച്ചു പോക്ക് അസാധ്യവും. അവസാനമറിയാത്ത യാത്രയിൽ വഴിയിൽ വച്ച് പലതും നഷ്ടമാവാം. ബന്ധുമിത്രാദികൾ, സമ്പത്ത് , ആരോഗ്യം, അങ്ങനെ പലതും. അവസാന രംഗവും ആടിക്കഴിയുമ്പോൾ ഓർമിക്കപ്പെടുന്നത് നമ്മുടെ പ്രവൃത്തിയുടെ അവശേഷിപ്പുകൾ മാത്രമായിരിക്കും .

തിരികെ നടക്കുക അസാധ്യമായ ഒരു കാര്യമാണ്. ദൈവത്തിന് പോലും കഴിയാത്ത കാര്യം. അതിനെപ്പറ്റി ഓർത്തു വിഷമിക്കാതിരിക്കുക . പൊലിഞ്ഞു പോയ പഴകിയ ഓർമ്മകൾ വെറും ഓർമ്മകൾ ആയി തന്നെ നിൽക്കട്ടെ

# ലഹരിവിരുദ്ധ പോരാട്ടത്തിനൊരുങ്ങി വേൾഡ് മലയാളി ഫെഡറേഷൻ

കൊച്ചി: സമീപകാലത്ത് ലഹരിമൂലം കേരളത്തിലെ യുവാക്കൾ നടത്തിവരുന്ന അക്രമസംഭവങ്ങൾ ഏതൊരു മലയാളിയിലും ആശങ്ക ഉയർത്തുന്നുണ്ട്. അതുകൊണ്ടുതന്നെ നാടിനോട് പ്രതിബദ്ധതയുള്ള സംഘടന എന്ന നിലയിൽ, വേൾഡ് മലയാളി ഫെഡറേഷൻ (ഡബ്ല്യൂഎംഎഫ്) ലഹരിവ്യാപനത്തിനെതിരെ ശക്തമായി പോരാടാൻ തയ്യാറെടുത്തുകഴിഞ്ഞു. ഇതിന്റെ ഭാഗമായി, Anti Drug Battle Campaign എന്ന ബാനറിൽ കേരളത്തിലെ 14 ജില്ലകളിലും ലഹരി വിരുദ്ധ പരിപാടികൾ സംഘടിപ്പിക്കും. മലയാളികളുടെ സാന്നിധ്യമുള്ള വിവിധ രാജ്യങ്ങളിലും അതാത് മേഖലകളിലെ പ്രമുഖരെ പങ്കെടുപ്പിച്ചുകൊണ്ട് ക്യാമ്പയിൻ നടത്തും. നമ്മുടെ യുവതലമുറയിൽ നിന്നും ലഹരി വിരുദ്ധ അംബാസഡർമാരെ കണ്ടെത്തിക്കൊണ്ട് സ്കൂൾ കോളേജ് വിദ്യാർത്ഥികളെ ലഹരിക്കെതിരെയുള്ള യുദ്ധപ്പോരാളികളാക്കുന്ന

ഒരു വർഷം നീണ്ടു നിൽക്കുന്ന വിവിധ പരിപാടികൾ നടപ്പാക്കാനാണ് പദ്ധതി. കൊച്ചിയിൽ സംഘടിപ്പിക്കുന്ന ജനകീയ മാരത്തോൺ, ലഹരിക്കെതിരെ സാഹിത്യ-ചിത്രകലാമത്സരങ്ങൾ, ബോധവൽക്കരണ ഷോർട്ട് ഫിലിമുകൾ, പോസ്റ്ററുകൾ, മനഃശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി കൗൺസിലിംഗ് സേവനങ്ങൾ, ഹെൽപ് ലൈൻ/ഡീ അഡിക്ഷൻ സംവിധാനങ്ങൾ, സംഗീത നൃത്ത ആവിഷ്കാരങ്ങൾ തുടങ്ങിയുള്ള പരിപാടികൾക്കായി സംഘടന ഇതിനോടകം സുസജ്ജമായിട്ടുണ്ട്. ക്യാമ്പയിന്റെ ആഗോള ചുമതല ഗ്ലോബൽ കോർഡിനേറ്റർ ഡോ. ആനി ലിബുവിനാണ്. ഡബ്ല്യൂഎംഎഫിന്റെ തന്നെ ഗ്ലോബൽ യൂത്ത് ഫോറം, ഗ്ലോബൽ പി ആർ ഫോറം എന്നിവയും പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് കൈകോർക്കും. വിവിധ കൗൺസിലുകളുടെ നേതൃത്വത്തിൽ 166 രാജ്യങ്ങളിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഉണ്ടാകും. കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകർ, സ്കൂൾ പിടിഎ, സംസ്ഥാന പോലീസ്-എക്സൈസ് വിഭാഗങ്ങൾ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവരോടൊപ്പം അണിചേർന്ന് ഒരു വർഷം നീണ്ടു നിൽക്കുന്ന ക്യാമ്പയിനു മാർച്ച് മാസം തന്നെ തുടക്കമാകുമെന്ന് ഗ്ലോബൽ ഫൗണ്ടർ ചെയർമാൻ ഡോ പ്രിൻസ് പള്ളിക്കുന്നേൽ, ഗ്ലോബൽ ചെയർമാൻ ഡോ. ജെ. രത്നകുമാർ, ഗ്ലോബൽ പ്രസിഡന്റ് പൗലോസ് തേപ്പാല, ഗ്ലോബൽ കോർഡിനേറ്റർ ഡോ. ആനി ലിബു, ഗ്ലോബൽ




സെക്രട്ടറി നൗഷാദ് ആലുവ, ഗ്ലോബൽ ട്രഷറർ ടോം ജേക്കബ്, ഗ്ലോബൽ ജോയിന്റ് സെക്രട്ടറി റിജാസ്, ഗ്ലോബൽ ജോയിന്റ് ട്രഷറർ വി എം സിദ്ദിഖ്, കേരള സ്റ്റേറ്റ് പ്രസിഡന്റ് റഫീഖ് മരക്കാർ, ഗ്ലോബൽ പി ആർ ഒ നോവിൻ വാസുദേവ് തുടങ്ങിയവർ അറിയിച്ചു.

# പനങ്ങയിൽ ഏലിയാസ് നവകേരള മലയാളി അസോസിയേഷൻ ഓഫ് സൗത്ത് ഫ്ലോറിഡ പ്രസിഡന്റ്




**പി പി ചെറിയാൻ**

സൗത്ത് ഫ്ലോറിഡ:കർമ്മ പരിപാടികളുമായി 31 ആം വർഷത്തിലൂടെ ജൈത്രയാത്ര തുടരുന്ന നവകേരള മലയാളി അസോസിയേഷൻ ഓഫ് സൗത്ത് ഫ്ലോറിഡയുടെ 2025 ലെ പ്രവർത്തന ഉത്ഘാടനം സംഘടിപ്പിച്ചു.

നവകേരളാ മലയാളി അസോസിയേഷന്റെ ബഹുമുഖ പ്രതിഭയായ യുവ പ്രസിഡന്റ് മിസ് ലിയാന സാമുവലിന്റെ മനോഹരമായ ദേശീയ ഗാനാലാപത്തോടുകൂടി ഉൽഘാടന പരിപാടികൾക്ക് തുടക്കം കുറിച്ചു. സെക്രട്ടറി സജീവ് മാത്യു എല്ലാ അസോസിയേഷൻ ഭാരവാഹികളും സ്വാഗതം ആശംസിച്ചു.

പ്രസിഡന്റ് പനങ്ങയിൽ ഏലിയാസ് നവകേരളയുടെ പുതിയ ഭാരവാഹികളും പ്രവർത്തക സമിതി അംഗങ്ങളുമായ വൈസ്. പ്രസിഡന്റ് ശ്രീ. കുര്യൻ വർഗീസ്, സെക്രട്ടറി ശ്രീ. സജീവ് മാത്യു, ട്രഷറർ ശ്രീ. രാജൻ ജോർജ്, ജോ. സെക്രട്ടറി ശ്രീ. ബിജോയ് ഡി. ജോസഫ്, ജോ. ട്രഷറർ ശ്രീ. ഗോപൻ നായർ, കമ്മിറ്റിയംഗങ്ങൾ കുറിയക്കോസ് പൊടിമറ്റം, ശ്രീ. എമേഴ്സൺ ചാലിശ്ശേരി, ശ്രീ. ബിബിൻ ജോർജ്, ശ്രീ. ശിവകുമാർ ശ്രീ. ദീപക് ആചാരി, ശ്രീ. പത്മനാഭൻ കുന്നത്ത്, യൂത്ത് കമ്മിറ്റി അംഗങ്ങൾ;പ്രസിഡന്റ് ലിയാന സാമുവൽ,വൈസ് പ്രസിഡന്റ് അലൻ സാജോ പെല്ലിശ്ശേരി,സെക്രട്ടറി:ദിയ ദീപക്,ട്രഷറർ: ആഞ്ചലിൻ എലവൻതുങ്കൽ,JS: അഞ്ജലി ടൈറ്റസ് ജെടി: ലയ നമ്പ്യാർ കമ്മിറ്റി: ഹിമ വിനോദ് നായർ,ദേവീന വർഗീസ്,റയാൻ പെല്ലിശ്ശേരി,ആൽഫ്രഡ് ചാലിശ്ശേരി, മുതിർന്ന യുവാക്കൾ:ഡെസ്പിന വർഗീസ്,ഹൃദ്യ എമേഴ്സൺ,ഹൃദയ് എമേഴ്സൺ,ആബേൽ പിയേഴ്സണിസ് പ്രസിഡന്റ് അലൻ സാജോ പെല്ലിശ്ശേരി സെക്രട്ടറി:ദിയ ദീപക്,ട്രഷറർ: ആഞ്ചലിൻ എലവൻതുങ്കൽ, JS: അഞ്ജലി ടൈറ്റസ്,ജെടി: ലയ നമ്പ്യാർ കമ്മിറ്റി: മുതിർന്ന



യുവാക്കൾ: ഡെസ്പിന വർഗീസ്,ഹൃദ്യ എമേഴ്സൺ,ഹൃദയ എമേഴ്സൺ ആബൽ പിയേഴ്സൺ സെക്രട്ടറി)എന്നിവരെ സദസ്സിനു പരിചയപ്പെടുത്തി .

വരുംകാലങ്ങളിൽ നവകേരളയുടെ കെടാത്ത വിളക്കായി ,കരുത്തായി നിലകൊള്ളണം എന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു. തനിക്ക് ഒരിക്കൽ കൂടി ഈ പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് ആയി തുടരുവാൻ സാധിച്ചതിൽ അഭിമാനത്തോടെയാണ് ഇവിടെ നിൽക്കുന്നതെന്ന് ശ്രീ. പനങ്ങയിൽ ഏലിയാസ് പറഞ്ഞു .നവകേരളത്തിന്റെ തുടക്കകാരനും, ഫോമയുടെ മുൻ പ്രസിഡന്റും കൂടിയായ ആനന്ദൻ



റ്റിയിൽ നേതൃസ്ഥാനത്തേക്കു കടന്നുവന്നതിൽ പ്രത്യേക അഭിനന്ദനങ്ങൾ അറിയി







തുടർന്ന് നവകേരള മലയാളി അസോസിയേഷൻ ഓഫ് സൗത്ത് ഫ്ലോറിഡയുടെ ഈ വർഷത്തെ മുഖ്യ പരിപാടിയായ CINI STAR NIGHT , (ta-bv 9th Cooper City High School Auditorium ) ന്റെ കിക്കോഫ്, മെഗാ സ്പോൺസർ ടിക്കറ്റ് ശ്രീ. ആനന്ദൻ നിരവേലിനും, കോംപ്ലിമെന്ററി ടിക്കറ്റ് ഫാ. എബി എബ്രഹാം, ഫാ. ഷോൺ മാത്യു എന്നിവർക്ക് നൽകികൊണ്ട് തുടക്കം കുറിച്ചു, ഗ്രാൻഡ് സ്പോൺസർമാരായ ശ്രീ. സജോ പെല്ലിശ്ശേരി , ഡോ. മാത്തുള്ള ഗീവർഗീസ് എന്നിവർ തങ്ങളുടെ ടിക്കറ്റുകൾ ഏറ്റുവാങ്ങി, നിരവധി മറ്റ് ടിക്കറ്റുകൾ വിതരണം ചെയ്തു.

സൗത്ത് ഫ്ലോറിഡയിലെ വിവിധ സംഘടനാ പ്രതിനിധികൾ, ഫോമാ, ഫോഖാന, ചർച്ച് ഭാരവാഹികൾ ഫാ.എബി എബ്രഹാം, ഫാ.ഷോൺ മാത്യു, ശ്രീ. ബിജു തോണിക്കടവിൽ, ശ്രീ. ബിജോയ് സേവ്യർ, ശ്രീ. സണ്ണി മറ്റമന, ശ്രീ. രാജൻ പടവത്തിൽ, ശ്രീ. ബോബി വർഗീസ്, ശ്രീ. ആനന്ദൻ സാം നിരവേൽ, ശ്രീ. ബോബി വർഗീസ്, ശ്രീ. ആനന്ദൻ സാം നിരവേൽ. യോഗത്തിൽ സന്നിഹിതരായ് ആശംസകൾ അറിയിച്ചു. വിവിധങ്ങളായ കലാപരിപാടികൾക്കുശേഷം ശ്രീ രാജൻ ജോർജ്ജ് എല്ലാവർക്കും നന്ദി അറിയിക്കുകയും, അത്താഴത്തിന് ശേഷം പരിപാടികൾ അവസാനിക്കുകയും ചെയ്തു




LAWSON
travel
Explore
THE WORLD
WITH US
PLAN YOUR VACATIONS NOW!
214-631-2458
www.LawsonTravel.com

# മന്ത്ര ശിവോഹം 2025

# ന്യൂ യോർക്ക് കിക്ക് ഓഫ് വർണ്ണ ശബളമായി ന്യൂയോർക്കിൽ നടന്നു




**രഞ്ജിത് ചന്ദ്രശേഖർ**

നോർത്ത് കാരോളിനയിൽ ജൂലൈ മൂന്നു മുതൽ ആറാം തീയതി വരെ നടക്കുന്ന മലയാളി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കൻ ഹിന്ദുസ് (മന്ത്ര) യുടെ രണ്ടാമത് ഹിന്ദു കൺവെൻഷൻ റെ ന്യൂയോർക് കിക്ക് ഓഫും കലാസന്ധ്യയും ന്യൂ യോർക്കിൽ വിജയകരമായി സംഘടിപ്പിച്ചു.

മന്ത്രയുടെ പ്രസിഡന്റും സെക്രട്ടറിയും ട്രസ്റ്റീ ബോർഡ് ചെയറും ഉൾപ്പടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഇരുനൂറോളം പ്രതിനിധികൾ പങ്കെടുക്കുന്ന പരിപാടി ഒരു മിനി കൺവെൻഷൻ ആയി മാറി എന്ന് റീജിയണൽ വൈസ് പ്രസിഡന്റ്മാരായ - സർവശ്രീ പുരുഷോത്തമ പണിക്കർ, അഭിലാഷ് പുളിക്കത്തൊടി, ജയ് കുമാർ, വത്സ തോപ്പിൽ, ഫൈനാൻസ് കൺട്രോളർ കൊച്ചുണ്ണി ഇളവൻമഠം എന്നിവർ അറിയിച്ചു .വരും മാസങ്ങളിൽ അമേരിക്കയിലെ വിവിധ നഗരങ്ങളിൽ കിക്ക് ഓഫ് ഉൾപ്പടെ വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ മന്ത്ര ലക്ഷ്യമിടുന്നു .

ഭരതനാട്യം ,മോഹിനിയാട്ടം സെമി ക്ലാസ്സിക്കൽ ഡാൻസ് ,ബോളിവുഡ് ഡാൻസ് ഉൾപ്പടെ ന്യൂയോർക്ക്, കണക്റ്റികട്ട്, ന്യൂജേഴ്സി എന്നീ സംസ്ഥാനങ്ങളിലെ പ്രമുഖ കലാകാരന്മാർ അണിയിച്ചൊരുക്കിയ കലാ സന്ധ്യ ചടങ്ങിന് പ്രൗഢി കൂട്ടി .ന്യൂയോർക്ക് നഗരം ഉൾപ്പെട്ട റീജിയൺ മന്ത്രയുടെ പ്രവർത്തനങ്ങൾ മാതൃകാപരം എന്ന് പ്രസിഡന്റ് ശ്യാം ശങ്കർ അഭിപ്രായപ്പെട്ടു. ന്യൂയോർക്കിൽ ലക്ഷ്യമാക്കിയിരുന്ന കൺവെൻഷൻ രെജിസ്ട്രേഷനിൽ കൂടുതൽ അംഗങ്ങൾ ഇതിനോടകം തന്നെ മുഴുവൻ പണം നൽകി രെജിസ്ട്രേഷൻ പൂർത്തിയാക്കിയതിൽ ന്യൂയോർക് റീജിയൻ ഭാരവാഹികളെ സെക്രട്ടറി ഷിബു ദിവാകരൻ അഭിനന്ദിച്ചു.




വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന കൂടുതൽ വ്യക്തികളെ മന്ത്രയുടെ ഭാഗ ഭാക്കാക്കി ,അവരുടെ കഴിവുകൾ സമാജത്തിന്റെ പുരോഗതിക്കു പ്രാപ്തമാക്കുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുമെന്നും ,അതോടൊപ്പം നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളി ഹൈന്ദവ നെറ്റ്‌വർക്കിനെ കൂടുതൽ വിപുലീകരിക്കാൻ ന്യൂ യോർക്ക് റീജിയന്റെ പിന്തുണ ഉണ്ടാക്കുമെന്ന് ട്രസ്റ്റീ ചെയർ ശ്രീ വിനോദ് കെയാർകെ , ട്രസ്റ്റീ സെക്രട്ടറി ശ്രീ മധു പിള്ള എന്നിവർ സംയുക്ത പ്രസ്താവനയിൽ അറിയിച്ചു.




സംഘടനാ പ്രവർത്തനത്തിലൂടെ വളർത്തിയെടുത്ത സൗഹൃദങ്ങളിലൂടെ ഹൈന്ദവ കുടുംബങ്ങളുടെ വലിയൊരു കൂട്ടായ്മ രൂപീകരിക്കാൻ ചുരുങ്ങിയ കാലയളവിൽ മന്ത്രയ്ക്കു സാധിച്ചു എന്നത് അഭിമാനം നൽകുന്നു എന്ന് പ്രെസിഡന്റ് എലെക്ട് ശ്രീ കൃഷ്ണരാജ് മോഹനൻ അഭിപ്രായപ്പെട്ടു.

തിയേറ്റർ ജി പ്രൊഡക്ഷന്റെ ബാനറിൽ ശ്രീമതി സ്മിത ഹരിദാസ്, ശ്രീമതി കലാമേനോൻ എന്നിവരുമായി ചേർന്ന് 'ശിവോഹം 2025' നോർത്ത് കാരോളിനയിൽ പ്രഥമ പ്രദർശനത്തിനായി ശ്രീ ശബരീ നാഥ് നിർമ്മിക്കുന്ന 'ചിത്രരാഗം' എന്ന പുതിയ നാടകത്തിന്റെ പോസ്റ്റർ റിലീസും പ്രസ്തുത ചടങ്ങിൽ നടത്തപ്പെട്ടു.

നോർത്ത് കാരോളിനയിൽ ഈ വര്ഷം ജൂലൈ 3 മുതൽ 6 വരെ നടക്കുന്ന രണ്ടാമത്തെ ഗ്ലോബൽ ഗ്ലോബൽ കൺവെൻഷനായ 'ശിവോഹം 2025' നു വൻ തയ്യാറെടുപ്പുകൾ പുരോഗമിക്കുകയാണ്







# ആശമാരുടെ സമരത്തെയും ഗൗനിക്കാത്ത ഡൽഹി പ്രതിനിധി കേരളത്തിന്റെ ബാധ്യതയോ..?




എ.എസ് ശ്രീകുമാർ

കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കൂടിക്കാഴ്ച നടത്തുമ്പോൾ കേരളത്തിലെ ആശാ വർക്കർമാരുടെ സമരം ഒരു മാസം പിന്നിട്ടിരുന്നു. ആശാവർക്കർമാരുമായി ബന്ധപ്പെട്ട് കേരളത്തിന് ഇതുവരെയുള്ള എല്ലാ കുടുശ്ശികയും നൽകിയെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി നഡ്ഡ വ്യക്തമാക്കുമ്പോൾ 2023-'24 വർഷത്തിൽ കേന്ദ്രം തുകയൊന്നും അനുവദിച്ചില്ലെന്നാണ് സംസ്ഥാന ആരോഗ്യ മന്ത്രി വീണാ ജോർജിന്റെ വാദം. കൊടുക്കേണ്ട അനുകൂല്യങ്ങളെല്ലാം കേന്ദ്രം കൊടുത്തുവെന്ന് ആശമാർക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ഇന്നലെ സമരപ്പന്തലിലെത്തിയ കേന്ദ്രമന്ത്രി സുരേഷ് ഗോപിയും പറഞ്ഞു. അപ്പോൾ ആരാണ് കല്ലുവച്ച നുണ പറയുന്നത്..?

കേന്ദ്രം പറയുന്നതാണോ സംസ്ഥാനം വാദിക്കുന്നതാണോ ശരിയെന്നറിയാതെ ആശമാർ വലയുന്ന അവസരത്തിലാണ് പിണറായി വിജയൻ നിർമല സീതാരാമനുമായി കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് 45 മിനിറ്റ് ചർച്ച നടത്തിയത്. കൂടിക്കാഴ്ചയിൽ വയനാട് ദുരന്ത സഹായവും, വിഴിഞ്ഞവുമൊക്കെ ചർച്ചയായെങ്കിലും ആശാ വർക്കർമാരുടെ രാപ്പകൽ സമരത്തെപ്പറ്റി ഒരു പരാമർശവുമുണ്ടായില്ല. കേരളത്തിന്റെ ഡൽഹിയിലെ പ്രതിനിധി കെ.വി തോമസും ഗവർണർ ആർലേക്കറും കൂടിക്കാഴ്ചയിൽ പങ്കെടുത്തു. കഴിഞ്ഞ ദിവസങ്ങളിൽ ലോക്സഭയിൽ ആശമാരുടെ സമരം നാല് എം.പിമാർ ഉന്നയിച്ചിരുന്നു. രാജ്യസഭയിൽ ചോദ്യമായും വന്നു. പാർലമെന്റിനു മുന്നിൽ യു.ഡി.എഫ് എം.പിമാർ പ്രതിഷേധിക്കുകയും ചെയ്തു.

കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുമ്പോൾ കേരളത്തിനെന്തിനാണ് ഡൽഹിയിലൊരു പ്രതിനിധിയെന്ന ചോദ്യം വ്യാപകമായി ഉയരുന്നുണ്ട്. കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിനെ വേണ്ടവിധത്തിൽ ബോധ്യപ്പെടുത്തി സാമ്പത്തികം ഉൾപ്പെടെ അർഹതപ്പെട്ട കാര്യങ്ങൾ നേടിയെടുക്കാനാണ് സംസ്ഥാന സർക്കാർ ചെല്ലും ചെലവും കൊടുത്ത് ഇങ്ങനെയൊരാളെ ഡൽഹിയിൽ ക്യാബിനറ്റ് റാങ്കോടെ വാഴിച്ചിരിക്കുന്നത്. ഇന്ന് കേന്ദ്ര ധനമന്ത്രിയെ നേരിട്ട് കണ്ടിട്ടുപോലും ആശമാരുടെ കാര്യത്തിൽ ഒരു നിമിഷമെങ്കിലും സംസാരിക്കാൻ കെ.വി തോമസിന് കഴിഞ്ഞില്ല. അങ്ങനെ കാൽലക്ഷത്തിലധികം ആശാവർക്കർമാർ പ്രതീക്ഷയോടെ കാത്തിരുന്ന വിഷയം രാഷ്ട്രീയമായി തമസ്കരിക്കപ്പെട്ടു.

കെ.വി തോമസിന് മുമ്പ്, കേന്ദ്ര സഹായങ്ങൾ നേടിയെടുക്കാൻ കേരള സർക്കാരിന്റെ പ്രത്യേക പ്രതിനിധിയായി ഈ കസേരയിലിരുന്നത് സി.പി.എമ്മിന്റെ മുൻ എം.പിയായ ഡോ. എ സമ്പത്താണ്. 2019-ലെ ലോക്സഭാ തിര

ഞ്ഞെടുപ്പിൽ ആറ്റിങ്ങലിൽ മത്സരിച്ച് പരാജയപ്പെട്ടതിനെതുടർന്നാണ് കേന്ദ്ര സർക്കാരിന്റെ പദ്ധതികളും സഹായങ്ങളും വേഗത്തിൽ കേരളത്തിനു വേണ്ടി നേടിയെടുക്കാനുള്ള പ്രവർത്തനങ്ങൾക്കെന്ന് കൊട്ടിഘോഷിച്ച് പ്രത്യേക ലെയ്സൺ ഓഫീസർ തസ്തികയുണ്ടാക്കി സമ്പത്തിനെ നിയമിച്ചത്.




തുടർന്ന് ഓണറേറിയം, ഓഫീസ് ചെലവ്, പേഴ്സണൽ സ്റ്റാഫിന്റെ ശമ്പളം, വിമാന യാത്രാബത്ത, വാഹനത്തിൽ ഇന്ധനം നിറച്ചതിനൊക്കെയായി രണ്ട് കൊല്ലത്തെ സമ്പത്തിന്റെ പ്രവർത്തനത്തിന് കേരള സർക്കാർ ചെലവിട്ടത് 7.26 കോടി രൂപയാണ്. എ സമ്പത്തിന് കാര്യമായി സമ്പത്ത് കിട്ടിയതൊഴിച്ച് കേരളത്തിന് ഈ ഡൽഹി സാറിനെക്കൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടായതായി അറിവില്ല. 2023 ജനുവരി മുതൽ 2024 ജനുവരി വരെ കെ.വി തോമസിന്റെ പ്രവർത്തനങ്ങൾക്ക് ചെലവായത് 30 ലക്ഷത്തോളം രൂപയാണ്. പുതിയ കണക്ക് വരാനിരിക്കുന്നതേയുള്ളൂ.

എന്നാൽ ഡോ. എ സമ്പത്ത്, കെ.വി തോമസ് എന്നിവരുടെ പ്രവർത്തനം മൂലം സംസ്ഥാന സർക്കാരിനുണ്ടായ സാമ്പത്തിക നേട്ടങ്ങൾ എന്തെല്ലാം എന്ന ചോദ്യത്തിന് 'ലഭ്യമല്ല' എന്ന മറുപടിയാണ് കേരള ഹൗസിൽ നിന്ന് കുറച്ചുനാൾ മുമ്പ് ലഭിച്ചത്. കേരളത്തിന് അർഹമായ സാമ്പത്തിക സഹായം ഇവർ വഴി ലഭിച്ചോ അതിന്റെ രേഖകൾ ഓഫിസിലുണ്ടോയെന്ന ചോദ്യത്തിനും 'ലഭ്യമല്ല' എന്ന തനിയാവർത്തനം മാത്രം. 2023 ഫബ്രുവരി എട്ടാം തീയതി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധത്തിനെതിരെ കേരള സർക്കാരിന്റെ നേതൃത്വത്തിൽ ഡൽഹിയിൽ നടത്തിയ സമരത്തിൽ സംസ്ഥാന സർക്കാർ പ്രതിനിധികൾക്കു താമസത്തിനായി ചെലവായത് 1.37 ലക്ഷം രൂയാണെന്ന വിവരവും അന്ന് പുറത്തു വന്നിരുന്നു.




അതേസമയം, ആശാവർക്കർമാർ സമരം നടത്തുമ്പോൾ കേരളത്തിന്റെ പ്രത്യേക പ്രതിനിധി കെ.വി തോമസിന് വാരിക്കോരി കൊടുക്കുന്നതിന്റെ കാരണം സർക്കാർ വിശദീകരിക്കണമെന്ന് ഇടത് സഹയാത്രികനും മുൻ എം.പിയുമായ ഡോ. സെബാസ്റ്റ്യൻ പോൾ ആവശ്യപ്പെട്ടിരിക്കുന്നു. ഒരു ഓൺലൈൻ മാധ്യമത്തിനു വേണ്ടി എഴുതിയ ലേഖനത്തിലാണ് സെബാസ്റ്റ്യൻ പോളിന്റെ രൂക്ഷ വിമർശനം. കെ.വി തോമസിന് കഴിഞ്ഞ മാസം യാത്രാ അലവൻസ് 11 ലക്ഷമായി വർദ്ധിപ്പിച്ചു നൽകിയത് വിവാദമായിരുന്നു. പ്രതിമാസം ഓണറേറിയമായി ഒരുലക്ഷം രൂപ മുൻപേ നൽകുന്നുണ്ട്. ഇതിനും പുറമെ മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. തോമസിന് ഇത്രയേറെ പണം നൽകുന്നതിനെ സി.പി.എമ്മിന്റെ തന്നെ മുൻമന്ത്രി ജി സുധാകരനും വിമർശിക്കുകയുണ്ടായി.

''എറണാകുളം മണ്ഡലത്തിൽ അഞ്ചു തവണ സി.പി.എമ്മിനെ പരാജയപ്പെടുത്തി നാണംകെടുത്തിയ ആളാണ് കെ.വി തോമസ്. മൂന്നുതവണ സി.പി.എമ്മിന് ഈ സീറ്റ് അഭിമാനകരമായി നേടിക്കൊടുത്തയാളാണ് ഞാൻ. പാർട്ടിക്ക് ലെവി കൊടുക്കുകയും ഔദ്യോഗിക വസതിയിൽ പാതി പാർട്ടിക്ക് നൽകുകയും ചെയ്തു. പാർട്ടിക്കുവേണ്ടി എഴുത്തിലും പ്രസംഗത്തിലും പ്രചാരവേല ചെയ്യുകയെന്ന ദൗത്യവും എനിക്കുണ്ട്. എന്നിട്ടും എന്റെ ക്ഷേമത്തിൽ താത്പര്യം കാണിക്കാത്ത പാർട്ടി, എതിർപാളയത്ത് നിന്നെത്തിയ തോമസ് എന്ന സാധുവിനോട് കാണിക്കുന്ന ഭൂതദയ അനിതരസാധാരണമാണ്. സ്കൂളിൽ പഠിക്കുമ്പോൾ പുവർ തോമസ് എന്ന പാഠം പഠിച്ചതോർക്കുന്നു...'' എന്ന് സെബാസ്റ്റ്യൻ പോൾ പറയുന്നു.

ആയിരക്കണക്കിന് കമ്യൂണിസ്റ്റ് പ്രവർത്തകരുടെ ത്യാഗവും സമർപ്പണവും മറന്നിട്ട് തോമസിനെ പോലെയുള്ള പുത്തൻകൂറ്റുകാർ സിപിഎമ്മിലേക്ക് കടന്നുവരുന്നതിന്റെ അപകടവും സെബാസ്റ്റ്യൻ പോൾ തുറന്നു പറഞ്ഞിട്ടുണ്ട്. ''വാങ്ങുന്നയാൾക്ക് നാണമില്ലെങ്കിൽ കൊടുക്കുന്നയാൾക്ക് എങ്കിലും അതുണ്ടാകണം...'' കെ.വി തോമസിനെ ലോക് സഭയിലേക്ക് ജയിപ്പിച്ചു വിടാനാണ് പണ്ടൊരിക്കൽ തന്നെ മാറ്റി, സിന്ധു ജോയിയെ തോമസിനെതിരെ നിർത്തിയതെന്നും, അതിന് പിന്നിൽ ചില സഖാക്കളുടെ താൽപര്യം ഉണ്ടായിരുന്നു എന്നുമുള്ള ഗുരുതര ആരോപണവും സെബാസ്റ്റ്യൻ പോൾ ഉന്നയിച്ചിട്ടുണ്ട്.

ഇങ്ങനെ ധൂർത്തിന്റെ ആൾരൂപങ്ങളെ ഭരണത്തിന്റെ ഇടനാഴികളിൽ ധാരാളമായി കാണാം. പക്ഷേ ഇവർക്കെതിരെ ഉയരുന്ന ജനകീയ ശബ്ദങ്ങൾക്ക് വലിയ ആയുസുണ്ടാവില്ല. ഇത്തരം ധൂർത്തുകൾക്കെതിരെയുള്ള ജനവികാരം ഭരണാധികാരികൾ മനസിലാക്കാത്തതാണോ അതോ തങ്ങൾ ചെയ്യുന്നതാണ് ശരിയെന്ന് അവർ കരുതുന്നതാണോ..? ഇല്ല, അവർ ജനവികാരം ശരിക്കുമറിയുന്നുണ്ട്. പക്ഷേ കണ്ടില്ലെന്ന് നടിക്കുന്നു. എന്നിട്ട് ജനങ്ങളോട് മുണ്ടുമുറുക്കിയുടുക്കാൻ അവർ ആഹ്വാനം ചെയ്യുന്നു. പിന്നെ, സെക്രട്ടേറിയറ്റ് നടയിൽ സമരം ചെയ്യുന്ന ആശമാരെ പാട്ടപെറുക്കികളെന്നും ഈർക്കിൽ സംഘടനയെന്നും കീടങ്ങളെന്നും വിളിച്ച് അധിക്ഷേപിക്കുകയും ചെയ്യും.

# ഫോമാ വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സൂമിലൂടെ വനിതാ ദിനം ആചരിച്ചു










2025 ലെ അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ഫോമാ വിമൻസ് ഫോറം സംഘടിപ്പിച്ച പരിപാടി സ്ത്രീ ശാക്തീകരണത്തെക്കുറിച്ചുള്ള തുറന്ന ചർച്ചയ്ക്ക് വഴിതുറന്നു. മാർച്ച് 9 ന് സൂമിലൂടെ നടന്ന പരിപാടിയിൽ ചെയർപേഴ്സൺ സ്മിത നോബിളാണ് സ്വാഗത പ്രസംഗം നടത്തിയത്. വൈസ് ചെയർപേഴ്സൺ വിഷിൻ ജോയുടെ പ്രാർത്ഥനാ ഗാനത്തോടെയാണ് പരിപാടി ആരംഭിച്ചത്.മോഡറേറ്റർ കൂടിയായ സെക്രട്ടറി ആശ മാത്യുവിന്റെ കൃത്യമായ ആസൂത്രണം പ്രോഗ്രാമിന്റെ സുഗമമായ നടത്തിപ്പിന് സഹായകമായി.

ആത്മവിശ്വാസം ജീവിതത്തിന്റെ ഭാഗമാക്കുന്നതിനെക്കുറിച്ച് ഇന്ദു ചാത്തം നൽകിയ ആമുഖ പ്രസംഗം ഏവരെയും പ്രചോദിപ്പിച്ചു. ഈ വർഷത്തെ വിമൻസ് ഡേ തീമായ 'ആക്സിലറേറ്റ് ആക്ഷൻ' അഥവാ 'പ്രവർത്തനം ത്വരിതപ്പെടുത്തുക' എന്നുള്ള വിഷയത്തിൽ ഫോമ ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ സംസാരിച്ചു. ടെക്സസിലെ ഡാലസിൽ നിന്നുള്ള വൈശാഖ് നായരും ഫ്ലോറിഡയിലെ ജാക്സൺവില്ലെയിൽ നിന്നുള്ള ലിൻസിയും ചേർന്നൊരുക്കിയ സംഗീതവിരുന്ന് ആസ്വാദ്യകരമായ അനുഭവമായി. മുൻകാല വനിതാ ഫോറം ചെയർപേഴ്സൺമാരായ കുസുമം ടൈറ്റസും സുജ ഔസോയും അവർ താണ്ടിയ വഴികളെക്കുറിച്ചും സ്ത്രീ ശാക്തീകരണത്തെപ്പറ്റിയും വാചാലരായി. വൈസ് ചെയർ ഗ്രേസി ജെയിംസും ഫോമ എക്സിക്യൂട്ടീവ് ടീമും സ്ത്രീകളുടെ ഉന്നമനത്തിനായുള്ള സന്ദേശം കൈമാറി. റീജിയണൽ വനിതാ ഫോറം ചെയർപേഴ്സൺമാരായ അഷിത ശ്രീജിത്ത്, ഷീജ അജിത്ത്, അനില സന്ദീപ്, സൈറ വർഗീസ് എന്നിവർ അതാത് റീജിയനുകളിൽ വരാനിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള രൂപരേഖ പങ്കുവച്ചു. പ്രോഗ്രാമിനിടയിൽ സാങ്കേ



തിക തടസ്സങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തിയ ദേശീയ വനിതാ ഫോറം ടീം അംഗം സ്വപ്ന സജിക്കും പരിപാടി ഏകോപിപ്പിച്ച

ഡോ. മഞ്ജു പിള്ള, ജൂലി ബിനോയ്, വിഷിൻ ജോ എന്നീ അംഗങ്ങൾക്കും ചെയർപേഴ്സൺ നന്ദി അറിയിച്ചു.




The First
'OTT' Platform
MediaAppUSA
Originates From North America
Developed by
Malayalees from NA
MediaAppUSA
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung SMART TV
LG Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com

# അറ്റ്ലാന്റ മെട്രോ മലയാളി അസോസിയേഷൻ (അമ്മ) വനിതാ ദിനം ആഘോഷിച്ചു




അമ്മു സക്കറിയ

അറ്റ്ലാന്റാ: അറ്റ്ലാന്റ മെട്രോ മലയാളി അസോസിയേഷൻ (അമ്മ) വനിതാ ദിനം വ്യത്യസ്ത പരിപാടികളോടെ വനിതാ ദിനം ആഘോഷിച്ചു.

കൊട്ടും കുരവയും പാട്ടും മേളങ്ങളുമില്ലാതെ സ്വന്തമായി പുറത്തു പോയി ആഘോഷങ്ങളിൽ പങ്കു കൊള്ളാൻ പ്രായാധിക്യവും ആരോഗ്യവും അനുവദിക്കാതെ വീടിനുള്ളിൽകഴിയുന്നവരോടൊത്ത് ഭക്ഷണം കഴിച്ചും സംഭാഷണങ്ങളിൽ പങ്കുകൊണ്ടും അവരെ ആശ്വസിപ്പിച്ചും അംഗങ്ങൾ വനിതാദിനം വ്യത്യസ്തമാക്കി. മറ്റുള്ളവരെ സന്തോഷിപ്പിക്കുന്നതിലാണ് കൃതാർത്ഥത എന്ന മാതൃകയാണ് ''അമ്മ'' സ്വീകരിച്ചത്. നിസഹായ അവസ്ഥയിൽ ഒരു താങ്ങായി കൈ പിടിക്കാൻ കൂടെ ആളുണ്ട് എന്നൊരു ധൈര്യം കൊടുക്കുക , അവരെയും നമ്മോട് ചേർത്തു നിർത്തുക അതാണ് അമ്മ വിമൺസ് ഫോറം ആഗ്രഹിക്കുന്നത്.


ഓണം, കൃസ്തുമസ് എന്നീ വിശേഷാവസരങ്ങളിലും ''അമ്മ'' ഇങ്ങനെയുള്ള പരിപാടികൾ നടത്തുന്നു. ഇവയ്ക്കെല്ലാം പ്രചോദനം നൽകുവാനും കൂടെ നിൽക്കുവാനും അമ്മ പ്രസിഡന്റെ ജിത്തു വിനോയി, വൈസ് പ്രസിഡന്റ് കാജൽ സഖറിയ, സെക്രട്ടറി റോബിൻ, ട്രഷറർ ഷാനു പ്രകാശ്, മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ എപ്പോഴും തയ്യാറാണ് എന്നുള്ളത് സന്തോഷം നൽകുന്നതാണ്.

ഏറ്റവും സീനിയറായിട്ടുള്ള അംഗവും ഏറ്റവും പ്രായം കുറഞ്ഞ അംഗവുമായിട്ടുള്ള കൂടിക്കാഴ്ച കൂടിയായിരുന്നു ഇത്. വിമൻസ് ഫോറത്തെ പ്രതിനിധീകരിച്ച് ഗ്രേസി തരിയൻ , ആനി ചെറിയാൻ , കൃഷ് ണ രവീന്ദ്രനാഥ്, കവിത എന്നിവരും എക്സിക്യൂട്ടീവ് അംഗങ്ങളെ പ്രതിനിധീകരിച്ച് ഷാനു പ്രകാശ്, ലൂക്കോസ് തരിയൻ , എന്നിവരും പങ്കെടുത്തു.







# വേൾഡ് മലയാളി കൗൺസിൽ ഹൂസ്റ്റൺ പ്രോവിൻസ്; പൊന്നുപിള്ള ചെയർമാൻ, എസ്.കെ ചെറിയാൻ പ്രസിഡന്റ്













ഹൂസ്റ്റൺ: കേരളത്തിന് പുറത്ത് ഇന്ത്യയിലും ലോകത്താകെയും വസിക്കുന്ന മലയാളികളെ രാഷ്ട്രീയേതരമായി ഒന്നിപ്പിക്കുന്ന മഹാസംഘടനയായ മലയാളി കൗൺസിൽ ഹൂസ്റ്റൺ പ്രോവിൻസിനെ നയിക്കാൻ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പൊന്നുപിള്ളയാണ് ചെയർമാൻ. എസ്.കെ ചെറിയാൻ പ്രസിഡന്റായി. വേൾഡ് മലയാളി കൗൺസിൽ ഹൂസ്റ്റൺ പ്രോവിൻസ് സ്ഥാപക നേതാവ് കൂടിയാണ് എസ്.കെ ചെറിയാൻ.

സ്റ്റാഫോർഡ് സിറ്റിയിലെ ദേശി റസ്റ്ററന്റിൽ നടന്ന യോഗത്തിൽ വൈസ് പ്രസിഡന്റായി ഡോ. മനു ചാക്കോ, വൈസ് ചെയർമാനായി ഡോ. നൈനാൻ മാത്തുള്ള, ട്രഷററായി ജോർജ് തോമസ്, ജോയിന്റ് ട്രഷററായി ജോർജ് ഈപ്പൻ, സെക്രട്ടറിയായി രാജേഷ് വി മാത്യു, ജോയിന്റ് സെക്രട്ടറിയായി എബ്രഹാം തോമസ് എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.

വേൾഡ് മലയാളി കൗൺസിൽ ഹൂസ്റ്റൺ പ്രോവിൻസിന്റെ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലമാക്കുമെന്ന് പ്രസിഡന്റ് എസ്.കെ ചെറിയാൻ പറഞ്ഞു.

''അമേരിക്കയിലെയും കേരളത്തിലെയും ചാരിറ്റി പ്രോജക്കുകൾക്ക് പുതുജീവൻ നൽകും. ഞാൻ സംഘടനയുടെ ഗ്ലോബൽ വൈസ് ചെയർമാനായിരുന്ന കാലത്ത് പാലായ്ക്ക് സംമീപം കടപ്ലാമറ്റത്ത് 'ഗ്രീൻ വില്ലേജ്' എന്ന പേര് 25 വീടുകളുടെ പ്രോജക്ട് ആരംഭിച്ചിരുന്നു. ഇതിൽ 12 വീടുകൾ പൂർത്തിയാക്കി അർഹതപ്പെട്ടവർക്ക് താക്കോലും നൽകുകയുണ്ടായി. ബാക്കി വീടുകളുടെ നിർമാണം പൂർത്തിയാക്കുകയാണ് ലക്ഷ്യം...' എസ്.കെ ചെറിയാൻ വ്യക്തമാക്കി.

വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ചെയർമാനായിരുന്ന ജോണി കുരുവിള സൗജന്യമായി നൽകിയ ഒരേക്കർ സ്ഥലത്താണ് ഭവന രഹിതരായവർക്കുള്ള ഗ്രീൻ വില്ലേജ്. അതേസമയം, വരുന്ന ജൂൺ 27, 28, 29, 30 തീയതികളിൽ അസൈർബൈജാനിലെ ബക്കുവിൽ നടക്കുന്ന വേൾഡ് മലയാളി കൗൺസിലിന്റെ ഗ്ലോബൽ കൺവൻഷനിൽ പങ്കെടുക്കുന്നതിനായി ഹൂസ്റ്റൺ പ്രോവിൻസിനെ സജ്ജമാക്കേണ്ടതുണ്ടെന്നും എസ്.കെ ചെറിയാൻ അറിയിച്ചു. ഈ കൺവൻഷനിലാണ് പുതിയ ഗ്ലോബൽ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത്.






**ആഷ്‌ലിൻ തോമസ്**

മധ്യവയസിനുശേഷം മത്സര രംഗത്തേക്കിറങ്ങുന്നവർ വളരെ കുറവ്. ശാരീരിക പ്രശ്നങ്ങളും മറ്റും ഈ പ്രായത്തിൽ അലട്ടുന്നു. എന്നാൽ ഇക്കഴിഞ്ഞ മാസം എറണാകുളത്തു വച്ച് നടന്ന കേരള സ്റ്റേറ്റ് ക്ലാസിക് പവർ ലിഫ്റ്റിംഗ് മത്സരത്തിൽ അറുപത് വയസ്സിനുശേഷം ആദ്യമായി പവ്വർ ലിഫ്റ്റിംഗ് മത്സരത്തിൽ പങ്കെടുക്കുകയും മെഡൽ നേടുകയും ചെയ്ത് കോട്ടയം സ്വദേശി സോമരാജ് എം.വി താരമായി.

? ട്രെയിനിംഗ് എന്നുമുതൽ ആരംഭിച്ചു, എന്താണ് പ്രചോദനം നൽകിയത്.

= കാൽമുട്ട് വേദന, നടുവേദന ഉൾപ്പടെ നിരവധി ആരോഗ്യ പ്രശ്നങ്ങൾ ആരംഭിച്ചപ്പോൾ ജിമ്മിൽ പോകാൻ തുടങ്ങി. ആദ്യമൊക്കെ ബേസിക് എക്സർസൈസ് മാത്രമാണ് ചെയ്തുവന്നിരുന്നത്. എന്നാൽ കോട്ടയം മാങ്ങാനത്തുള്ള ഫിറ്റ് സോൺ ജിമ്മിൽ പോയതുമുതൽ വെയ്റ്റ് വർക്കൗട്ടുകളും ചെയ്തു തുടങ്ങി.

? പ്രായം പരിമിതയല്ലേ.

= പ്രായം ഒന്നിനും പരിമിതിയല്ല എന്നാണ് വിശ്വാസം. ഇക്കഴിഞ്ഞ മാസം മണർകാട് പള്ളി വികാരി അറുപത് വയസിനുശേഷമുള്ളവരുടെ പവ്വർ ലിഫ്റ്റിംഗ് മത്സരത്തിൽ സ്വർണ്ണം നേടിയിരുന്നു.

? ജിമ്മിൽ പോയപ്പോൾ ആരോഗ്യപ്രശ്നങ്ങൾ കുറഞ്ഞോ?

= ജിമ്മിൽ പോകുന്നത് മസ്സിൽ പെരുപ്പിക്കാനാണ് എന്ന് കുരുതുന്നവരാണ് ഏറെയും. എന്നാൽ ഫിറ്റ്നസ് ആഗ്രഹിച്ച് പോകുന്നവരും കുറവല്ല. എന്റെ ആരോഗ്യ പ്രശ്നങ്ങൾ ഒരു പരിധി വരെ കുറഞ്ഞു. മുട്ടു വേദന പാടെ മാറി.

? എവിടെ, എങ്ങനെയായിരുന്നു മത്സരം

= ഇക്കഴിഞ്ഞ ഫെബ്രുവരി 15-ന് എറണാകുളം കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ചാണ് സ്റ്റേറ്റ് ക്ലാസിക് പവർ ലിഫ്റ്റിംഗ് മത്സരം നടന്നത്. മൂന്നു വിഭാഗങ്ങളിലായി നടന്ന മത്സരത്തിൽ ഡെഡ് ലിഫ്റ്റിൽ 95 കിലോഗ്രാം, സ്ക്വാട്ടിൽ 80 കിലോഗ്രാം,



ബെഞ്ച് പ്രസിൽ 55 കിലോഗ്രാം എന്നിവ യാണ് ഉയർത്തിയത്.

? പ്രചോദനം

= പവർ ലിഫ്റ്റിംഗ് ലോക ചാമ്പ്യനും സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗ വും പാലക്കാട് ജില്ലാ വെയ്റ്റ് ലിഫ്റ്റിംഗ് അസോസിയേഷൻ പ്രസിഡന്റും ബന്ധു വും കൂടിയായ ഡി. ചന്ദ്രബാബു ആണ് ആദ്യ പ്രചോദനം. പിന്നീട് ഫിറ്റ്സോൺ ജിമ്മിലെ ട്രെയിനർമാരായ മിഖായേൽ കുര്യാക്കോസ്, ജിത്തു ഏബ്രഹാം, ആഷ്ബിൻ പി.സാബു തുടങ്ങിയവർ. സുഹൃത്ത് രെഞ്ചു വിൽസന്റെ പ്രചോദ നവും ചെറുതല്ല.

കൂടാതെ ഇളയ മകൾ ശില്പയും സ്റ്റേ റ്റ് ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡൽ നേ ടിയിരുന്നു.

? പരിശീലനം എങ്ങനെ

= രണ്ടുമാസമാണ് ഇതിനുവേണ്ടി പരി ശീലനം നടത്തിയത്. മിഖായേൽ ആണ് പേഴ്സണൽ ട്രെയിനർ. രാവിലെ ഒരു മ ണിക്കൂർ വീതം.

? റിട്ടയർമെന്റ്

ദീപിക ദിനപത്രത്തിൽ 37 വർഷം ജോലി ചെയ്തു. പ്രമുഖ അമേരിക്കൻ മലയാളി വെബ്സൈറ്റായ 'ഇമലയാ ളി'യിൽ കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലേറെ യായി ജോലി ചെയ്തുവരുന്നു.

? കുടുംബം

= ഭാര്യ ഓമന ടെയ്‌ലറിംഗ് ഷോപ്പ് നടത്തുന്നു. രണ്ട് പെൺമക്കൾ. മൂത്ത പ ുത്രി ശീതൾ ˘ ഐ.ടി പ്രൊഫഷണലാ ണ്. രണ്ടാമത്തെ ആൾ ശില്പ ഹോമി യോ ഡോക്ടർ. ധ്രുവ് കൊച്ചുമകൻ. കോ ട്ടയത്ത് മാങ്ങാനത്ത് താമസം.






Now baking
4 exciting
flavors
Plum
Cakes
Freshly
Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with
Finest Organic
& Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing
Professionals from all 50 states
NOW
ACCEPTING
BULK
PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# ചിക്കാഗോ സെൻ്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ അന്താരാഷ്ട്ര വനിതാദിനാഘോഷങ്ങൾ സംഘടിപ്പിച്ചു

ചിക്കാഗോ: ചിക്കാഗോ സെൻ്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ വിമൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ വനിതാ ദിനാഘോഷങ്ങൾ സംഘടിപ്പിച്ചു. വിസിറ്റേഷൻ സന്ന്യാസ സമൂഹത്തിലെ അറിയപ്പെടുന്ന മോട്ടിവേഷൻ സ്പീക്കർ കൂടിയായ സിസ്റ്റർ മീര എസ്. വി. എം. ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച സെമിനാറിന് നേതൃത്വം നൽകി. വനിതകളുടെ ശാക്തീകരണവും, കുടുംബങ്ങളുടെ ദൈവ വിശ്വാസത്തിലൂന്നിയുള്ള വളർച്ചയിലും അഭിവൃദ്ധിയിലും വനിതകളുടെ പങ്കും സുവ്യക്തമായി അവതരിപ്പിക്കപ്പെട്ട സെമിനാർ ഏറെ ശ്രദ്ധിക്കപ്പെട്ടു. ചിക്കാഗോയിലെ ക്നാനായ വനിതകളുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഭവന നിർമ്മാണ പദ്ധതിയെ സിസ്റ്റർ മീര പ്രശംസിച്ചു.

സഭാത്മകമായി വളരുന്ന ക്നാനായ കുടുംബങ്ങൾ ക്നാനായ സമുദായത്തിൻ്റെ നിലനിൽപ്പിനും വളർച്ചക്കും അത്യന്താപേക്ഷിതമാണ് എന്ന് സിസ്റ്റർ മീര ഓർമ്മിപ്പിച്ചു. ആഘോഷങ്ങളുടെ ഭാഗമായി വൈവിധ്യമാർന്ന മത്സരങ്ങളും സംഘടിപ്പിച്ചിരുന്നു. ആഘോഷങ്ങൾക്ക് സിസ്റ്റർ ഷാലോം, ബിനു എടക്കര, റീന പണയപ്പറമ്പിൽ, ഡോളി എബ്രഹാം, ലൈബി പെരികലം എന്നിവർ നേതൃത്വം നൽകി. വികാരി ഫാ. സിജു മുടക്കോടിൽ, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ നിബിൻ വെട്ടിക്കാട്ട് എന്നിവർ പരിപാടികളുടെ നടത്തിപ്പിന് ആവശ്യമായ സജ്ജീകരണങ്ങൾക്ക് നേതൃത്വം നൽകി.

റിപ്പോർട്ട്: അനിൽ മറ്റത്തിക്കുന്നേൽ











# ചിക്കാഗോ എക്യൂമെനിക്കൽ കൗൺസിൽ അഖില ലോക പ്രാർത്ഥനാ ദിനം ആചരിച്ചു.



എക്യൂമെനിക്കൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ അഖില ലോകപ്രാർത്ഥനാ ദിനം മാർച്ച് 8 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് ചിക്കാഗോ മാർത്തോമ്മാ ദേവാലയത്തിൽ വെച്ച് പ്രൗഢഗംഭീരമായി ആചരിച്ചു. കൗൺസിൽ പ്രസിഡന്റ് റവ. ഫാ. തോമസ് മാത്യു അധ്യക്ഷത വഹിച്ച യോഗത്തിൽ റവ. ബിജു യോഹന്നാൻ (കൺവീനർ), ജോയിസ് ചെറിയാൻ (കോഡിനേറ്റർ) എന്നിവർ നേതൃത്വം നൽകി. ഈ വർഷത്തെ തിരഞ്ഞെടുക്കപ്പെട്ട ആപ്തവാക്യം, 'ഞാൻ നിന്നെ അതിശകരമായി സൃഷ്ടിച്ചിരിക്കുന്നു' (സങ്കീർത്തനം 139:14) ആസ്പദമാക്കി ഡോക്ടർ ഷെറിൻ തോമസ് കൊച്ചമ്മ (ലോമ്പാർഡ് മാർത്തോമ്മാ ചർച്ച്) മുഖ്യ പ്രഭാഷണം നടത്തി. നാം ഓരോരുത്തരും ദൈവത്താൽ സൃഷ്ടിക്കപ്പെട്ടും സംരക്ഷിക്കപ്പെട്ടും, സ്നേഹിക്കപ്പെട്ടും ഇരിക്കുന്നു. ഈ തിരിച്ചറിവിലേക്ക് നമ്മെ ക്ഷണിക്കുകയും, ഈ ശ്രേഷ്ഠമായ സത്യം നാം സ്വീകരിക്കപ്പെടുമ്പോൾ, നമ്മുടെ ജീവിത വീക്ഷണങ്ങൾ മാറ്റപ്പെടുകയും നാം തന്നെ പ്രശോഭിതരായി മറ്റുള്ളവരിലേക്ക് പ്രസരിക്കപെടുകയും ചെയ്യും എന്ന് കൊച്ചമ്മ ഉൾഘോഷിച്ചു. 2025ലെ അഖില ലോക പ്രാർത്ഥന ദിനം ഉദ്ദേശിച്ചത് പസഫിക് സമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന കുക്ക് ദ്വീപിലെ സഹോദരിമാരുടെ സാംസ്കാരിക ഉന്മനം പുറം ലോകത്തെ അറിയിക്കുക എന്നുള്ളതായിരുന്നു.

മാർത്തോമ്മാ ചർച്ച് ഗായകസംഘം ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും, ഇടവക സേവികാ സംഘം, കുക്ക് ദ്വീപിനെ ആസ്പദമാക്കിയുള്ള സ്കിറ്റ് അവതരിപ്പിക്കുകയും ചെയ്തു.

കൌൺസിൽ സെക്രട്ടറി അച്ചന്കുഞ്ഞ് മാത്യു, ജോയിന്റ് സെക്രട്ടറി ബെഞ്ചമിൻ തോമസ്, ട്രഷറർ ജോർജ് മാത്യു, മറ്റു കൌൺസിൽ അംഗങ്ങൾ ഉൾപ്പടെ ഏകദേശം 250 പരം ആളുകൾ പങ്കെടുത്തു. പാരിഷ് ഹാളിൽ നടന്ന കാപ്പി സൽക്കാരത്തോടെ അഖിലലോക പ്രാർത്ഥന ദിനം സമാപിച്ചു.

P. R. O's

സം തോമസ്,

ജോൺസൻ വള്ളിയിൽ.



Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company
State Farm Indemnity Company,
State Farm Fire and Casualty Company
State Farm General Insurance Company
1601489
Bloomington, IL

# അറ്റ്ലാന്റയിൽ ഇന്ത്യൻ കോൺസുലേറ്റ് സംഘടിപ്പിച്ച മീററ് & ഗ്രീററ് വിജയകരമായി



അറ്റ്ലാന്റാ: ഇന്ത്യൻ കോൺസുലേറ്റ് സംഘടിപ്പിച്ച മീറ്റ് & ഗ്രീറ്റ് പരിപാടി വിജയകരമായി. പുതിയ ഡപ്യൂട്ടി കോൺസൽ ജനറൽ ശ്രീജൻ ഷാന്ദില്യയുമായി നടത്തിയ കൂടിക്കാഴ്ച മാധ്യമ പ്രവർത്തകർക്ക് ഏറെ പ്രയോജനകരമായി.

ഹാവാർഡ് സർവകലാശാലയിൽനിന്നും മാസ്റ്റേഴ്സും ഗവേഷണ പദ്ധതികളും പൂർത്തിയാക്കിയ ഷാന്ദില്യ

യൂ.എസ്സി ലെ പ്രവർത്തനങ്ങളും അമേരിക്കൻ സംസ്കാരവും കൃത്യമായി മനസ്സിലാക്കിയിട്ടുള്ള വ്യക്തിയാണ്. സോഫ്റ്റ് വെയർഎഞ്ചിനീയർ ആയിരുന്ന അദ്ദേഹം പിന്നീട് ഇന്ത്യൻ വിദേശ മന്ത്രാലയത്തിൽ ചേർന്ന് മാധ്യമ കാര്യങ്ങളെക്കുറിച്ച് കുടുതൽ പഠിക്കുകയും അതിൽ ഏറെ ശ്രദ്ധ ചെലുത്തുകയും ചെയ്തു.

ഇതിനു മുൻപ്, ഏ 20 ഉച്ചകോടിയിലേക്കുള്ള ഇന്ത്യൻ മാധ്യമ പ്രവർത്തനങ്ങളുടെ ചുമതല അദ്ദേഹമാണ് വഹിച്ചിരുന്നത്. അന്താരാഷ്ട്ര ദേശീയ മാധ്യമങ്ങളെ ഏകോപിപ്പിക്കയും , പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നിരവധി സന്ദർശനങ്ങൾ കോർഡിനേറ്റ് ചെയ്യുകയും ചെയ്തു.

അറ്റ്ലാന്റായിലെ മീഡിയാ പ്രതിനിധികൾക്ക് ഇന്ത്യയുടെ പ്രവാസി നയങ്ങളെയും ദൗത്യങ്ങളെയും അടുത്തറിയുന്നതിനു സൗകര്യമൊരുക്കുക എന്ന ഉദ്ദേശത്തോടെയാണ് കോൺസുലേറ്റ് മീറ്റ് &ഗ്രീറ്റ് സംഘടിപ്പിച്ചത്.

മാധ്യമ പ്രവർത്തകരുമായി സഹകരിച്ച് മുന്നോട്ട് പോകുവാൻ ഏറെ താൽപര്യമുണ്ടെന്ന് അദ്ദേഹം തന്റെ പ്രഭാഷണത്തിൽ വ്യക്തമാക്കി.

പ്രവാസി ചാനൽ റീജിനൽ. ഡയറക്ടർ കാജൽ സക്കറിയ, എൻ ആർ ഐ പൾസിൽ നിന്നുള്ള വീണ റാവു, , ഖബറിന്റെ സൊനാലി പാർക്ക്, ടി വി 9 ന്റെ ശിവ്, ടി വി 5 & മന ടി വി യിൽ നിന്നും പ്രവീൺ പുരം ജ്യമ്ലലി , ഏഷ്യ ടിവി യിൽനിന്നും അഞ്ജലി ചബ്ര, എൻആർഐ പൾസിൽ നിന്നുമുള്ള ജ്യോത്സന ഹാഗഡെയ് എന്നീ മാധ്യമ പ്രവർത്തകർ പങ്കെടുത്തു.

പരിപാടിയുടെ വിജയകരമായ നടത്തിപ്പ് കോൺസുലേറ്റിലെ മീഡിയാ മാനേജർ മിനി നായർ നിർവഹിച്ചു. ഡെപ്യൂട്ടി കൗൺസൽ ജനറലിനും വേദി ഒരുക്കിയ മിനി നായർക്കും പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു കൊണ്ടും , കോൺസുലേറ്റിന്റെ പ്രവർത്തനങ്ങൾക്ക് പൂർണ പിന്തുണ പ്രഖ്യാപിച്ചു കൊണ്ടും മീറ്റിംഗ് പര്യവസാനിച്ചു.




TOTAL MEDICAL 360
Discover
a New You at
TOTAL MEDICAL 360 LLC.
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590


USA - CANADA TOUR
MAY-JUNE 2025
STAR
ENTERTAINMENT
PRESENTS
cine
Star
Nite
2025
www.starentertainment.world
CONTACT: JOSEPH IDICULA 201-421-5303
JAMES GEORGE 973-985-8432 | BOBBY VARGHESE 201-669-1477

# പിണറായിയുടെ താൻപ്രമാണിത്തവും പാർട്ടിയിൽ വെട്ടിനിരത്തപ്പെടുന്നവരും...




എ.എസ് ശ്രീകുമാർ

പ്രായത്തിനും ഭരണത്തിനും അതീതനായി പാർട്ടിയിൽ ആരാലും ചോദ്യം ചെയ്യപ്പെടാത്ത അധികാര കേന്ദ്രമായി മാറിയ പിണറായി വിജയന്റെ അപ്രമാദിത്യം അരക്കിട്ടുറപ്പിച്ച് സി.പി.എമ്മിന്റെ സംസ്ഥാന സമ്മേളനം കൊല്ലത്ത് കൊടിയിറങ്ങുമ്പോൾ വെട്ടിനിരത്തലിന്റെ വേദനയും പ്രതിഷേധ സ്വരങ്ങളും കേട്ടു തുടങ്ങി. മാർക്സിസവും ലെനിനിസവുമല്ല 'പിണറായിസ'മാണ് ഇനി സി.പി.എമ്മിന്റെ പത്യയശാസ്ത്രമെന്ന വാഴ്ത്തുപാട്ടുകളുടെ ക്ലീഷേ കൊല്ലത്ത് പ്രകടമായി. കൊല്ലം കണ്ട ചിലർ പാർട്ടി ഇല്ലം ഉപേക്ഷിക്കാനുള്ള പുറപ്പാടിലുമാണ്.

'നവകേരളത്തിന്റെ പുതിയ വഴികൾ' വെട്ടിത്തുറക്കുന്നുവെന്ന നയരേഖ സമ്മേളനത്തിൽ വലിയ സ്വീകാര്യത നേടിയെങ്കിലും സി.പി.എം സംസ്ഥാന സമ്മേളനങ്ങളുടെ ചരിത്രത്തിലാദ്യമായി പാർട്ടി സംസ്ഥാന സമതി രീപീകരിച്ചതിനെ പരസ്യമായി ചോദ്യം ചെയ്ത് പാർട്ടിയിലെ മുതിർന്ന രണ്ട് നേതാക്കൾ പരസ്യമായി രംഗത്തു വന്നത് കല്ലുകടിയായി. പത്തനംതിട്ടയിൽ നിന്നുള്ള മുതിർന്ന അംഗവും മുൻ എം.എൽ.എയുമായ എ പത്മകുമാറും, നിർദാക്ഷിണ്യം തഴയപ്പെട്ട മുതിർന്ന നേതാവും മുൻ മന്ത്രിയുമായ ജി സുധാകരനുമാണ് സി.പി.എം നേതൃത്വത്തെ ഞെട്ടിച്ചത്.

തന്റെ 52 വർഷത്തെ പ്രവർത്തന പാരമ്പര്യത്തെ ചവിട്ടി മെതിച്ച് വെറും 9 വർഷം മാത്രം പ്രവർത്തിച്ച മന്ത്രി വീണാ ജോർജിനെ സി.പി.എം സംസ്ഥാന സമിതിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തിയതിൽ പ്രതിഷേധിച്ച് ''ചതിവ്... വഞ്ചന... അവഹേളനം.. 52 വർഷത്തെ ബാക്കി പത്രം... ലാൽ സലാം...'' എന്ന എ പത്മകുമാറിന്റെ ഫെയ്സ് ബുക്ക് പോസ്റ്റ് വിവാദമായിട്ടുണ്ട്. ദേവസ്വം ബോർഡ് മുൻ ചെയർമാൻ കൂടിയായ എ പത്മകുമാർ താമസിയാതെ തരംതാഴ്ത്തൽ നടപടിക്ക് വിധേയനായേക്കും. താൻ വഞ്ചിക്കപ്പെട്ടതിലാണ് പത്മകുമാറിന്റെ സങ്കടവും രോഷവും.

പത്മകുമാറിനെ സംസ്ഥാന കമ്മിറ്റിയിൽ എടുക്കാത്തതിന് കാരണമുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായിരിക്കെ ശബരിമലയിൽ യുവതികളെ കയറ്റുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുമായി പത്മകുമാർ ഇടഞ്ഞിട്ടുണ്ട്. അന്നുമുതൽ പിണറായിയുടെ കണ്ണിലെ കരടാണ് പത്മകുമാർ. പാർട്ടി ഉപരി കമ്മിറ്റികളിലേക്ക് അംഗങ്ങളെ എടുക്കുമ്പോൾ രാഷ്ട്രീയബോധം, സംഘടനാ ധാരണ എന്നിവ ഉണ്ടാകണം. അങ്ങനെയാണ് പഴയ നേതാക്കൻമാർ പഠിപ്പിച്ചിരിക്കുന്നതെന്നാണ് പത്മകുമാർ തുറന്നടിച്ചത്. ഭാരവാഹികളെ നിശ്ചയിക്കുന്നതിന് ഏർപ്പെടുത്തിയ പ്രായപരിധി നിബന്ധനയെ പരിഹസിച്ച് ജി സുധാകരൻ പരസ്യമായി നിലപാടെടുത്തതും സി.പി.എമ്മിന് ക്ഷീണമായി.

അഴിമതി രഹിതനെന്ന് പേരെടുത്ത ജി സുധാകരനെ ബോധപൂർവം തഴയുന്നതിൽ പാർട്ടിയിൽത്തന്നെ കടുത്ത എതിർപ്പുണ്ട്. കൊല്ലം സമ്മേളനത്തോടെ

വിഭാഗീയതയ്ക്ക് അന്ത്യം കുറിച്ചതായി പ്രഖ്യാപിക്കപ്പെട്ടെങ്കിലും അതിനേക്കാൾ ഉച്ചത്തിൽ എതിർപ്പുകളുടെ ശബ്ദം മുഴങ്ങിത്തുടങ്ങി. എല്ലാം പിണറായി വിജയന്റെ താൻപ്രമാണിത്തത്തിനെതിരെയാണ്. പിണറായി പാർട്ടിയെ കൈപ്പിടിയിൽ ഒതുക്കി സ്ഥാനങ്ങളെല്ലാം തന്റെയും മരുമകന്റെയും ഇഷ്ടക്കാർക്ക് വീതംവച്ച് നൽകിയപ്പോൾ പാർട്ടി വളർത്താൻ അഹോരാത്രം പണിയെടുത്തവർ കളത്തിന് പുറത്തായതാണ് കൊല്ലം സമ്മേളനത്തിന്റെ ബാക്കിപത്രം.

പിണറായിക്ക് ജയ് വിളിക്കുന്നവരെയാണ് സംസ്ഥാന സമിതിയിലും സെക്രട്ടേറിയറ്റിലും തിരുകി കയറ്റിയിരിക്കുന്നതെന്നാണ് ആക്ഷേപം. പാർട്ടിയിൽ ഉൾപ്പെടെ എല്ലാ രംഗത്തും സ്ത്രീകൾ മുന്നോട്ട് വന്നിട്ടുണ്ടെങ്കിലും നേതൃനിരയിലേയ്ക്ക് അതിന്റെ പ്രതിഫലനം ഉണ്ടായിട്ടില്ലെന്ന് കണ്ണൂർ ജില്ലാ കമ്മിറ്റി അംഗവും മഹിളാ അസോസിയേഷൻ ദേശീയ ജോയിന്റ് സെക്രട്ടറിയുമായ എൻ സുകന്യ ചൂണ്ടിക്കാട്ടി. ''ഓരോ അനീതിക്കും നിങ്ങൾ കോപത്താൽ വിറയ്ക്കുന്നുണ്ടെങ്കിൽ നിങ്ങൾ എന്റെ സഖാവാണ്-ചെഗുവേര...'' എന്ന കുറിപ്പ് സോഷ്യൽ മീഡിയയിൽ സുകന്യ പോസ്റ്റ് ചെയ്തതിന്റെ അർത്ഥം വരികൾക്കിടയിൽനിന്ന് വായിച്ചെടുക്കാം.

കൊല്ലം ജില്ലയിൽ നിന്നുള്ള മുതിർന്ന അംഗവും ട്രേഡ് യൂണിയൻ നേതാവും മുൻ മന്ത്രിയുമായ ജെ മേഴ്സിക്കുട്ടി അമ്മ, മന്ത്രി എം.ബി രാജേഷ്, പി ജയരാജൻ തുടങ്ങിയവർ ഇക്കുറി വെട്ടിനിരത്തപ്പെട്ടവരാണ്. പാർട്ടിയുടെ ഈറ്റില്ലമായ കണ്ണൂരിലെ പി ജയരാജന്റെ വർധിച്ച ജനകീയ പിന്തുണയും 'പി.ജെ ആർമി' രൂപീകരിച്ചതുമാണ് പി ജയരാജനെ തെരഞ്ഞുപിടിച്ച് സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ഒഴിവാക്കാൻ കാരണം. അതേസമയം കണ്ണൂരിലെ തന്നെ മറ്റൊരു സഖാവ് എം.വി ജയരാജനെ സംസ്ഥാന കമ്മിറ്റിയിൽ ഉൾപ്പെടുത്തി. ഇതിൽ കലിപൂണ്ട് പി ജയരാജന്റെ മകൻ നേതൃത്വത്തിനെതിരെ പ്രതികരിക്കുകയും ചെയ്തു. സമ്മേളനം കഴിയുമ്പോൾ പി ജയരാജന് പാർട്ടി നിയമത്തിലെ പ്രായ നിബന്ധന പരിമിതിയാവുമെന്നതാണ് യാഥാർത്ഥ്യം.

മന്ത്രി എം.ബി രാജേഷിനെ അടുത്ത മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി ചിലർ ഉയർത്തിക്കാട്ടിയതിലുള്ള പകയാണ് അദ്ദേഹത്തെ പരിഗണിക്കാതിരുന്നതിന്റെ കാരണം. സി.പി.എമ്മിന് കേരളത്തിൽ ഒരേയൊരു മുഖ്യമന്ത്രിയേ ഉള്ളൂ, അത് പിണറായി വിജയനാണെന്ന് ഇടയ്ക്കിടയ്ക്ക് സഖാക്കൾ ഓർക്കുന്നത് നല്ലതാണ്. ആഴക്കടൽ മത്സ്യബന്ധന വിഷയത്തിലും കരിമണൽ ഖനനത്തിലും പിണറായിയുടെയും പാർട്ടിയുടെയും വാക്കുകൾ ധിക്കരിച്ച മേഴ്സിക്കുട്ടിയമ്മ പുറത്തായതും സ്വാഭാവികം. പ്രായപരിധി നിബന്ധനയിൽ സംസ്ഥാന സെക്രട്ടേറിയറ്റിൽ നിന്ന് പുറത്തു പോകേണ്ടി വന്നവരാണ് എ.കെ ബാലൻ, പി.കെ ശ്രീമതി, ആനാവൂർ നാഗപ്പൻ എന്നിവർ. എ.കെ ബാലൻ തലശ്ശേരി ബ്രണ്ണൻ കോളേജിൽ പിണറായിയുടെ സഹപാഠിയായിരുന്നിട്ടും വിശേഷമൊന്നുമുണ്ടായില്ല.




തിരുവനന്തപുരത്ത് നിന്നുള്ള മുതിർന്ന നേതാവും മുൻ മന്ത്രിയും മുൻ സ്പീക്കറുമായ എം വിജയകുമാറിനും സെക്രട്ടേറിയറ്റിലെത്താനായില്ല. ഇപ്പോൾ തന്നെ പ്രായപരിധിയുടെ പടിവാതിലിലെത്തി നിൽക്കുന്ന വിജയകുമാറിന്റെ എല്ലാ സാധ്യതകളും അടഞ്ഞു. കോഴിക്കോട് നിന്നുള്ള ഡി.വൈ.എഫ്.ഐ മുൻ സംസ്ഥാന സെക്രട്ടറി എ പ്രദീപ് കുമാറിന് ഇത്തവണ സംസ്ഥാന സെക്രട്ടേറിയറ്റിൽ സ്ഥാനക്കയറ്റം ഉണ്ടാകുമെന്നായിരുന്നു പൊതു വിലയിരുത്തലെങ്കിലും അദ്ദേഹത്തിനും സെക്രട്ടേറിയറ്റിൽ ഇടം ലഭിച്ചില്ല. മുഖ്യമന്ത്രിയുടെ മകളുടെ ഭർത്താവും പൊതുമാമത്ത് മന്ത്രിയുമായ പി.എ മുഹമ്മദ് റിയാസിന്റെ സ്വാധീനം സംസ്ഥാന കമ്മിറ്റിയിലും സംസ്ഥാന സെക്രട്ടേറിയറ്റിലും പ്രകടമായതാണ് മറ്റൊരു കാര്യം.

''കഴിഞ്ഞ എറണാകുളം സമ്മേളനത്തോടെ തന്നെ പിണറായി വിജയൻ പാർട്ടിയെ ഹൈജാക്ക് ചെയ്യാൻ ആരംഭിച്ച ശ്രമം കൊല്ലം സമ്മേളനത്തോടെ സമ്പൂർണമായി. ഇപ്പോൾ പാർട്ടിയിൽ പിണറായി വിജയന്റെ കാലമാണ്. ചൈനയിൽ ഷീ ജിൻ പിങ് അദ്ദേഹത്തിന്റെ മരണം വരെ തുടരണമെന്ന് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി തീരുമാനിച്ചതിന് സമാനമാണിത്...'' സി.എം.പി ജനറൽ സെക്രട്ടറി സി.പി ജോണിന്റെ ഈ വാക്കുകൾ വളരെ അർത്ഥവത്താണ്. വി.എസ് അച്യുതാനന്ദനെ സംസ്ഥാന സമതിയിൽ തുടരാൻ അനുവദിച്ചിട്ടുണ്ട്. അത് പിണറായിയുടെ മഹാമനസ്കതയായി കാണേണ്ടതില്ല, പ്രായാധിക്യത്തിൽ വിശ്രമിക്കുന്ന വി.എസ് ഇനി പാർട്ടി വേദികളിൽ വരില്ലല്ലോ...എല്ലാവർക്കും സ്ഥാനം കൊടുക്കാൻ പറ്റില്ല. പക്ഷേ, കൊള്ളാവുന്നവരെ തള്ളരുതല്ലോ...

# LIVE Television Channels Streaming of Events

MediaAppUSA

## 'VOD' Video On Demand
## Movies | Shows | Photos
## Event Tickets



**One App for All Media Outlets**

amazon fireTV — Amazon fireTV

Roku — ROKU TV

tv — Apple TV

Google TV — GoogleTV

Samsung SMART TV — Samsung TV

LG Life's Good — LGTV

Panasonic — Panasonic

VIZIO — VIZIO TV

iPhone

Android

Download on the App Store | ANDROID APP ON Google play

Available in App Store or Google Store

Scan the QR Code for instant download

Download 'MediaAppUSA'


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# മലയാളി അസോസിയേഷൻ ഓഫ് ടാമ്പാ അന്താരാഷ്ട്ര വനിതാദിനം ആഘോഷിച്ചു



രാജു മൈലപ്രാ

മലയാളി അസോസിയേഷൻ ഓഫ് ടാമ്പാ അന്താരാഷ്ട്ര വനിതാദിനം ആഘോഷിച്ചു.ടാമ്പാ: മലയാളി അസോസിയേഷൻ ഓഫ് ടാമ്പായുടെ വനിതാ വിഭാഗമായ ഷീ മാറ്റിന്റെ(She MAT) ആഭിമുഖ്യത്തിൽ 'അന്താരാഷ്ട്ര വനിതാദിനം' ആഘോഷിച്ചു.

മാർച്ച് എട്ടിനു ശനിയാഴ്ച, ടാമ്പായിലെ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ഓഡിറ്റോറിയത്തിലാണു 'അലോഹാ' എന്ന നാമകരണം ചെയ്ത ഈ ആഘോഷങ്ങൾ ഹവാ യൈൻ ശൈലിയിൽ അരങ്ങേറിയത്. പരമ്പരാഗതമായ വർണ്ണശബളമായ ഹവായൈൻ വസ്ത്രങ്ങൾ അണിഞ്ഞെത്തിയ വനിതകൾ ആഘോഷങ്ങൾക്ക് ചാരുത പകർന്നു. സ്വാദിഷ്ഠമായ ഹാവായിൽ രുചിവിഭവങ്ങൾ പരിപാടികൾക്ക് ഇരട്ടി മധുരം നൽകി.

പ്രൊഫഷ്ണൽ നർത്തകി ഏരിയൽ സ്റ്റേജിലും സദസ്യരോടൊപ്പവും നടത്തിയ നൃത്തപരിപാടി പങ്കെടുത്തവർക്ക് ഹരമായി. ബിജി ജിനോയുടെ 'അലോഹ' എന്ന ആശയത്തിൽ നിന്നുമുള്ള പ്രചോദനം ഉൾക്കൊണ്ടു നടത്തിയ ഈ പരിപാടിക്ക് മീന കുരുവിള, ജെംസിൻ ജോർജ്, ആശ മേനോൻ, ലാലി ചാക്കോ, ശ്രീധ സാജ്, രശ്മി മേനോൻ, മറിയ തോമസ്, റോസമ്മ മാത്തുക്കുട്ടി, സുനിതാ ഫ്ളവർഹിൽ തുടങ്ങിയവർ നേതൃത്വം നൽകി.



സിസ, അനു എന്നിവർ ഗെയിം കോർഡിനേറ്റാഴ്സായി പ്രവർത്തിച്ചു. പങ്കെടുത്ത എല്ലാവർക്കും, പരിപാടിക്കു സ്പോൺസർഷിപ്പു നൽകിയവർക്കും വുമൺസ് ഫോറം ചെയർ ഷീരാ ഭഗവത്തുള്ള നന്ദി അറിയിച്ചു.

അന്തരാഷ്ട്ര വനിതാദിന ആഘോഷം ഒരു വൻ വിജയമാക്കിത്തീർത്ത വുമൺസ് ഫോറം ഭാരവാഹികളെ പ്രസിഡന്റ് ജോൺ കല്ലോലിക്കൽ, സെക്രട്ടറി അനഘ ഹാരീഷ്, ട്രഷറാർ ബാബുപോൾ തുടങ്ങിയവർ അഭിനന്ദനം അറിയിച്ചു.

# പുതുതലമുറയെ ലഹരിയിൽ നിന്ന് രക്ഷിക്കാൻ സ്പോർട്സ് പദ്ധതി

**സനിൽ പി. തോമസ്**

ഇന്ത്യൻ സ്പോർട്സിൽ കഴിഞ്ഞ ഏതാനും വർഷമായി ഹരിയാന നടത്തിയ കുതിപ്പ് ശ്രദ്ധേയമാണ്. കപിൽ ദേവും നീരജ് ചോപ്രയും വിനേഷ് ഫോഗട്ടുമൊക്കെ വളർന്ന മണ്ണിൽ കൗമാര, യുവ നിര ഇന്നു കളിക്കളത്തിൽ സജീവമാണ്. നാട്ടിലെങ്ങും കളിക്കളങ്ങ ൾ ഒരുക്കിയപ്പോൾ പുതു തലമുറ മയക്കുമരുന്നിലല്ല ലഹരിയെന്ന് തിരിച്ചറിഞ്ഞു. ഒറീസയാകട്ടെ വൻതോതിലാണ് കായികപരിശീലനത്തിനും മത്സരത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത്.

കുട്ടികളെ മയക്കുമരുന്നിൽ നിന്നു രക്ഷിക്കാൻ ഏറ്റവും നല്ല മാർഗം അവരെ സ്പോർട്സിൽ സജീവമാക്കുകയാണെന്നു തെളിയിച്ച ഹരിയാനയുടെ പദ്ധതി കോട്ടയം പുതുപ്പള്ളി എം.എൽ.എ.ചാണ്ടി ഉമ്മനും പരീക്ഷിക്കുകയാണ്. ഉമ്മൻ ചാണ്ടി ഫൗണ്ടേഷന്റെ പേരിൽ, മണ്ഡലത്തിൽ കഴിയുന്നത്ര കളിക്കളങ്ങളും പരിശീലന കേന്ദ്രങ്ങളും ഒരുക്കുക എന്ന ലക്ഷ്യത്തോടെ ചാണ്ടി ഉമ്മൻ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.കളിക്കളങ്ങൾക്കും പരിശീലനത്തിനും വേണ്ടി കണ്ടുവച്ചിരിക്കുന്ന സ്ഥലങ്ങൾ കാണാൻ അദ്ദേഹത്തോടൊപ്പം ഈ ലേഖകനും യാത്ര ചെയ്തു..

പുതുപ്പള്ളി പള്ളി അങ്കണത്തിലെ ഉമ്മൻ ചാണ്ടിയുടെ കല്ലറയ്ക്കു മുന്നിൽ പ്രാർഥിച്ചുകൊണ്ടാണ് യാത്ര തുടങ്ങിയത്.

പുതുതലമുറയെ ലഹരിയിൽ നിന്നു രക്ഷിക്കേണ്ടതിന്റെ ആവശ്യം മനസ്സിലാക്കി നാട്ടുകാർ എം.എൽ.എയെ കാണാൻ കൂട്ടമായെത്തി. സ്പോർട്സിൽ രാഷ്ട്രീയമില്ലെന്നു തിരിച്ചറിഞ്ഞുള്ള കൂട്ടായ്മകളാണ് എല്ലായിടത്തും കണ്ടത്. വിദ്യാർഥികൾക്കിടയിലെ ലഹരി ഉപയോഗം സൃഷ്ടിക്കുന്ന വിപത്ത് നാട്ടുകാർ തിരിച്ചറിയുന്നു എന്നു വ്യക്തമാകുകയായിരുന്നു. ഒരിടത്ത് കൊച്ചു കുട്ടികൾ തിരുവാതിര അവതരിപ്പിച്ചുകൊണ്ടാണ് എം.എൽ.എയെ വരവേറ്റത്

തുഴച്ചിൽ പരിശീലനത്തിന് ഉദ്ദേശിക്കുന്ന സ്ഥലത്തെ ആറാട്ടുകടവിന്റെ വികസനവും ഇതിനൊപ്പം നടപ്പിലാക്കാനുള്ള സാധ്യതകൾ തേടി പല ക്ഷേത്രങ്ങളിലെയും ഭാരവാഹികൾ വന്നു.

സ്പോർട്സ് പദ്ധതിയിൽ അവർക്കെല്ലാം സന്തോഷം.

ഫുട്ബോൾ ടർഫ്, ബാഡ്മിൻറൻ , വോളിബോൾ ,ബാസ്ക്കറ്റ്ബോൾ കോർട്ടുകൾ എന്നിവയും പദ്ധതിയിൽ ഉള്ളതായി അറിയുന്നു. ചിലർ സ്ഥലം സൗജന്യമായി നൽകാൻ തയാറായിട്ടുണ്ട്.

തുഴച്ചിൽ പരിശീലനത്തിനൊപ്പം നീന്തലും പഠിക്കേണ്ടതുണ്ട്.ഇക്കാര്യത്തിലൊക്കെ പരിശീലകർക്കു പ്രതിഫലം നൽകാനും കുട്ടികൾക്ക് സ്പോർട്സ് കിറ്റ് നൽകാനുമൊക്കെ പ്രായോജകരെ കണ്ടെത്തേണ്ടതുണ്ട്. വ്യക്തികളും സ്ഥാപനങ്ങളും മുന്നോട്ടുവരുമെന്നു പ്രതീക്ഷിക്കാം. സ്പോർട്സ് ടൂറിസവും ദീർഘകാല പദ്ധതിയിൽ ഉണ്ട്.

ഞങ്ങൾക്കൊപ്പമുണ്ടായിരുന്ന, പുനെയിലെ സണ്ണി വാട്ടർ സ്പോർട്സ് സ്ഥാപന ഉടമ സണ്ണി സെബാസ്റ്റ്യൻ, കനൂയിങ്, കയാക്കിങ് പരിശീലനം തുടങ്ങാൻ വേണ്ട ഫൈബർ ബോട്ടുകളും അനുബന്ധ ഉപകരണങ്ങളും സൗജന്യമായി എത്തിക്കാമെന്നേറ്റു.

പുതുപ്പള്ളി മണ്ഡലത്തിലെ താമസക്കാരൻ കൂടിയായ ഗുസ്തി പരിശീലകൻ ജോൺ ചെറിയാൻ നെല്ലിശേരി പിന്തുണയറിയിച്ചു. ഈ മാസം ആർമിയിൽ നിന്നു വിരമിക്കുന്ന ജോൺ കുട്ടികളെ ഗുസ്തി മാത്രമല്ല നീന്തലും പഠിപ്പിക്കാൻ സന്നദ്ധത അറിയിച്ചു.യൂണിവേഴ്സിറ്റി തലത്തിൽ ജോൺ നീന്തൽ താരവുമായിരുന്നു.

യോഗ, ഷൂട്ടിങ് പരിശീലന രംഗത്ത് ശ്രദ്ധേയനായ തോമസ് വയലിലും കുട്ടികൾക്ക് പരിശീലനം നൽകുവാൻ സന്നദ്ധത അറിയിച്ചു.അയർക്കുന്നം സ്വദേശിയാണ് തോമസ്.

വാട്ടർ സ്പോർട്സ് പരിശീലന കേന്ദ്രങ്ങൾ ഗ്രാമതലത്തിൽ വരുന്നത് ഭാവിയിൽ സ്പോർട്സ് അതോരിറ്റി ഓഫ് ഇന്ത്യയുടെ ആലപ്പുഴ സെൻറർ ഓഫ് എക്സലൻസിലേക്ക് താരങ്ങളെ കണ്ടെത്താൻ ഉപകരിക്കുമെന്ന് സായ് അധികൃതർ പ്രത്യാശ പ്രകടിപ്പിച്ചു.

പദ്ധതി വിപുലപ്പെടുത്താൻ സ്പോൺസർമാർ തുണച്ചാൽ നാട്ടിലെ കുട്ടികൾ രക്ഷപ്പെടും.

കുട്ടികളെ ലഹരിയിൽ നിന്നും അക്രമ വാസനയിൽ നിന്നും രക്ഷിക്കാൻ അവരെ സ്പോർട്സിൽ സജീവമാക്കുക തന്നെ ഏറ്റവും നല്ല മാർഗം.കുട്ടികളുടെ മൊബൈൽ ഉപയോഗവും കുറഞ്ഞു കിട്ടും.കുട്ടികൾ കളിച്ചുവളരട്ടെ. നാട് ഉണരട്ടെ.





# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C SPRJ55189

# യോങ്കേഴ്സ് മലയാളി അസ്സോസിയേഷന് നവ നേതൃത്വം: ബ്ലിറ്റ്സ് പോൾ പ്രസിഡന്റ്, ജോർജ് ജോസഫ് സെക്രട്ടറി

ന്യൂയോർക്ക് : ന്യൂയോർക്കിലെ പ്രശസ്ത മലയാളി സംഘടനയായ 'യോങ്കേഴ്സ് മലയാളി അസ്സോസിയേഷന്റെ' പുതിയ പ്രസിഡന്റായി ബ്ലിറ്റ്സ് പോൾ തെരഞ്ഞെടുക്കപ്പെട്ടു. ജോർജ് ജോസഫ് (ബിനോയ്) - സെക്രട്ടറി, സുരേഷ് നായർ - ട്രഷറർ, സുരേഷ് ബാബു - വൈസ് പ്രസിഡന്റ്, ആശിഷ് ജോസഫ് - ജോ. സെക്രട്ടറി, എബ്രഹാം എബ്രഹാം (സന്തോഷ്) - ജോ. ട്രഷറർ എന്നിവരാണ് മറ്റു ഭാരവാഹികൾ. കമ്മിറ്റി അംഗങ്ങളായി ബിനോയ് തോമസ്, റോണിഷ് മൈക്കിൾ, ജോസൻ ജോസഫ്, ബിജു പയറ്റുതറ, തോമസ് സാമുവേൽ, ഫിലിപ്പ് സാമുവേൽ, മെൽവിൻ മാത്യു, തോമസ് ജോസഫ്, ബിജു ആന്റണി എന്നിവരെയും തെരഞ്ഞെടുത്തു.

സംഘടനയുടെ പുതിയ ട്രസ്റ്റി ബോർഡ് ചെയർമായി ഷിനു ജോസഫ് തെരഞ്ഞെടുക്കപ്പെട്ടു. തോമസ് മാത്യു, ജോഫ്രിൻ ജോസ് , നിഷാദ് പയറ്റുതറ, ജിജു തോമസ് എന്നിവരാണ് ട്രസ്റ്റി ബോർഡ് അംഗങ്ങൾ.




മാർച്ച് ഒന്നാം തീയതി ശനിയാഴ്ച യോങ്കേഴ്സ് പബ്ലിക് ലൈബ്രറി ഓഡിറ്റോറിയത്തിൽ കൂടിയ വാർഷിക പൊതുയോഗമാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്.

പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെട്ട ബ്ലിറ്റ്സ് പോൾ ഫോമാ എംപയർ റീജിയൻ കമ്മിറ്റി അംഗവും യോങ്കേഴ്സിലെ സാമൂഹിക - സാംസ്കാരിക രംഗത്തെ സജീവ സാന്നിധ്യവുമാണ്. നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിവരുന്നു. പൂന യൂണിവേഴ്സിറ്റിയിൽനിന്നും എംസിഎ ബിരുദം കരസ്ഥമാക്കി അമേരിക്കയിലെത്തി ഐടി മേഖലയിൽ ജോലി ചെയ്തു. വർഷങ്ങളോളം ബിസിനസ് സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്നു. ഇപ്പോൾ പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുന്നു.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ജോർജ് ജോസഫ്, മുൻ കമ്മിറ്റി അംഗമാണ്. കൂടാതെ കുട്ടനാട് മലയാളി അസോസിയേഷന്റെ വൈസ് പ്രസിഡന്റ്, അമേരിക്കയിലെ ആദ്യകാല സംഘടനകളിലൊന്നായ ഇന്ത്യ കാത്തലിക് അസോസിയേഷൻ അമേരിക്കയുടെ റീജണൽ ഡയറക്ടറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സാമൂഹിക- സാംസ്കാരിക മേഖലകളിൽ സജീവസാന്നിധ്യമായ ജോർജ് ജോസഫ് എൻജിനീയറിംഗ് ബിരുദധാരിയും അമേരിക്കയിൽനിന്ന് റേഡിയോളജി ബിരുദവും എടുത്തിട്ടുണ്ട്. യോങ്കേഴ്സ് പ്രസ്പ്രിറ്റേറിയൻ ഹോസ്പിറ്റലിൽ പ്രവർത്തിക്കുന്നു.


ട്രഷറർ ആയി തെരെഞ്ഞെടുക്കപ്പെ സുരേഷ് നായർ സംഘടനയുടെ മുൻ പ്രസിഡന്റും ഫോമയുടെ നിലവിലെ നാഷണൽ കമ്മിറ്റി അംഗവുമാണ്. റിയൽ എസ്റ്റേറ്റ് മേഖലയിൽ സജീവസാന്നിധ്യമാണ്. വിദ്യാ'്യാസമേഖലയിലാണ് ഇപ്പോൾ. വിവിധ സംഘടനകളിൽ 'ാരവാഹിയാണ്. പല ഹിന്ദു സംഘടനകളിലും പ്രവർത്തിക്കുന്നു. ശബരിമലയിലെ വിവിധ പ്രവർത്തനങ്ങളുടെ സംഘാടകനും കൂടിയാണ്.


ട്രസ്റ്റി ബോർഡ് ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട ഷിനു ജോസഫ്, നിലവിൽ ഫോമയുടെ അഡ്വൈസറി ബോർഡ് ചെയർമാനാണ്. യോങ്കേഴ്സ് മലയാളി അസ്സോസിയേഷന്റെ മുൻ പ്രസിഡന്റ്, ഫോമയുടെ മുൻ ട്രഷറർ, നാഷണൽ കമ്മിറ്റി അംഗം തുടങ്ങി വിവിധ തലങ്ങളിൽ ഷിനു ശ്രദ്ധേയമായ പ്രവർത്തനം നടത്തിയിട്ടുണ്ട്

പുതിയ ഭാരവാഹികളെ ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അനുമോദിക്കുകയും , ആശംസകൾ അറിയിക്കുകയും ചെയ്തു.

ബ്ലിറ്റ്സ് പോളിന്റെ നേതൃത്വത്തിലുള്ള പുതിയ കമ്മിറ്റിക്കു സംഘടനയെ കൂടുതൽ ഉന്നതിയിലേക്ക് നയിക്കുവാൻ സാധിക്കട്ടെയെന്നു സ്ഥാനമൊഴിയുന്ന പ്രസിഡന്റ് പ്രദീപ് നായർ ആശംസിച്ചു.

കംപ്ലെയ്ൻസ് കൗൺസിൽ വൈസ് ചെയർമാൻ ഷോബി ഐസക്, ജുഡീഷ്യൽ കൗൺസിൽ വൈസ് ചെയർമാൻ ജോഫ്രിൻ ജോസ്, ആർ.വി. പി പി.ടി തോമസ് എന്നിവർ പുതിയ ഭാരവാഹികൾക്ക് ആശംസകൾ നേർന്നു.


MAYURA
INDIAN RESTAURANT
9321-23 Krewstown, Philadelphia
Restuarant : 215 420 4200
Cell Phone: 267 668 8399
LET US CATER
YOUR NEXT EVENT
BOOK THE ENTIRE PLACE TO HOLD
YOUR SPECIAL EVENT
Great Food | Award Winning Chef
Plenty of Free Parking | Customize your Event



In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680

# ഇന്ത്യൻ അമേരിക്കൻ നേഴ്സസ് അസോസിയേഷൻ ഓഫ് ഗ്രേയ്റ്റർ ഹൂസ്റ്റണ് ശക്തമായ നേതൃനിര – ബിജു ഇട്ടൻ പ്രസിഡണ്ട്



**ജീമോൻ റാന്നി**

ഹൂസ്റ്റൺ: ഇന്ത്യൻ അമേരിക്കൻ നേഴ്സസ് അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റന്റെ (IANAGH ) 31ാമത് ഭരണസമിതി അംഗങ്ങൾ വിശിഷ്ട വ്യക്തികളുടെ സാന്നിധ്യത്തിൽ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. അപ്നാ ബസാർ റെസ്റ്റോറന്റ് ഓഡിറ്റോറിയത്തിൽ പ്രൗഢ ഗംഭീരമായി നടന്ന ചടങ്ങിൽ സംഘടനയുടെ മുൻ പ്രസിഡന്റ് മരിയ ഉമ്മൻ സത്യപ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു.

ബിജു ഇട്ടൻ (പ്രസിഡന്റ്), ജിനി അൽഫോൻസോ (എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്), കവിതാ രാജൻ (വൈസ് പ്രസിഡന്റ്), ജീന അറയ്ക്കൽ (സെക്രട്ടറി), ബിൽജ സജിത് (ജോയിന്റ് സെക്രട്ടറി), ലൗലി എള്ളങ്കയിൽ (ട്രഷറർ), ഡോ. നിഷ മാത്യൂസ് (ജോയിന്റ് ട്രഷറർ) എന്നിവർ സത്യപ്രതിജ്ഞ ചെയ്തു.

ഗവേണിങ് ബോഡി അംഗങ്ങൾ: ബിന്ദു വർഗീസ് (A.P.R.N ചെയർ), ഡോ. അനു ബാബു തോമസ് (അവാർഡ് & സ്കോളർഷിപ്പ് ചെയർ), ഗിരിജ ബാബു (അഡ്വക്കസി & പോളിസി ചെയർ), ഡോ. ബുഷ്റ മണക്കാട്ട് (ബൈലോസ് ചെയർ), എബി ഈശോ (കമ്മ്യൂണിക്കേഷൻ & വെബ്സൈറ്റ് ചെയർ), ശോഭാ മാത്യു (എഡിറ്റോറിയൽ & ന്യൂസ്



ലെറ്റർ), സോണി ജോസഫ് (ഇലക്ഷൻ ചെയർ), ഷൈബി റോയ് (ഫണ്ട് റെയ്സിംഗ് & ഫിലാന്ത്രോപ്പി), ഷർമ്മിള തെഹ്ലാൻ (എഡ്യുക്കേഷൻ & പ്രൊഫഷണൽ ഡെവലപ്പ്മെന്റ്), ഡോ. നിത ജോസഫ് (റിസർച്ച് & ഗ്രാന്റ് ചെയർ), എലിസബത്ത് ബെന്നി (മെമ്പർഷിപ്പ് ചെയർ) എന്നിവരും അഡൈ്വസറി ബോർഡ് അംഗങ്ങളായി അക്കാമ്മ കല്ലേൽ, സാലി സാമുവേൽ, ഡോ. ഉമ്മൻ സൈമൺ എന്നിവരുമാണ് ചുമതലയേറ്റത്.




ഹൂസ്റ്റണിലെ പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുത്ത സത്യപ്രതിജ്ഞാ ചടങ്ങിൽ ഇന്ത്യൻ കോൺസൽ പ്രശാന്ത് കെ സോന മുഖ്യപ്രഭാഷണം നടത്തി. പുതിയ പ്രസിഡന്റ് ബിജു ഇട്ടൻ അസോസിയേഷന്റെ ഭാവി പരിപാടികളെ കുറിച്ച് വിശദീകരിക്കുകയും ഏവരുടെയും പിന്തുണ അഭ്യർത്ഥിക്കുകയും ചെയ്തു.

വിശിഷ്ടാതിഥികളായ സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഡിസ്ട്രിക്ട് കോർട്ട് ജഡ്ജ് സുരേന്ദ്രൻ കെ പട്ടേൽ, ഫോർട്ട് ബെന്റ് കൗണ്ടി ജഡ്ജ് ജൂലി മാത്യു ടെക്സസ് യൂണിവേഴ്സിറ്റി അസോസിയേറ്റ് ഡീൻ ഡോ. ദീപു കുര്യൻ, റിട്ടയേഡ് അസോസിയേറ്റ് ചീഫ് നേഴ്സ് (റിസേർച്ച് & ഇ.ബി.പി ചെയർ), ഡോ. ഹ്യുബെർത്ത കൊസാർട്ട് തുടങ്ങിയവർ ആശംസകൾ നേർന്നു. മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹൂസ്റ്റൺ (മാഗ്)പ്രസിഡണ്ട് ജോസ്.കെ.ജോൺ, ഇന്ത്യൻ പ്രസ് ക്ലബ് ഹൂസ്റ്റൺ ചാപ്റ്റർ വൈസ് പ്രസിഡണ്ട് ജീമോൻ റാന്നി, സെക്രട്ടറി മോട്ടി മാത്യു, മറ്റു പ്രമുഖ സാമൂഹ്യ സാംസ്കാരിക നേതാക്കളും സമ്മേളനത്തിൽ പങ്കെടുത്തു.

പരിപാടിയുടെ മുഖ്യ സ്പോൺസർ ആയ സഹാറ ഹോസ്പീസ് കമ്പനി അഡ്മിനിസ്ട്രേറ്റർ റോബിൻ ജോർജിനെ മൊമെന്റോ നൽകി ആദരിച്ചു.

ജിനി അൽഫോൺസോ സ്വാഗതവും ഡോ. അനു ബാബു തോമസ് നന്ദിയും അറിയിച്ചു. മെർലിൻ സാജൻ എംസിയായി പരിപാടികൾ നിയന്ത്രിച്ചു.

ചടങ്ങിന് ശേഷം വിഭവസമൃദ്ധമായ ഉച്ചഭക്ഷണവും ഉണ്ടായിരുന്നു.



# PARK FUNERAL CHAPELS

## Generations of Dignified Personal Service




**Services**

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**

**Tel: (516) 747-4300**

**www.parkfuneralchapels.com**

# 'ലൗ ജിഹാദി'ന് തടയിടാൻ കടുത്ത നിയമം; 'ഘർ വാപസി' യഥേഷ്ടം തുടരട്ടെ...

**എ.എസ് ശ്രീകുമാർ**

വിവാഹത്തിന്റെ മറവിൽ നടക്കുന്നതായി ആരോപിക്കപ്പെടുന്ന മതപരിവർത്തനങ്ങൾക്കെതിരേ നിയമം പാസാക്കണമെന്ന് ആവശ്യപ്പെട്ട് മഹാരാഷ്ട്ര നിയമസഭയിൽ ബി.ജെ.പി അംഗങ്ങൾ സ്വകാര്യബിൽ അവതരിപ്പിച്ചതോടെ 'ലൗ ജിഹാദ്' വിഷയം വീണ്ടും ചർച്ചകൾക്ക് തിരികൊളുത്തിയിരിക്കുന്നു. വിവാഹശേഷം നടക്കുന്ന 'ഏകപക്ഷീയമായ മതപരിവർത്തനങ്ങൾ' തടയുന്നതിനുള്ള നിയമവ്യവസ്ഥകളാണ് ബില്ലിൽ നിർദേശിക്കുന്നത്. മറ്റൊരുമതം സ്വീകരിക്കാനുദ്ദേശിക്കുന്ന ഏതൊരുവ്യക്തിയും കുറഞ്ഞത് 60 ദിവസം മുൻപെങ്കിലും ജില്ലാ മജിസ്ട്രേറ്റിനോട് ഉദ്ദേശ്യം വ്യക്തമാക്കണമെന്നാണ് ബില്ലിലെ ഒരു പ്രധാന നിർദേശം.

സംസ്ഥാനത്ത് ലൗ ജിഹാദുമായി ബന്ധപ്പെട്ട് ഒരുലക്ഷത്തോളം പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് വ്യക്തമാക്കിയിരുന്നു. അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് മാധ്യമപ്രവർത്തകരോട് സംസാരിക്കവെ മഹാരാഷ്ട്രയിൽ ലവ് ജിഹാദ് നിയമത്തിന്റെ ആവശ്യകത അദ്ദേഹം ആവർത്തിക്കുകയും ചെയ്തു. ലൗ ജിഹാദുമായി ബന്ധപ്പെട്ട നിയമങ്ങൾ പഠിക്കുന്നതിനായി ഫെബ്രുവരിയിൽ സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് പഠിച്ച ശേഷം സർക്കാർ തുടർനടപടികൾ പരിഗണിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ലൗ ജിഹാദ്, നിർബന്ധിത മതപരിവർത്തനം എന്നിവയിൽ ഏർപ്പെടുന്നവർക്ക് വധശിക്ഷ നൽകാൻ നിയമം ഭേദഗതി ചെയ്യുമെന്നാണ് മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവിന്റെ നിലപാട്. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ബലാത്സംഗം ചെയ്യുന്നവർക്ക് വധശിക്ഷ നൽകുന്നതുപോലെ, ഇനി മുതൽ ലൗ ജിഹാദിലും നിർബന്ധിത മതപരിവർത്തനത്തിലും ഉൾപ്പെടുന്നവർക്കും വധശിക്ഷ നൽകുമെന്നും ഇതുസംബന്ധിച്ച് മധ്യപ്രദേശ് മതസ്വാതന്ത്ര്യ നിയമത്തിൽ ഭേദഗതി വരുത്തുമെന്നും മോഹൻ യാദവ് വ്യക്തമാക്കി.




മുസ്ലീം വിദ്വേഷ പ്രസംഗത്തിൽ ജാമ്യം ലഭിച്ചെങ്കിലും വീണ്ടും വിവാദ പ്രസംഗവുമായി ബി.ജെ.പി നേതാവ് പി.സി ജോർജ് രംഗത്തുവന്നു. ലൗ ജിഹാദിലൂടെ കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ മാത്രം 400 പെൺകുട്ടികളെ നഷ്ടപ്പെട്ടുവെന്നാണ് പി.സി ജോർജ് പറഞ്ഞത്. 41 പേരെ മാത്രമാണ് തിരികെ കിട്ടിയതെന്നും ക്രിസ്ത്യാനികൾ 24 വയസിന് മുമ്പ് പെൺകുട്ടികളെ കല്യാണം കഴിപ്പിക്കാൻ തയ്യാറാകണമെന്നും

പി.സി ജോർജ് പറയുന്നു. കഴിഞ്ഞ ദിവസം ഈരാറ്റുപേട്ടയിൽ പിടികൂടിയ സ്ഫോടക വസ്തുക്കൾ കേരളം മുഴുവൻ കത്തിക്കാനുള്ളതുണ്ടെന്നും അത് എവിടെ കത്തിക്കാൻ ആണെന്നും അറിയാമെന്നും പക്ഷേ പറയുന്നില്ലെന്നും പി.സി പറഞ്ഞു.

ലൗ ജിഹാദിനെതിരെയുള്ള പോരാട്ടത്തിൽ ഹൈന്ദവ സഹോദരങ്ങളെ കൂടെകൂട്ടണമെന്നും അതല്ലാതെ രാജ്യത്ത് രക്ഷയില്ലെന്നുമാണ് പി.സിയുടെ അഭിപ്രായം. കേരളത്തിലെ ബി.ജെ.പി ഘടകം ക്രൈസ്തവ സഭകളുമായി ചങ്ങാത്തം കൂടാനുള്ള പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കെ, സംഘപരിവാർ ശക്തികളുടെ 'ഘർവാപ്പസി'യും വിമർശിക്കപ്പെടുന്നുണ്ട്. ബി.ജെ.പി ഭരിക്കുന്ന മധ്യപ്രദേശിലെ സ്കൂളുകളിൽ ക്രിസ്മസ് ആഘോഷങ്ങൾക്ക് നിയന്ത്രണങ്ങളും വിലക്കുകളും ഏർപ്പെടുത്തി വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മധ്യപ്രദേശിലെ ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളുകളെയാണ് ഈ നിയന്ത്രണങ്ങൾ ഏറെയും ബാധിക്കുന്നത്. ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി കുട്ടികൾ സാന്താ ക്ലോസ്, കന്യാമറിയം, ജോസഫ്, ആട്ടിടയന്മാർ തുടങ്ങിയ വേഷങ്ങൾ ധരിക്കുന്നതിന് മാതാപിതാക്കളുടെ മുൻകൂർ അനുമതി വാങ്ങണമെന്നായിരുന്നു വിദ്യാഭ്യാസ വകുപ്പിന്റേയും ബാലാവകാശ കമ്മിഷന്റെയും ഉത്തരവ്.

ബി.ജെ.പി ഭരിക്കുന്ന ഉത്തർപ്രദേശ്, ഛത്തീസ്ഗഡ്, മധ്യപ്രദേശ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ക്രിസ്ത്യാനികൾക്കും അവരുടെ സ്ഥാപനങ്ങൾക്കുമെതിരെ ഹിന്ദുത്വ ശക്തികളിൽ നിന്ന് അക്രമങ്ങളും വിവേചനങ്ങളും അരങ്ങേറുന്നതായി റിപ്പോർട്ടുകളുണ്ട്. ഛത്തീസ്ഗഡിലെ ഗോത്രവർഗ ക്രൈസ്തവർ താമസിക്കുന്ന ബസ്തർ ജില്ലയിൽ ക്രിസ്മസ് ആഘോഷങ്ങൾ ഒഴിവാക്കാൻ ക്രൈസ്തവർക്ക് മുന്നറിയിപ്പ് നൽകിയ സംഘപരിവാർ സംഘടനകൾ, ക്രൈസ്തവ വിശ്വാസത്തിൽ നിന്ന് ഹിന്ദു വിശ്വാസത്തിലേക്ക് ഗോത്രവർഗക്കാർ മടങ്ങി വരണമെന്ന് ആവശ്യപ്പെടുന്നുമുണ്ട്. 2024-ൽ ഇന്ത്യയിൽ ക്രൈസ്തവർക്കെതിരെ 834 അതിക്രമങ്ങൾ നടന്നതായി യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം റിപ്പോർട്ട് ചെയ്തിരുന്നു.

രാജ്യത്തിന്റെ മതേതര സങ്കൽപ്പത്തിന് കളങ്കം ചാർത്തുന്നതും വലിയ വിവാദങ്ങൾ ക്ഷണിച്ചുവരുത്തുന്നതുമാണ് സംഘപരിവാർ സംഘടനകളായ വിശ്വ ഹിന്ദു പരിഷത്ത്, ആർ.എസ്.എസ്. തുടങ്ങിയ ഹിന്ദുത്വ സംഘടനകൾ നേതൃത്വം നൽകുന്ന ഘർവാപ്പസി. ഹിന്ദു മതത്തിൽ നിന്ന് മതം മാറി മറ്റ് മതങ്ങൾ സ്വീകരിച്ചവരെ വീണ്ടും ഹിന്ദു മതത്തിലേക്ക് കൂട്ട മതപരിവർത്തനം നടത്തുന്ന ചടങ്ങാണ് ഘർവാപസി. ഇതിന്റെ മലയാള അർത്ഥം 'വീട്ടിലേക്കുള്ള മടക്കം' എന്നാണ്.



കേരളത്തിലെ എല്ലാ മിശ്രവിവാഹങ്ങളെയും ലൗ ജിഹാദെന്നും ഘർവാപസിയെന്നും വൈകാരികമായി അവതരിപ്പിക്കാനുള്ള നീക്കങ്ങൾ അപരപ്പിക്കുന്നതാണെന്നും പ്രണയത്തിന് അതിർവരമ്പില്ലെന്നും ഹൈക്കോടതി നേരത്തെ നിരീക്ഷിച്ചിരുന്നു. ലൗ ജിഹാദും ഘർ വാപസിയും വാർത്തകളിൽ നിറഞ്ഞിട്ട് കാലം കുറേയായി. കേരളത്തിലും കർണ്ണാടകയിലും മുസ്ലീങ്ങളല്ലാത്ത യുവതികളെ പ്രണയം നടിച്ച് ഇസ്ലാം മതത്തിലേക്ക് പരിവർത്തനം ചെയ്യുവാനായി സംഘടിത തീവ്രവാദ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന ആരോപണത്തെ തുടർന്ന് ഉയർന്നു വന്നതാണ് ലൗ ജിഹാദ് വിവാദം.

കർണ്ണാടകയിലെയും കേരളത്തിലെയും ഹിന്ദു ജനജാഗ്രത സമിതി, ക്ഷേത്ര സംരക്ഷണ സമിതി തുടങ്ങിയ സംഘടനകൾ ഇതുമായി ബന്ധപ്പെട്ട ആരോപണങ്ങളുമായി രംഗത്ത് വന്നതോടെ വിവാദം ചൂടുപിടിച്ചു. മുസ്ലിം പുരുഷനും അമുസ്ലിം സ്ത്രീയും തമ്മിലുള്ള, മതപരിവർത്തനത്തിനു വേണ്ടിയെന്നാരോപിക്കപ്പെടുന്ന, വിവാദപരമായ പ്രണയബന്ധങ്ങളെ സൂചിപ്പിക്കാനാണ് കേരളത്തിലെ മാധ്യമങ്ങൾ 'ലൗ ജിഹാദ്' എന്ന സംജ്ഞ ഉപയോഗിച്ചത്.

വിവാദത്തെത്തുടർന്ന് ലൗ ജിഹാദിനെ കുറിച്ചും അങ്ങനെയുള്ളവരുണ്ടെങ്കിൽ അവർക്കുള്ള ദേശീയ-അന്തർദ്ദേശീയ ബന്ധവും അത്തരക്കാർക്ക് മയക്കുമരുന്ന്-കൊള്ള സംഘങ്ങൾ തുടങ്ങിയവരുമായുള്ള ബന്ധങ്ങളും അന്വേഷിക്കണമെന്ന് വർഷങ്ങൾക്ക് മുമ്പ് കേരള ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ഡി.ജി.പി. ജേക്കബ് പുന്നൂസ് ഹൈക്കോടതിയിൽ നടത്തിയ സത്യവാങ് മൂലത്തിൽ ഇത്തരത്തിൽ സംഘടനകൾ കേരളത്തിൽ ഉള്ളതിനു തെളിവില്ലെന്നു വ്യക്തമാക്കി. കള്ളക്കടത്ത്, മയക്കുമരുന്ന് വ്യാപാരം, ഭീകര പ്രവർത്തനങ്ങൾ തുടങ്ങിയ ആരോപിതമായ പ്രവർത്തനങ്ങളുമായി വിവാദ മിശ്രവിവാഹങ്ങൾക്ക് ബന്ധമുണ്ടെന്നതിന് തെളിവുകളില്ലെന്നും എന്നാൽ ഇത്തരത്തിൽ ചില ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന് സ്ഥിരീകരിക്കപ്പെടാത്ത വിവരങ്ങൾ ഉണ്ടെന്നും ഡി.ജി.പിയുടെ സത്യവാങ്മൂലത്തിലുണ്ടായിരുന്നു.

ഉത്തരേന്ത്യയിൽ ഘർവാപസി വ്യാപകമായത് 2014 കാലഘട്ടത്തിലാണ്. ഉത്തർപ്രദേശിലെ ഫൈസാബാദിൽ 43 മുസ്ലീം മതവിശ്വാസികൾ ഹിന്ദുമതം സ്വീകരിച്ചവാർത്ത അക്കാലത്ത് മാധ്യമങ്ങളിൽ വന്നു. ഫൈസാബാദിലെ അംബേദ്ക്കർ നഗറിൽ നിന്നുള്ള മുസ്ലീംങ്ങളാണ് ഹിന്ദുമതം സ്വീകരിച്ചിച്ചത്. ഫൈസാബാദിലെ ഒരു ക്ഷേത്രത്തിൽ വെച്ചായിരുന്നു ഘർവാപസി നടന്നത്. അംബേദ്ക്കർ നഗറിന്റെ ചുമതലയുള്ള ആർ.എസ്.എസ് നേതാവ് സുരേന്ദ്രകുമാറാണ് ഘർവാപസിക്ക് നേതൃത്വം നൽകിയത്. പിന്നീടത് തുടർക്കഥയായി. കേരളത്തിൽ പലയിടത്തും ഘർവാപസി നടന്നു. വിശ്വഹിന്ദു പരിഷത്ത്, ശിവസേന, ആർ.എസ്.എസ് പ്രവർത്തകരുടെ നേതൃത്വത്തിലാണ് മതംമാറ്റൽ. ഹിന്ദുവായില്ലെങ്കിൽ ഭയത്തോടെ ജീവിക്കേണ്ടി വരുമെന്ന് വിശ്വസിപ്പിച്ചും ഭീഷണിപ്പെടുത്തിയുമാണ് ഘർ വാപസി നടത്തുന്നത്.



MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



### സാജു വർഗീസ്

ഒഹായോ: മാവേലിക്കര ചെറുകോൽ സ്വദേശിയായ സാജു വർഗീസ് (46) അന്തരിച്ചു. ഉറക്കത്തിനിടെ ഉണ്ടായ ഹൃദയാഘാതമാണ് മരണകാരണമെന്ന് കരുതുന്നു. ഒഹായോ സ്റ്റേറ്റിലെ ഡേറ്റൺ സിറ്റിയിൽ കുടുംബത്തോടൊപ്പം താമസിച്ചു വരികയായിരുന്നു.മക്കൾ: അലൻ വി.സാജു, ആൻഡ്രിയ മറിയം സാജു. മാവേലിക്കര ചെറുകോൽ മുള്ളൂറ്റിൽ ചാക്കോ വർഗീസ്, പൊന്നമ്മ എന്നിവരാണ് മാതാപിതാക്കൾ. സന്തോഷ്, ഷെറിൻ എന്നിവർ സഹോദരങ്ങളാണ്.നാട്ടിൽ ചെറുകോൽ മാർത്തോമ്മാ പള്ളിയിലെ അംഗങ്ങളാണ് സാജുവും കുടുംബവും.

### ഇ.ഐ.നാസർ

കാഞ്ഞിരപ്പള്ളി:മുഞ്ഞനാട്ട് ഇ.ഐ.നാസർ (57) അന്തരിച്ചു.



### അന്നമ്മ മാത്യു

കോട്ടയം: കൈപ്പുഴ പാലത്തുരുത്ത് പൗവ്വത്തേൽ പി. ജെ മാത്യുവിന്റെ ഭാര്യ അന്നമ്മ മാത്യു (75) അന്തരിച്ചു പരേത സംക്രാന്തി കുന്നുമാംതൊട്ടിയിൽ കുടുംബാംഗമാണ്. മക്കൾ: ജോസഫ് (മജു), ജിജോ, ജിഷ (യു.കെ). മരുമക്കൾ: പരേതയായ മേഴ്സി പുത്തൻപുരയ്ക്കൽ കുറുമുള്ളൂർ, ജെനി പുത്തൻപറമ്പിൽ (വെള്ളിയാൻ) ഒളശ്ശ, റോബി ജോസ് വാഴയിൽ മ്രാല (യു.കെ).

### മറിയക്കുട്ടി

വാകത്താനം:വിലങ്ങൻപാറ വി.സി.അന്ത്രയോസിന്റെ ഭാര്യ മറിയക്കുട്ടി അന്ത്രയോസ് (64) അന്തരിച്ചു. കുറിച്ചി മുക്കാട്ടു കുടുംബാംഗമാണ്. മക്കൾ: അനൂപ്, അഖിൽ (വാകത്താനം സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക്). മരുമക്കൾ: കറ്റോട് തേക്കുംമൂട്ടിൽ വർഷ,



### ജോൺ വർഗീസ്

ചിക്കാഗോ: ഗിൽഗാൽ പെന്തകോസ്ത് ചർച്ച് സഭാംഗമായ ജോൺ വർഗീസ് (കുഞ്ഞുമോൻ, വക്കീഗൻ) ഇന്ന് രാവിലെ നിത്യതയിൽ പ്രവേശിച്ചു. കഴിഞ്ഞ 35 ൽ പരം വർഷങ്ങളായി ചിക്കാഗോയിലെ വിവിധ പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായിരുന്ന പരേതൻ അടുത്ത സമയത്ത് ഭവനത്തിൽ വിശ്രമത്തിൽ ആയിരുന്നു. ആദ്യകാല എറണാകുളം ഐപിസി സഭാംഗമാണ്. തിരുവനന്തപുരം എറണാകുളം എയർപോർട്ടുകളിലെ സീനിയർ ഏവിയേഷൻ മാനേജർ ആയിരുന്നു. മക്കൾ: ജോ, ജോർജ്, ജിലു. മരുമക്കൾ: ജിൻസി, സാബു. മൊട്ടക്കൽ കുടുംബാംഗമാണ്.

### അന്നമ്മ

വയലാ: പരേതനായ ദേവസ്യയുടെ ഭാര്യ അന്നമ്മ (97) അന്തരിച്ചു.



### തങ്കമ്മ ഫിലിപ്പ്

സാൻഹൊസെ (കാലിഫോർണിയ): മഠത്തിലേട്ട് പരേതനായ എം. എം ഫിലിപ്പിന്റെ ഭാര്യ തങ്കമ്മ ഫിലിപ്പ് (96) സാൻഹൊസെയിൽ അന്തരിച്ചു. പരേത തിരുവൻവണ്ടൂർ (തിരുവല്ല) തോപ്പിൽ കുടുംബാംഗമാണ്. മക്കൾ: ബാബു മഠത്തിലേട്ട് (ന്യൂയോർക്ക്), കുഞ്ഞൂഞ്ഞമ്മ മഠത്തിലേട്ട് (സാൻഹൊസെ), ലൗസി കറ്റുവീട്ടിൽ (സാൻഹൊസെ), ബെന്നി മഠത്തിലേട്ട് (സാൻഹൊസെ), സുജ ഉള്ളാട്ടിൽ (സാൻഹൊസെ). മരുമക്കൾ: ജെസ്സി മങ്ങാട്ട്, മാത്തുക്കുട്ടി കറ്റുവീട്ടിൽ, സെൽബി വലിയപറമ്പിൽ, ഷിബു ഉള്ളാട്ടിൽ.

### ശാന്ത നന്ദനൻ

കാരിക്കോട്:പുതുമലക്കുഴിയിൽ പരേതനായ നന്ദനന്റെ ഭാര്യ ശാന്ത നന്ദനൻ (71) അന്തരിച്ചു.



### തോമസ് വർഗീസ്

വിയപുരം, മീനത്തേതിൽ തോമസ് വർഗീസ് (രാജൻ, 86) ബോസ്റ്റണിൽ അന്തരിച്ചു. സഹധർമണി: മേരി കുട്ടി (പുനലൂർ).മക്കൾ: ഷാജി, സൂസൻ, എലിസിബെത്. മരുമക്കൾ: റീന, മാർട്ടിൻ.

### കെ.പി.ഇന്ദിര

ഏറ്റുമാനൂർ:കൊച്ചുവീട്ടിൽ കെ.പി.ഇന്ദിര (92) ബെംഗളൂരുവിൽ അന്തരിച്ചു.

### അന്നമ്മ ആന്റണി

അതിരമ്പുഴ:കരിവേലിമലയിൽ അന്നമ്മ ആന്റണി (78) അന്തരിച്ചു. ഭർത്താവ്: പരേതനായ കെ.എസ്.ആന്റണി. മക്കൾ: കെ.എ. ബാബു, ,സാബു ആന്റണി (രംഗോലി പൗഡർ കോട്ടിങ്), സിബി ആന്റണി (കോഓപ്പറേറ്റീവ് സൊസൈറ്റി അതിരമ്പുഴ). മരുമക്കൾ: മേഴ്സി ബാബു, കെ.പി.സുമ(സർവേ ഡിപ്പാർട്മെന്റ് കോട്ടയം), ലൂബി സിബി.



### ഗ്രേസി തോമസ്

ന്യൂയോർക്ക് : കല്ലിശ്ശേരി പാറയിൽ തോമസ് സ ്കറിയയുടെ ഭാര്യ ഗ്രേസി തോമസ് (കുഞ്ഞുമോൾ -81) ന്യൂയോർക്കിൽ അന്തരിച്ചു. മൈലപ്ര ഒട്ടമൂട്ടിൽ കുടുംബാംഗമാണ്. ശാലേം പെന്തക്കോസ്തൽ റ്റാബർനാക്കൾ സഭാംഗമാണ്. മക്കൾ: ലീമ, ലിൻഡ, മില്ലെറ്റ്.മരുമക്കൾ: ബാഷു, സണ്ണി, ബൈജു കൊച്ചുമക്കൾ: സ്റ്റഫാനി, ഹന്ന, കാലെബ്, ലിഡിയ, ഷാൻ, ലോറെൻ, ലാൻസ്, ഡാനി, ജോയൽ, കൈല.

### നൈനാൻ മാത്യു

പാമ്പാടി:വെള്ളിലാവുങ്കൽ നൈനാൻ മാത്യു (69) അന്തരിച്ചു ഭാര്യ: പിണർകുടിയിൽ സാറാമ്മ തോമസ്. മക്കൾ: ജിൻസി നൈനാൻ (കനറാ ബാങ്ക് പോണ്ടിച്ചേരി), ജിതിൻ നൈനാൻ. മരുമക്കൾ: ലിമേഷ് മാത്യു , അൻസു സൂസൻ



### എലിക്കുട്ടി ജോസഫ്

ഡാളസ്/തൊടുപുഴ: തൊടുപുഴ കരിമണ്ണൂർ പന്നൂർ വടക്കേൽ പരേതനായ ഔസേപ്പ് ജോസഫിന്റെ ഭാര്യ എലിക്കുട്ടി ജോസഫ് (86) അന്തരിച്ചു. പന്നൂർ കാനാപറമ്പിൽ കുടുംബാംഗമാണ്. ഡാളസിലെ സാമൂഹ്യ സാംസ്കാരീക സാഹിത്യ രംഗത്തെ സജീവ സാന്നിധ്യമായ ജെയിൻ മാത്യു മുണ്ടക്കലിന്റെ ഭാര്യാ മാതാവാണ്. മക്കൾ: ഫ്ലവർലെറ്റ് (റിട്ട. ലഫ്റ്റനന്റ് കേണൽ), ക്ലാരറ്റ് ജെ വടക്കേൽ (ഡാളസ് യു.എസ്.എ), തോമസ് അക്വീനാസ് (മാധ്യമം ബ്യൂ റോ), ക്ലീറ്റസ് ജോസഫ് വടക്കേൽ, ക്ലമന്റ് ജോസഫ് (ബിസിനസ്- ഛത്തീസ്ഗഡ്). മരുമക്കൾ: ജെയിൻ മാത്യു മുണ്ടക്കൽ-അതിരമ്പു ഴ (ഡാളസ് ), ആനി തോമസ് സിജി ക്ലീറ്റസ് തലച്ചിറ, മഞ്ചു ക്ലമന്റ് പഴേപറമ്പിൽ (പാല).



### കെ.സി.സൈമൺ

കിടങ്ങൂർ: കെ.സി.സൈമൺ കടുതോടിൽ (96) നിര്യാതനായി. സംസ്കാരം പിന്നീട് കിടങ്ങൂർ സെന്റ് മേരീസ് ക്നാനായ ഫൊറോന പള്ളിയിൽ.

### ടി.കെ.സാലു

തലയോലപ്പറമ്പ്:വരിക്കാംകുന്ന് താഴത്ത് വീട്ടിൽ പരേതനായ കുര്യാക്കോസിന്റെയും മേരിയുടെയും മകൻ ടി.കെ.സാലു (46) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ. കൊച്ചേരി മുണ്ടവേലി സോണി. മക്കൾ: ലിയ, ക്രിസ്റ്റി.

### സി.സി.ജോർജ്

പാമ്പാടി-വെള്ളൂർ-ചേർക്കമറ്റം സി.സി.ജോർജ് (72) അന്തരിച്ചു. ഭാര്യ: നെടുംമണ്ണി വിലങ്ങുപാറ ലീലാമ്മ ജോർജ്. മക്കൾ: ജിനു (മുംബൈ), ജിജോ (നെടുങ്കണ്ടം), ജിഷ (നെടുമാവ്). മരുമക്കൾ: നിസ്സി,കിമാനി (അധ്യാപിക) രാജേഷ് (നെടുമാവ്).



### ഡോ. മറിയാമ്മ അലക ്സാണ്ടർ

പെരുമ്പാവൂർ :പ്രശസ്ത അനസ്തീസിയോളജിസ്റ്റ് എറണാകുളം ചൂളയ്ക്കൽ പുത്തൻ വീട്ടിൽ ഡോ. മറിയാമ്മ അലക്സാണ്ടർ (86) ചെമ്പറക്കി ബ്ലസ് റിട്ടയർമെന്റ് ഹോമിൽ അന്തരിച്ചു. ഭർത്താവ്: കാർഡിയോ-തൊറാ സിക് സർജൻ പരേതനായ ഡോ. ഫിലിപ്പ് അലക്സാണ്ടർ. മക്കൾ: ഡോ. ഫിലിപ്പ് ജോസഫ് അലക്സാ ണ്ടർ, ഡോ.ബിന്ദു അലക്സാണ്ടർ. മരുമക്കൾ: ദീപ അലക്സാണ്ടർ, അങ്കുഷ് പട്ടേൽ (എല്ലാവരും യു എസ്).

### ജോൺ മാത്യു

മുട്ടുചിറ:കൈത്തോട്ടുങ്കൽ ജോൺ മാത്യു (73) അന്തരിച്ചു. ഭാര്യ: വത്സമ്മ ജോൺ. മക്കൾ: നിമ്മി, പരേതനായ നോബിൾ. മരുമകൻ: ജയ്കോ.



### ജോസഫ്

കൊളോൺ : ജോസഫ് വടക്കേമുറിയിൽ (കുഞ്ഞേപ്പ്, 77) മാർച്ച് 12 ന് അന്തരിച്ചു. കോട്ടയം ജില്ലയിലെ തീക്കോയിക്കടുത്തുള്ള അടുക്കമാണ് സ്വദേശം. ഭാര്യ ശോശാമ്മ റാന്നി കരികുളം, കാഞ്ഞിക്കാവിൽ കുടുംബാംഗം. ഏക മകൻ റെജി. ലേനാ മരുമകൾ. നീല, ടോം, നവ്യ എന്നിവർ കൊച്ചുമക്കളാണ്.

### വി.വി.ജോസഫ്

കോട്ടയം:വിദ്യാഭ്യാസ വകുപ്പ് റിട്ട. സീനിയർ സൂപ്രണ്ട് ഗാന്ധിനഗർ വാലയിൽ വി.വി.ജോസഫ് (തമ്പിക്കുഞ്ഞ് 88) അന്തരിച്ചു. ഭാര്യ: മണർകാട് പുത്തൻപുരയ്ക്കൽ പരേതയായ ശോശ ജോസഫ്. മക്കൾ: ബിന്ദു ഡേവിഡ് (ന്യൂയോർക്ക്), ബിനോ ജോസഫ് (ടെക്സസ്), ബോബി ജോസഫ് (ഓസ്ട്രേലിയ).


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
MediaAppUSA
Call 1-917-900-2123 for Advertisements & News